പുസ്തകം 49 ♦ ലക്കം 1
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
ഏപ്രിൽ 2009

പഞ്ചായത്ത് രാജ്

കമ്പ്യൂട്ടർവൽക്കരണവും ജനസൗഹൃദ പഞ്ചായത്തും

വികേന്ദ്രീകൃത വികസന കമ്മിറ്റി റിപ്പോർട്ട് - ഒരു സംഗ്രഹം

ജനകീയാസൂത്രണം ഹിമാലയ മലനിരകളിലും

തേൻകിനിയും ഗ്രാമങ്ങൾ

വിഷു ആശംസകൾ......!

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം**

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 കമ്പ്യൂട്ടർവൽക്കരണവും ജനസൗഹൃദ പഞ്ചായത്തും
പാലോളി മുഹമ്മദ് കുട്ടി



8 ജനകീയാസൂത്രണം ഹിമാലയ മലനിരകളിലും
ഡോ. പി.പി. ബാലൻ

11 വികേന്ദ്രീകൃത വികസന കമ്മിറ്റി റിപ്പോർട്ട് - ഒരു സംഗ്രഹം
ഡോ. എം.എ. ഉമ്മൻ

14 പഞ്ചായത്തുകൾ കാര്യക്ഷമമാകാൻ
പ്രൊഫ. പി.കെ. രവീന്ദ്രൻ

16 വയനാടിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ്
എ.എൻ. പ്രഭാകരൻ

18 കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് വൈകല്യത്തെ വെല്ലുവിളിച്ച് ബഡ്സ്
കരിവെള്ളൂർ വിജയൻ

20 ഇടമലക്കുടി - ഒരു യാത്രാനുഭവം
സി. ശശി

22 ഞങ്ങൾ പരീക്ഷയെഴുതുകയാണ്
എം.കെ. ഹക്ക്

24 തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ
മുരളീധരൻ തഴക്കര

26 റോഡ് നമ്മുടെ തറവാട്
ബാലചന്ദ്രമേനോൻ

28 സ്ത്രീ മുന്നേറ്റം തൊഴിലുറപ്പു പദ്ധതിയിലൂടെ
അജിത് വെണ്ണിയൂർ

30 പഞ്ചായത്ത് അക്കൗണ്ട് ചോദ്യങ്ങളും ഉത്തരങ്ങളും
ഉദയഭാനു കണ്ടേത്ത്

34 കുട്ടികളിലെ അപസ്മാരം
ഡോ. തോമസ് വർഗ്ഗീസ്

35 തേൻ കിനിയും ഗ്രാമങ്ങൾ
ജെസി നാരായണൻ

38 വിഷു ഒരു ദേശീയ കാർഷികോത്സവം
ഡോ. എം.എസ്. രാധാകൃഷ്ണപിള്ള

40 തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ
റോയ് ചാക്കോ ഇളമണ്ണൂർ

42 വാർത്തകൾ വിശേഷങ്ങൾ

കത്തുകൾ

പഞ്ചായത്ത് രാജ് മാസികയിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ, തേഞ്ഞുമാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ എന്നീ പരമ്പരകൾ വളരെ വിജ്ഞാനപ്രദവും പുതുതലമുറയ്ക്ക് അറിവ് പകരുന്നതുമാണ്. തമിഴ്നാട്ടിലെ എല്ലാ ജില്ലകളെപ്പറ്റിയും വിനോദസഞ്ചാരകേന്ദ്രങ്ങളെപ്പറ്റിയും എഴുതുമെന്ന് കരുതട്ടെ.

ഷാജി, ബിസ്മി, *ചങ്ങനാശ്ശേരി*

പഞ്ചായത്ത് രാജ് മാസികയുടെ ഫെബ്രുവരി ലക്കത്തിൽ ഡോ. പി.പി. ബാലൻ എഴുതിയ 'ദേശീയ തൊഴിലുറപ്പു പദ്ധതി – ഇതര സംസ്ഥാനങ്ങളിലെ അനുഭവങ്ങൾ' എന്ന ലേഖനം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ NREGA നടത്തിപ്പിനെക്കുറിച്ച് ഒരു ചിത്രം നൽകി. ആന്ധ്രാപ്രദേശിലെ സോഷ്യൽ ആഡിറ്റിനെക്കുറിച്ച് കൂടുതൽ അറിയുവാൻ താല്പര്യമുണ്ട്. വരും ലക്കങ്ങളിൽ NREGA യെ സംബന്ധിച്ച് മറ്റ് സംസ്ഥാനങ്ങളിലെ അനുഭവങ്ങൾ കൂടുതൽ വിശദമായി പ്രതിപാദിക്കുന്ന ലേഖനങ്ങൾ പ്രസിദ്ധീകരിക്കുമല്ലോ.

ബിജു. സി.എച്ച്, *വാളകം*

പഞ്ചായത്ത് രാജ് മാസികയുടെ മാർച്ച് ലക്കം കണ്ടു. ഫ്രണ്ട് ഓഫീസ് മാനേജ്മെന്റിനെക്കുറിച്ച് എൻ. സുരാജും വിനോദ്കുമാറും എഴുതിയ ലേഖനങ്ങൾ വിജ്ഞാനപ്രദമായിരുന്നു. മിനിസെക്രട്ടറിയേറ്റുകൾ എന്നറിയപ്പെടുന്ന ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ ഇത്തരമൊരു സംരംഭം ജനോപകാരപ്രദമാണ്. ഇതിനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ പ്രസ്തുതലേഖനങ്ങൾ സഹായിച്ചു. ഇനിയും ഇത്തരം ലേഖനങ്ങൾ പ്രതീക്ഷിക്കുന്നു.

റ്റി.ആർ. അനിൽകുമാർ, *നന്ദനം, നെടുമങ്ങാട്*

മാർച്ച് ലക്കത്തിലെ "ആരോഗ്യം" പംക്തിയിലെ ആസ്തമയെക്കുറിച്ചുള്ള ലേഖനം വളരെ പ്രയോജനപ്രദമായിരുന്നു. ജീവിതത്തിന്റെ നല്ല സമയം മുഴുവനും സർക്കാർ സേവനം ചെയ്ത് സർവ്വീസിൽ നിന്നും പിരിയുന്ന ജീവനക്കാർക്ക് വാർദ്ധക്യത്തിൽ കൂട്ടിനു കിട്ടുന്നത് പലവിധ അസുഖങ്ങളാണ്. മിക്കവാറും അസുഖങ്ങളും ഉണ്ടാകുന്നത് വാർദ്ധക്യകാലത്താണെങ്കിലും ആസ്തമ പോലുള്ള അസുഖങ്ങൾ ഓഫീസിലെ വൃത്തിഹീനവും പൊടിപിടിച്ചതുമായ അന്തരീക്ഷത്തിൽ നിന്നാണ് ഉടലെടുക്കുന്നത്. ഈ സാഹചര്യത്തിൽ 'ആരോഗ്യം' പോലുള്ള പംക്തികൾ പഞ്ചായത്ത് രാജ് മാസികയിൽ ആരംഭിച്ചത് അഭിനന്ദനാർഹം തന്നെ.

ബിന്ദു, *സരസ്വതി വിലാസ്, പൂജപ്പുര, തിരുവനന്തപുരം*

പഞ്ചായത്ത് രാജ് മാസികയിലെ അജിത് വെണ്ണിയൂരിന്റെ ലേഖനപരമ്പര 'തൊഴിലുറപ്പ് പദ്ധതിയിലെ കേരള മാതൃകകൾ' ഉന്നത നിലവാരം പുലർത്തുന്നു. സർക്കാർ പദ്ധതികൾ കടലാസിലൊതുങ്ങാതെ വിവിധ മേഖലകളിൽ ഫലപ്രദമായി ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പിലാക്കി വരുന്നു എന്ന് ജനങ്ങൾക്ക് മനസ്സിലാക്കാൻ ഈ ലേഖനപരമ്പര സഹായിക്കുന്നു. മാർച്ച് ലക്കത്തിലെ 'ദിശാബോധം നല്കുന്ന നീർത്തട വികസന പദ്ധതികൾ' എന്ന ലേഖനം, തൊഴിലുറപ്പു പദ്ധതിയുടെ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി നീർത്തടവികസനവും വിഭവ പരിരക്ഷയും സാദ്ധ്യമാകുന്ന പദ്ധതികൾ നടപ്പിലാക്കിയതുവഴി ജനകീയാസൂത്രണ പദ്ധതിയിലെ വ്യത്യസ്തമായ രണ്ടു പ്രവർത്തനങ്ങളുടെ ഫലപ്രദമായ ഏകോപനം സാദ്ധ്യമാകുന്നതെങ്ങനെ എന്ന് വ്യക്തമാക്കുന്നു. കെട്ടിലും മട്ടിലും മറ്റ് സർക്കാർ പ്രസിദ്ധീകരണങ്ങളിൽ നിന്ന് വ്യത്യസ്തത പുലർത്തുന്ന പഞ്ചായത്ത് രാജ് മാസികയ്ക്ക് ഭാവുകങ്ങൾ നേരുന്നു.

അരവിന്ദ്, *ശ്രീനിലയം, അരുവിക്കര*

ഔട്ട്ലുക്ക് സാപ്താഹിക് മാസികയിൽ പ്രസിദ്ധീകരിച്ചിരുന്ന അമൃതമഥനം എന്ന ലേഖന പരമ്പര വിവർത്തനം ചെയ്ത് പഞ്ചായത്ത് രാജ് മാസികയിൽ പ്രസിദ്ധീകരിച്ചത് നന്നായി. ഭരണഘടനാ ഭേദഗതി നടപ്പിൽ വന്ന് ഒന്നര ദശാബ്ദക്കാലം കഴിഞ്ഞിട്ടും കേരളം, കർണ്ണാടകം, പശ്ചിമബംഗാൾ പോലെ വിരലിലെണ്ണാവുന്ന ചില സംസ്ഥാനങ്ങളിലൊഴികെ ത്രിതല പഞ്ചായത്ത് സംവിധാനം ഭരണഘടനാ ഭേദഗതിയുടെ അന്തഃസത്തയ്ക്കനുസൃതമായി നിലവിൽ വന്നിട്ടില്ലെന്നത് ദുഃഖകരമാണ്. ജനങ്ങൾ തെരഞ്ഞെടുത്ത ജനപ്രതിനിധികൾക്ക് വികസന കാര്യങ്ങളിൽ യാതൊരു ഇടപെടലിനും സാദ്ധ്യതയില്ലാതെ ഉദ്യോഗസ്ഥപ്രഭുത്വമാണ് വടക്കേ ഇന്ത്യയിൽ പരക്കെ നിലനില്ക്കുന്നതെന്ന് ലേഖനങ്ങളിൽ നിന്നും മനസ്സിലാക്കുന്നു. ഇതിനൊരു മാറ്റം എന്ന് ഉണ്ടാകാനാണ് ?

തോമസ് ജോൺ, *കൊടുമൺ*

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഏപ്രിൽ 2009
പുസ്തകം 49
ലക്കം 1
വാർഷിക വരിസംഖ്യ 120 രൂപ
www.lsg.kerala.gov.in

ഉപദേശക സമിതി

ചെയർമാൻ
പാലോളി മുഹമ്മദ്കുട്ടി
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
എസ്.എം. വിജയാനന്ദ്, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്

പി.കെ. ലാൽ
ഡയറക്ടർ–ഇൻ–ചാർജ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

കെ. നാരായണൻ
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

എം. വി. ഗിരീഷ് കുമാർ
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ. വി.എം. ഗോപാലമേനോൻ, IAS
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ. വി.എം. ഗോപാലമേനോൻ, IAS
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
e-mail: pub.off@gmail.com
Ph: 0471-2321054

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.

മേൽവിലാസം

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം – 695033.

എഡിറ്ററുടെ പേജ്

പഞ്ചായത്താഫീസുകൾ ജനസൗഹൃദമാകണം

പ്രാദേശിക ഭരണരംഗത്ത് ഇന്ത്യയിലെ മികച്ച മാതൃകകളാണ് കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ. ലഭിച്ച അധികാരവും വിഭവവും വിനിയോഗിച്ച് ഒട്ടേറെ ജനകീയ പ്രശ്നങ്ങൾ പരിഹരിച്ച് പ്രാദേശിക സർക്കാരുകളുടെ പദവിയിലേയ്ക്കുയരുവാൻ നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ സേവന പ്രദാന മേഖലയിൽ ജനങ്ങളുടെ ഇച്ഛയ്ക്കനുസരിച്ച് ഗുണപരമായ മാറ്റം ഇനിയും ഉണ്ടായിട്ടില്ല എന്നത് വലിയ ഒരു പോരായ്മയായി നിലനിൽക്കുകയാണ്. ഈ വസ്തുത കണക്കിലെടുത്ത് ആവശ്യക്കാരന്റെ അരികിൽ സേവനമെത്തിക്കുന്ന ഒരു നവസംസ്ക്കാരം വളർത്തി പൊതുസേവനങ്ങളുടെ മേന്മ വർദ്ധിപ്പിക്കുന്നതിനും സദ്ഭരണം ഉറപ്പുവരുത്തുന്നതിനും പതിനൊന്നാം പദ്ധതിയിൽ സർക്കാർ മുൻഗണന നൽകിയിരിക്കുന്നു. ബ്രിട്ടീഷ് ഭരണാധികാരികൾ സൃഷ്ടിച്ച കൊളോണിയൽ മൂശയിൽ വാർത്തെടുത്ത ഭരണസമ്പ്രദായമാണ് പൊതുവിൽ സർക്കാർ ആഫീസുകളിൽ നിലനിൽക്കുന്നത്. ഔദ്യോഗിക രഹസ്യപരിവേഷം, നടപടിക്രമങ്ങളിലെ സങ്കീർണ്ണത, അഴിമതി, ജനങ്ങളിൽ നിന്നുള്ള അന്യവത്ക്കരണം തുടങ്ങിയ നിരവധി ആരോപണങ്ങൾ ബ്യൂറോക്രസിയെക്കുറിച്ച് കാലാകാലങ്ങളായി നിലനിൽക്കുന്നു. എന്നാൽ ജനങ്ങളോട് ഏറ്റവും അടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെന്ന നിലയ്ക്ക് ഗ്രാമപഞ്ചായത്താഫീസുകൾ മറ്റ് സർക്കാർ ആഫീസുകളെ അപേക്ഷിച്ച് ജനസൗഹൃദ ഭരണകേന്ദ്രങ്ങളായി മാറേണ്ടതുണ്ട്.

അധികാരവികേന്ദ്രീകരണത്തിനുശേഷം പൗരജനങ്ങൾക്ക്, പ്രത്യേകിച്ച് ദുർബ്ബല വിഭാഗങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങളുടെ തൊണ്ണൂറ് ശതമാനവും പ്രദാനം ചെയ്യുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. പൗരന്മാർക്ക് ലഭിക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി ലഭ്യമാക്കുന്ന സേവനങ്ങൾ, അവയെ സംബന്ധിച്ച വ്യവസ്ഥകൾ, സമയപരിധി തുടങ്ങിയവ വിവരിച്ചുകൊണ്ട് ഒരു പൗരാവകാശരേഖ എല്ലാ ഗ്രാമപഞ്ചായത്തുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ പൗരാവകാശരേഖയിൽ പരാമർശിച്ചിട്ടുള്ള ഒരു സേവനം നിശ്ചിത സമയപരിധിക്കകം അപേക്ഷകന് ലഭ്യമാക്കുന്നതിന് പ്രായോഗിക തലത്തിൽ പല വൈഷമ്യങ്ങളും തദ്ദേശഭരണസ്ഥാപനങ്ങൾ നേരിടുന്നുണ്ട്. അപേക്ഷകൾ സ്വീകരിക്കുന്നതിനും ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനുമുള്ള സംവിധാനത്തിന്റെ അഭാവം കാരണം ഗ്രാമപഞ്ചായത്താഫീസുകളിൽ ഓരോ ഉദ്യോഗസ്ഥനു ചുറ്റും അപേക്ഷകളുമായി ജനം കൂട്ടംകൂടി നില്ക്കുന്ന കാഴ്ച സർവ്വസാധാരണമാണ്. പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഉണ്ടാകുന്ന ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിച്ച് ഗുണകരവും ഫലപ്രദവുമായ തരത്തിൽ സേവനം ലഭ്യമാക്കുന്നതിനു വേണ്ടിയാണ് പഞ്ചായത്താഫീസുകളിൽ ഫ്രണ്ട് ആഫീസ് സ്ഥാപിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയത്.

വയനാട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്താഫീസുകളിലും ഫ്രണ്ട് ആഫീസ് സംവിധാനം സജ്ജമായി കഴിഞ്ഞു. മറ്റ് ജില്ലകളിൽ ചില ഒറ്റപ്പെട്ട സ്ഥാപനങ്ങളിലും. ഇത് സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതികൾ ഇച്ഛാശക്തിയോടെ മുന്നോട്ടുവരേണ്ടതുണ്ട്. കേവലം ഫ്രണ്ട് ആഫീസുകൾ സൃഷ്ടിച്ചതുകൊണ്ടുമാത്രം കാര്യങ്ങൾ നേരയാവില്ല. അവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ ക്രമീകരണങ്ങൾ സജ്ജമാക്കിയാൽ മാത്രമേ സേവനരംഗത്ത് ഇന്ന് കാണുന്ന വിടവ് നികത്താനാകൂ. ശരിയായ ദിശയിൽ ഫ്രണ്ട് ആഫീസ് സംവിധാനം പ്രവർത്തിക്കുകയാണെങ്കിൽ പൗരാവകാശരേഖയ്ക്കനുസൃതമായി സേവനം നൽകുന്നതിനും, ജീവനക്കാരുടേയും ജനങ്ങളുടേയും ബുദ്ധിമുട്ടുകൾ വലിയൊരളവുവരെ പരിഹരിക്കുന്നതിനും അതുവഴി പഞ്ചായത്തിന്റെ ഭരണ-നിർവ്വഹണ കാര്യക്ഷമത ഉയർത്തുന്നതിനും അത് സഹായകമായി തീരും. മാത്രമല്ല, ജനങ്ങൾക്കിടയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സ്വീകാര്യത ലഭിക്കുന്നതിനും ഇത് ഇടയാക്കും.

ഈ സാമ്പത്തികവർഷം എല്ലാ ഗ്രാമപഞ്ചായത്തുകളിലും നെറ്റ്വർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനും 100 ഗ്രാമപഞ്ചായത്തുകളിൽ ടച്ച് സ്ക്രീൻ സൗകര്യത്തോടുകൂടി ഫ്രണ്ട് ആഫീസുകൾ സ്ഥാപിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സേവനം പൗരന് ലഭിക്കുന്ന ഔദാര്യമല്ല. സമയബന്ധിതവും നീതിപൂർവ്വകമായും ക്രമപ്രകാരവും അത് ലഭിക്കേണ്ടത് അവന്റെ അവകാശമാണ്. ആധുനിക ഓഫീസ് നടത്തിപ്പിന്റെ സങ്കേതങ്ങളിലൂടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുകയെന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബാദ്ധ്യതയാണ്. അത് നിറവേറ്റുന്നതിനുള്ള പരിശ്രമം വരും നാളുകളിൽ ഉണ്ടാകുമെന്ന് പ്രത്യാശിക്കുന്നു.

കമ്പ്യൂട്ടർവൽക്കരണവും ജനസൗഹൃദ പഞ്ചായത്തും

പാലോളി മുഹമ്മദ് കുട്ടി
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

ജനകീയാസൂത്രണം നടപ്പായതു മുതൽ തദ്ദേശഭരണസ്ഥാപനങ്ങൾ പ്രത്യേകിച്ചും ഗ്രാമപഞ്ചായത്തുകൾ ഭരണസംവിധാനത്തിന്റെ മുൻനിരയിലേയ്ക്കു വന്നിരിക്കുകയാണ്. വികസന മേഖലകളിലും സേവന മേഖലകളിലുമുള്ള ഒട്ടുമിക്ക പ്രവർത്തനങ്ങളും പഞ്ചായത്തുകൾ വഴി തന്നെയാണു നടക്കുന്നത്. പെർമിറ്റുകൾ, സർട്ടിഫിക്കറ്റുകൾ, ലൈസൻസുകൾ എന്നിങ്ങനെ പഞ്ചായത്തുകളിൽ നിന്നു മാത്രം ലഭിക്കേണ്ടതായ നിരവധി സ്റ്റാറ്റ്യൂട്ടറി രേഖകളുമുണ്ട്. ഇവയുടെ പ്രാധാന്യവും ആവശ്യകതയും നാൾക്കുനാൾ വർദ്ധിച്ചുവരികയുമാണ്. അപേക്ഷകർക്കെല്ലാം നിശ്ചിത സമയപരിധിക്കുള്ളിൽ ഇത്തരം സേവനങ്ങൾ ഗുണമേന്മയോടെ നൽകാനുള്ള പ്രാപ്തി തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ടാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമാക്കിയിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളെ ജനസൗഹൃദമാക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതിതാണ്.

ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ പൗരാവകാശ രേഖകളിലൂടെ ഇതിനുള്ള തുടക്കമിടുകയുണ്ടായി. എന്തെല്ലാം സേവനങ്ങൾ ലഭ്യമാകുമെന്നും അവ ഏതേതു സമയപരിധിക്കുള്ളിൽ ലഭ്യമാക്കുമെന്നും പൗരാവകാശരേഖകൾ വഴി പരസ്യപ്പെടുത്തിയിരുന്നു. ആഗ്രഹിച്ച തരത്തിൽ ഇവ പ്രയോജനപ്പെട്ടതായി കാണുന്നില്ല. അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതി ഇതിനൊരു കാരണമാണ്. ഭരണനിർവ്വഹണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള പിന്തുണാ സംവിധാനങ്ങൾ ഏർപ്പെടുത്തുകയാണ് ഇതിൽ പ്രധാനപ്പെട്ടത്. ഈ പശ്ചാത്തലത്തിൽ വേണം കമ്പ്യൂട്ടർവൽക്കരണത്തെ കാണാൻ.

കമ്പ്യൂട്ടർവൽക്കരണം

തദ്ദേശഭരണസ്ഥാപനങ്ങളിലെ എന്തെല്ലാം പ്രവർത്തനങ്ങൾക്ക് കമ്പ്യൂട്ടർ ഉപയോഗിക്കാം? ഭരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഇതെങ്ങനെ സഹായിക്കും? പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കാനും ഭരണസംവിധാനത്തിന്റെ വിശ്വാസ്യത വർദ്ധിപ്പിക്കാനും ഇതു സഹായിക്കുമോ? എന്നിങ്ങനെ നിരവധി ചോദ്യങ്ങൾ ഇതു സംബന്ധിച്ച് ഉയർന്നു വരാവുന്നതാണ്. വിവിധ സംസ്ഥാനങ്ങളിൽ ഈ രംഗത്തുണ്ടായിട്ടുള്ള പ്രവർത്തനങ്ങളും ഇക്കാര്യത്തിൽ വഴികാട്ടിയാകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണവും മോണിറ്ററിങ്ങും ചിട്ടപ്പെടുത്തുകയും കമ്പ്യൂട്ടർവൽക്കരിക്കുകയും ചെയ്യുക എന്നതായിരുന്നു ഇൻഫർമേഷൻ കേരള മിഷനെ ഏൽപ്പിച്ച പ്രധാന ചുമതല. ഇതോടൊപ്പം തന്നെ നഗരസഭകളുടേയും പഞ്ചായത്തുകളുടേയും കണക്കുകൾ, ജനന മരണ രജിസ്ട്രേഷൻ, പെൻഷൻ വിതരണം എന്നിങ്ങനെയുള്ള കാര്യങ്ങൾക്കാവശ്യമായ സോഫ്റ്റ്‌വെയറുകളും ഐ.കെ.എം തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഇവ മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളും ഉപയോഗപ്പെടുത്തി കാണുന്നില്ല. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമായിരുന്നില്ല എന്ന മറുപടി ഇനി പറയാൻ കഴിയുകയില്ല. എല്ലാ പഞ്ചായത്തുകളിലും ആവശ്യത്തിന് കമ്പ്യൂട്ടറുകളും യു.പി.എസ്സും മറ്റ് അനുബന്ധ സംവിധാനങ്ങളും ഉണ്ട്. 2005 മുതൽക്കു തന്നെ ജീവനക്കാർക്കു വേണ്ട പരിശീലനങ്ങളും തുടങ്ങിയിരുന്നു. എന്നിട്ടും പരിശീലനം സിദ്ധിച്ച ജീവനക്കാർ പലയിടത്തും ലഭ്യമല്ല എന്ന പരാതി ഉണ്ടാകുന്നുണ്ട്. ഇത് പരിഹരിക്കപ്പെടണം. ജനന മരണ രജിസ്ട്രേഷൻ, പെൻഷനുകൾ, അക്കൗണ്ടുകൾ എന്നിവ ജൂലൈ അവസാനത്തോടെ കമ്പ്യൂട്ടറൈസ് ചെയ്തേ പറ്റൂ. ആഗസ്റ്റോടുകൂടി പ്രതിമാസ വരവു ചെലവു കണക്കുകൾ (തനതു ഫണ്ടും പ്ലാൻ ഫണ്ടും) ഇന്റർനെറ്റ് വഴി സർക്കാരിൽ എത്തിക്കാൻ കഴിയണം. ഇതിനു സഹായകമായ രീതിയിൽ ഓഫീസ് സംവിധാനം ചിട്ടപ്പെടുത്തണം. കണക്ക് സൂക്ഷിപ്പ് ചിട്ടയാക്കുക എന്ന ലക്ഷ്യത്തോടെയാണ് പഞ്ചായത്തുകളിൽ അക്കൗണ്ടന്റ് തസ്തിക അനുവദിച്ചത്. രണ്ടാം ഘട്ടമെന്ന നിലയിൽ നികുതി നിർണ്ണയം, കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകൽ തുടങ്ങിയവയും കമ്പ്യൂട്ടർവൽക്കരിക്കേണ്ടതാണ്.

ഫ്രണ്ട് ഓഫീസ്

പരാതികളും അപേക്ഷകളുമായി നിരവധിപേർ ദിവസേന പഞ്ചായത്ത് മുനിസിപ്പൽ ഓഫീസുകളിൽ എത്താറുണ്ട്. ഇവർക്ക് കാര്യമായ പരിഗണനയും ആവശ്യമുള്ള സഹായവും പഞ്ചായത്തിൽ നിന്ന് ലഭിക്കണം. സമയ നിഷ്ഠയോടെയും നീതിപൂർവ്വകമായും തങ്ങളുടെ പരാതികൾ പരിഹരിക്കപ്പെടുമെന്ന് പൊതുജനങ്ങൾക്ക് വിശ്വാസം വരണം. അപ്പോഴാണ് പഞ്ചായത്ത് ഓഫീസ് തങ്ങളുടേതാണെന്ന് സാധാരണ ജനങ്ങൾക്ക് തോന്നുക. പഞ്ചായത്ത് ഒരു ജനസൗഹൃദ സ്ഥാപനമാകുക. ഇതിന് ഏറെ സഹായിക്കാൻ നല്ല ഒരു ഫ്രണ്ട് ഓഫീസിനു കഴിയും. നിരവധി പഞ്ചായത്തുകൾ ഇപ്പോൾ തന്നെ ഫ്രണ്ട് ഓഫീസുകൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികളും അപേക്ഷകളും സ്വീകരിച്ച് രശീത് നൽകുക, പഞ്ചായത്തിൽ അടയ്ക്കേണ്ട നികുതികളും ഫീസുകളും സ്വീകരിക്കുക, സ്കീമുകളെയോ പ്രോജക്ടുകളെയോ സംബന്ധിച്ച വിവരങ്ങൾ നൽകുക എന്നിങ്ങനെ നിരവധി കാര്യങ്ങൾ ഇതുവഴി നിർവഹിക്കാൻ കഴിയും. അപേക്ഷകളുമായെത്തുന്ന സാധാരണക്കാർക്ക് ആവശ്യമായ മറുപടി ലഭിക്കുമെന്നതാണ് മെച്ചം. നിശ്ചിത സമയപരിധിക്കുള്ളിൽ കാര്യവും നടന്നുകിട്ടും. ഫ്രണ്ട് ഓഫീസിൽ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുകയും അത് ഓഫീസ് സംവിധാനവുമായി നെറ്റ്‌വർക്ക് ചെയ്യുകയും വേണം.

ഓഫീസിലെത്തുന്ന സന്ദർശകർ തൃപ്തരാകുന്നതോടൊപ്പം ഓഫീസ് പ്രവർത്തനം സുഗമമായി നടക്കും എന്ന മെച്ചവുമുണ്ട്. സന്ദർശകർക്ക് കാത്തിരിപ്പുവേളയിൽ ഇരിക്കാനുള്ള ഇരിപ്പിടങ്ങളും കുടിക്കാൻ വെള്ളവും അത്യാവശ്യം പ്രാഥമിക സൗകര്യങ്ങളും ഒരുക്കുന്നത് നന്നായിരിക്കും. ഈ പ്രവർത്തനങ്ങൾക്ക് പ്രഥമ പരിഗണന നൽകുകയും ഓണക്കാലത്തോടെ ഫ്രണ്ട് ഓഫീസ് സംവിധാനം പ്രാബല്യത്തിൽ വരുത്തുകയും വേണം. സുതാര്യവും കാര്യക്ഷമവുമെന്നതുപോലെ ജനസൗഹൃദവുമാകട്ടെ നമ്മുടെ പഞ്ചായത്തുകൾ. ■



ഡോ. പി.പി. ബാലൻ

ജനകീയാസൂത്രണം ഹിമാലയ മലനിരകളിലും

അധികാര വികേന്ദ്രീകരണത്തിന്റെ കേരള മാതൃക ഇതര സംസ്ഥാനങ്ങളിലും പ്രായോഗികമാണോ? സാധ്യമാണെന്ന് തെളിയിക്കുകയാണ് ഹിമാചൽപ്രദേശിലെ അവികസിത മേഖലകളായ ചമ്പ, ഷിർമോർ, ജില്ലാ നിവാസികൾ. അധികാരവും ഫണ്ടും താഴെത്തട്ടിൽ നൽകുന്ന കാര്യത്തിൽ മറ്റേതൊരു വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളെയും പോലെ ഹിമാചൽ പ്രദേശും കാര്യമായിട്ടൊന്നും ചെയ്തിട്ടില്ല. എന്നാൽ ഉയർന്ന സാക്ഷരതയും, വികസന പ്രശ്നങ്ങളിൽ ഇടപെടാനുള്ള ജനങ്ങളുടെ താൽപ്പര്യവും, ഇല്ലായ്മകൾ രൂപം നൽകിയ കൂട്ടായ്മയും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്താനാകുമെന്ന് അവർ തെളിയിച്ചുകഴിഞ്ഞു. ഇതിനുള്ള അവസരം പ്രദാനം ചെയ്തത് കേന്ദ്രപഞ്ചായത്ത് രാജ് മന്ത്രാലയം, പിന്നോക്കമേഖലാ വികസന ഫണ്ട് (BRGF) അനുവദിച്ചതോടെയാണ്. പൂർണ്ണമായും ഉപാധിരഹിത ഗ്രാന്റായി നൽകുന്ന തുക യഥാവിധി വിനിയോഗിക്കുവാൻ പഞ്ചായത്തുകൾക്ക് അധികാരം കൂടി ലഭിച്ചപ്പോൾ ഇദം പ്രഥമമായി ഈ ജില്ലകളിൽ താഴെത്തട്ടിൽ നിന്നും പദ്ധതി രൂപപ്പെടുകയായിരുന്നു.

> അധികാരവും ഫണ്ടും താഴെത്തട്ടിൽ നൽകുന്ന കാര്യത്തിൽ മറ്റേതൊരു വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളെയും പോലെ ഹിമാചൽ പ്രദേശും കാര്യമായിട്ടൊന്നും ചെയ്തിട്ടില്ല. എന്നാൽ ഉയർന്ന സാക്ഷരതയും, വികസന പ്രശ്നങ്ങളിൽ ഇടപെടാനുള്ള ജനങ്ങളുടെ താൽപ്പര്യവും, ഇല്ലായ്മകൾ രൂപം നൽകിയ കൂട്ടായ്മയും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്താനാകുമെന്ന് അവർ തെളിയിച്ചുകഴിഞ്ഞു.

പിന്നോക്കമേഖലാ വികസനഫണ്ട് (Backward Region Grant Fund)

രാജ്യത്തെ 250 പിന്നോക്കജില്ലകൾക്കാണ് കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം BRGF ഫണ്ട് നൽകിയിട്ടുള്ളത്. കേരളത്തിൽ പാലക്കാട്, വയനാട് ജില്ലകൾ ഇതിൽപ്പെടും. വികസന മേഖലകളിൽ കാണുന്ന നിർണ്ണായക കുറവുകൾ (critical gaps) കണ്ടെത്തി അതിനുവേണ്ടി പദ്ധതി രൂപീകരിക്കാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഒപ്പംതന്നെ മറ്റു വികസന ഫണ്ടുകളെല്ലാം ചേർത്ത് കൊണ്ട് സമഗ്രമായ ജില്ലാ പദ്ധതി തയ്യാറാക്കുകയും വേണം. കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം ഇതിനായി തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശത്തിൽ കേരളമാതൃകയിലുള്ള ആസൂത്രണരീതി അവലംബിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഓരോ ജില്ലയ്ക്കും ഇതിനായി 15 കോടി രൂപ വരെ പ്രതിവർഷം ഗ്രാന്റായി നൽകുന്നു. പ്രസ്തുത പരിപാടിയിലൂടെ ലക്ഷ്യമിടുന്നത് ഡി.പി.സി (DPC) യുടെ പ്രഥമച്ചുമതലയായ ജില്ലാ പദ്ധതി രൂപപ്പെടുത്തുകയെന്നതാണ്. 11-ാം പദ്ധതിക്കാലത്ത് എല്ലാ ജില്ലകളിലും ജില്ലാ പദ്ധതി നിലവിൽ വരണമെന്ന് പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശവും ഇവിടെ പ്രസ്ക്തമാണ്.

> അധികാര വികേന്ദ്രീകരണത്തിന്റെ കേരള മാതൃക ഇതര സംസ്ഥാനങ്ങളിലും പ്രായോഗികമാണോ? സാധ്യമാണെന്ന് തെളിയിക്കുകയാണ് ഹിമാചൽപ്രദേശിലെ അവികസിത മേഖലകളായ ചമ്പ, ഷിർമോർ, ജില്ലാ നിവാസികൾ.

ജില്ലാപദ്ധതി; രണ്ട് സമീപനങ്ങൾ

ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് രണ്ടുതരം രീതികളാണ് അവലംബിച്ചത്. ഇത് സുതാര്യവും മുകളിൽ നിന്നും കീഴ്ത്തട്ടിലേക്കുള്ളതും (Top Down Approach) താഴെ നിന്നും മുകളിലേയ്ക്കുള്ളതുമായ(Bottom Up Approach) സമീപനങ്ങളാണ്. ജില്ലയിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ജില്ലാവിഷൻ (District Vision) രൂപീകരണമാണ് ആദ്യം നടന്നത്. 11-ാം പദ്ധതിക്കാലത്തെ വികസന പരിപ്രേക്ഷ്യവും ഒപ്പം തന്നെ രൂപം നൽകിയ ദീർഘകാലവികസന ലക്ഷ്യങ്ങളും ഇതിൽപ്പെടും. ഇങ്ങനെ തയ്യാറാക്കപ്പെട്ട ജില്ലാവികസന രേഖ താഴെ ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെട്ടത് ഹിമാചൽ പ്രദേശുകാർക്ക് പുതുമയുള്ള കാര്യമായിരുന്നു. വിവിധ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ നിന്നും ജില്ലയിലെ ഓരോ പഞ്ചായത്തിനും കഴിഞ്ഞകാലങ്ങളിൽ ലഭിച്ച ഫണ്ടും 11-ാം പദ്ധതിക്കാലത്ത് പ്രതീക്ഷിക്കുന്ന ഫണ്ടിന്റെ വിശദാംശങ്ങളും വികസന രേഖ വിശദമാക്കുന്നു. ദേശീയ തൊഴിലുറപ്പുപദ്ധതി, സർവ്വശിക്ഷാ അഭിയാൻ ഉച്ചഭക്ഷണ പരിപാടി, കുടിവെള്ള പദ്ധതി, സമ്പൂർണ്ണ ശുചിത്വപരിപാടി, ദേശീയ ഗ്രാമീണ ആരോഗ്യപദ്ധതി, ശിശുവികസന പദ്ധതി, ദേശീയ നഗരപുനരുദ്ധാരണ പരിപാടികൾ, ഭാരതനിർമ്മാൺ പദ്ധതി തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും പ്രതീക്ഷിക്കുന്ന സഹായവും സംസ്ഥാനാവിഷ്കൃത പദ്ധതികളിലൂടെ വിവരങ്ങളും വിവിധഗ്രാന്റുകളും ധനകാര്യ കമ്മീഷനുകളുടെ വിഹിതവും ഇതിൽപ്പെടുന്നു. വികസനത്തിൽ സമഗ്രത ഉറപ്പാക്കുന്നതിനും പദ്ധതികളെ പരസ്പരം പൂരകമാക്കുന്നതിനും (convergence) പിന്നോക്ക മേഖല വികസനഫണ്ടിന്റെ വിനിയോഗം ഏതുവിധത്തിൽ നടത്തണമെന്നും രേഖ വ്യക്തമാക്കുന്നു. പ്രസ്തുത ജില്ലാവികസന രേഖ താഴെ ഉപഗ്രാമസഭകൾ മുതൽ ചർച്ച ചെയ്യപ്പെടുന്നതും ശ്രദ്ധേയമായ സംഭവമാണ്.

ശാക്തീകരണ പ്രവർത്തനങ്ങൾ

ജില്ലാ പ്ലാനിംഗ് കമ്മറ്റികൾ രൂപീകരിച്ചാൽ മാത്രമെ ഫണ്ട് അനുവദിക്കുകയുള്ളു എന്ന് കേന്ദ്രം നിഷ്കർഷിച്ചതോടെ ഇതുവരെ ഇതിനു തുടക്കമിടാത്ത പഞ്ചാബ് പോലുള്ള സംസ്ഥാനങ്ങളിൽ തകൃതിയായി അതു രൂപീകരിക്കാനുള്ള ശ്രമം തുടങ്ങി. ജില്ലാ പദ്ധതിക്കു വേണ്ടിയുള്ള പരിശീലനമാണ് മറ്റൊരു പ്രവർത്തനം. ഇതിനായി BRGF ജില്ലകൾക്ക് നീക്കിവച്ചത് ഒരു കോടി രൂപയാണ്. താഴെ ഗ്രാമതലം മുതൽ ജില്ലാതലം വരെ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും സന്നദ്ധ പ്രവർത്തകർക്കും നൽകിയ പരിശീലനത്തിൽ ഗ്രാമസഭാസംഘാടനം, ത്രിതല പഞ്ചായത്തുകളിലേയ്ക്കും മുൻസിപ്പാലിറ്റികളിലേയ്ക്കും പദ്ധതിരൂപീകരണം, വിവിധ ജില്ലകളുടെ സംയോജനം, പദ്ധതികളുടെ സമഗ്രത ഉറപ്പുവരുത്തൽ തുടങ്ങിയ വിഷയങ്ങൾക്കാണ് ഊന്നൽ നൽകിയത്. പരിശീലനം എല്ലാ മേഖലകളിലും എത്താൻ വേണ്ടി കിലയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന വികേന്ദ്രീകൃത പരിശീലന രീതിയാണ് അവലംബിച്ചത്. പരിശീലനത്തിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിന് നിരന്തരമായ മോണിറ്ററിങ്ങും നടത്തിയിരുന്നു.

ആസൂത്രണം താഴെത്തട്ടിൽ നിന്ന്

ഹിമാലയത്തിലെ സിവാലിക് മലനിരകളിൽ പെടുന്ന ചമ്പ, ഷിർമോർ ജില്ലകളിലെ ഗ്രാമങ്ങളധികവും മലഞ്ചെരിവുകളിലാണ് സ്ഥിതിചെയ്യുന്നത്. ചമ്പ ജില്ലയിലെ രബിന നദീതീരത്തും ഗ്രാമങ്ങൾ കാണാം. സിന്ധുവിന്റെ ഈ പോഷക നദീതീരം ഫലപുഷ്ടിയുള്ള പ്രദേശമാണ്. സസ്യജാലങ്ങളാൽ നിബിഡമാണിവിടം. ഷിർമോർജില്ലയിൽ മലമുകളിൽ തടാകങ്ങളുണ്ട്. കേരളത്തിലെ കായലുകളെ അനുസ്മരിപ്പിക്കുന്ന തടാക തീരവും ജനവാസ കേന്ദ്രങ്ങളാണ്. ഒരു ഗ്രാമത്തിന് ഒരു പഞ്ചായത്ത് എന്ന നിലയിൽ ശരാശരി ജനസംഖ്യ രണ്ടായിരത്തോളം വരും. ഇവിടെ നിയമാനുസൃത ഗ്രാമസഭ പഞ്ചായത്തിനാകെ ഒന്നുമാത്രം. കേരളത്തിലേതു പോലെ വാർഡുകൾ നിലവിലുണ്ടെങ്കിലും അവിടെ ഉപഗ്രാമസഭകളാണ് നിലനിൽക്കുന്നത്. അയൽക്കൂട്ടങ്ങൾക്ക് സമാനമാണിവയുടെ പ്രവർത്തനം. ഒരു പഞ്ചായത്തിൽ 6 നും 11 നുമിടയിൽ ഇത്തരം ഉപഗ്രാമസഭകളുണ്ട്. ഇവയ്ക്ക് അധികാരമൊന്നുമില്ലെങ്കിലും പദ്ധതി ആസൂത്രണം ആരംഭിച്ചത് ഉപഗ്രാമസഭകളിൽ നിന്നാണ്.

പിന്നോക്കമേഖലാവികസനഫണ്ടിൽ നിന്നും 50% തുകയും ഗ്രാമപഞ്ചായത്തുകൾക്കാണ് നീക്കിവച്ചത്. ഈ

ഹിമാചൽ പ്രദേശിലെ ചമ്പ ജില്ലയിലെ ജില്ലാപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി കിലയിൽ നിന്നും പരിശീലനം ലഭിച്ച സുഖദേവ് സിങ്ങ് കേരളത്തിലെ അധികാരവികേന്ദ്രീകരണത്തെ കുറിച്ച് ക്ലാസ്സെടുക്കുന്നു.

ഇനത്തിൽ ഓരോ പഞ്ചായത്തിനും ഉപാധിരഹിതമായി 20 ലക്ഷം രൂപയോളം ലഭിക്കുന്നു. ഇത്രയും തുക ആദ്യമായി പഞ്ചായത്തിനു ലഭിച്ചപ്പോൾ പദ്ധതി ആസൂത്രണഗ്രാമസഭകളിൽ നല്ല പങ്കാളിത്തമുണ്ടായി. രണ്ടു ജില്ലകളിലുമായി ഇത് 30–40 ശതമാനം വരും. രണ്ടുകാര്യങ്ങളാണ് ഗ്രാമസഭകൾ തീരുമാനിച്ചത്. ഒന്ന് ജില്ലാ വിഷനു (vision) അനുപൂരകമായി വികസന പ്രവർത്തനങ്ങളുടെ മുൻഗണന തീരുമാനിക്കുകയെന്നതും രണ്ടാമതായി BRGFന്റെ വിനിയോഗവുമാണ്. നിലവിലുള്ള സ്കീമുകളുടെ അപര്യാപ്തത നികത്താനാണ് അതുപയോഗിച്ചത്. ഉദാഹരണമായി സർവ്വശിക്ഷാഅഭിയാനിലൂടെ (SSA) സ്കൂൾ കെട്ടിടങ്ങൾ ലഭിക്കുമ്പോൾ അതിലേയ്ക്കുള്ള ഫർണിച്ചർ, ലാബ്, ക്ലാസുമുറികൾ എന്നിവയ്ക്കായി പിന്നോക്ക മേഖലാഫണ്ട് ഉപയോഗിച്ചു. ദേശീയതൊഴിലുറപ്പു പദ്ധതിയിലൂടെ നിർമ്മിക്കപ്പെടുന്ന മൺബണ്ടുകൾ, റോഡാക്കി ടാർ ചെയ്തു ഗതാഗതയോഗ്യമാക്കുന്നതിനു പ്രസ്തുത ഫണ്ട് ഉപയോഗപ്പെടുത്തി. ആശുപത്രികളിലേയ്ക്കുള്ള അത്യാവശ്യ ഉപകരണങ്ങൾ വാങ്ങാൻ പണം കണ്ടെത്തിയതും ഈ ഫണ്ടിൽ നിന്നുതന്നെ.

വിവിധ ഉപഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ ക്രോഡീകരിച്ചപ്പോൾ ജനങ്ങൾക്ക് സംശയം ബാക്കി. ഇതൊക്കെ അട്ടിമറിക്കപ്പെടുമോ? നാളിതുവരെയുള്ള അവരുടെ അനുഭവം അതായിരുന്നു. എന്നാൽ ഗ്രാമസഭാ തീരുമാനത്തിൽ മാറ്റം വരുത്താൻ ആർക്കും അധികാരമില്ലെന്നു വന്നപ്പോൾ അവർ സന്തുഷ്ടരായി. ഓരോ പഞ്ചായത്തിന്റെയും പദ്ധതി രേഖ തയ്യാറാക്കപ്പെട്ടതോടെ ബ്ലോക്ക്, ജില്ലാ പദ്ധതി രേഖകളും രൂപീകരിച്ചു. പിന്നോക്ക മേഖലാ വികസന ഫണ്ടിൽ 30% തുകയാണ് പഞ്ചായത്തു സമിതിക്കു (ബ്ലോക്ക് പഞ്ചായത്ത്) നീക്കിവച്ചിരുന്നത്. ജില്ലാ പരിഷത്തിനു (ജില്ലാപഞ്ചായത്ത്) 20%. തുടർന്നാണ് വാർഡുസഭകൾ ചേർന്ന് മുൻസിപ്പൽ പദ്ധതിരേഖ തയ്യാറാക്കിയത്. ജില്ലാതലത്തിൽ ഇതിനകം നിലവിൽ വന്ന വിദഗ്ധസമിതി വിവിധ തലത്തിലെ പദ്ധതികൾ സംയോജിപ്പിച്ച് ജില്ലാ പദ്ധതിയും തയ്യാറാക്കി. സാങ്കേതിക സമിതികൾ വിവിധ പ്രോജക്ടുകളുടെ ഗുണമേന്മ ഉറപ്പുവരുത്തി അവയ്ക്ക് അംഗീകാരം നൽകുന്ന ജോലി സമാന്തരമായി തന്നെ നടത്തിയിരുന്നു.

പ്ലാൻ പ്ലസ്

സുതാര്യത ഉറപ്പാക്കുന്നതിന് കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം നടപ്പിലാക്കിയ സോഫ്റ്റ്വെയർ 'പ്ലാൻ പ്ലസ്' എന്നറിയപ്പെടുന്നു. പദ്ധതിയുടെ അംഗീകാരത്തിന് പദ്ധതി രേഖ പ്ലാൻ പ്ലസിലൂടെ സമർപ്പിക്കണം എന്ന് നിർബന്ധമാണ്. ഏറെ ലളിതവും പ്രാദേശികഭാഷയിലൂടെ ഉപയോഗിക്കാവുന്നതുമായ ഈ സോഫ്റ്റ്വെയർ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനു വളരെ സഹായകമാണ്. കമ്പ്യൂട്ടറിന്റെ പ്രാഥമിക പരിജ്ഞാനമുള്ളവർക്ക് പ്രവർത്തനങ്ങളുടെ അവലോകനം അനായാസം ചെയ്യാൻ സാധിക്കും. വിവിധ സ്കീമുകളിലൂടെ ലഭിക്കുന്ന തുകയുടേതും വിവിധ പ്രവൃത്തികൾക്കു മാറ്റി വച്ച വിഹിതത്തിന്റേതുമായ വിശദാംശങ്ങൾ ഇതിൽ ലഭ്യമാണ്. പദ്ധതി അടങ്കൽ, നിർമ്മാണകാലം, പദ്ധതിയുടെ നേട്ടങ്ങൾ, പ്രതീക്ഷിക്കുന്ന സംഭാവന, സന്നദ്ധപ്രവർത്തനം തുടങ്ങിയ കാര്യങ്ങളും പ്ലാൻ പ്ലസ് ഉൾക്കൊള്ളുന്നു. പ്രസ്തുത ജനകീയ സോഫ്റ്റ്വെയർ കൈകാര്യം ചെയ്യുന്നതിനു വിപുലമായ പരിശീലനവും സംഘടിപ്പിച്ചിരുന്നു.

> ഷിർമോർജില്ലയിൽ മലമുകളിൽ തടാകങ്ങളുണ്ട്. കേരളത്തിലെ കായലുകളെ അനുസ്മരിപ്പിക്കുന്ന തടാകതീരവും ജനവാസ കേന്ദ്രങ്ങളാണ്. ഒരു ഗ്രാമത്തിന് ഒരു പഞ്ചായത്ത് എന്ന നിലയിൽ ശരാശരി ജനസംഖ്യ രണ്ടായിരത്തോളം വരും. ഇവിടെ നിയമാനുസൃത ഗ്രാമസഭ പഞ്ചായത്തിനാകെ ഒന്നുമാത്രം. കേരളത്തിലേതു പോലെ വാർഡുകൾ നിലവിലുണ്ടെങ്കിലും അവിടെ ഉപഗ്രാമസഭകളാണ് നിലനിൽക്കുന്നത്. അയൽക്കൂട്ടങ്ങൾക്ക് സമാനമാണിവയുടെ പ്രവർത്തനം.

ഡി.പി.സിയുടെ അംഗീകാരം

ഹിമാചൽപ്രദേശിൽ ജില്ലയുടെ ചാർജ്ജുള്ള മന്ത്രിയാണ് ജില്ലാ പഞ്ചായത്ത് കമ്മറ്റി ചെയർമാൻ. ജില്ലയിലെ MLAമാരും, ജില്ല പരിഷത്ത് അംഗങ്ങളും മുൻസിപ്പൽ ചെയർമാൻമാരും ഇതിൽ അംഗങ്ങളും. രാഷ്ട്രീയ അതിപ്രസരം നിലനിൽക്കുന്ന രണ്ടുജില്ലകളിലും DPC യോഗത്തിൽ ഏകകണ്ഠമായ തീരുമാനം ഉണ്ടാകാറില്ല. രാഷ്ട്രീയ ചേരിതിരിവ് യോഗത്തിൽ സാധാരണമാണ്. എന്നാൽ BRGF അംഗീകരിക്കാൻ ചേർന്ന യോഗം തികച്ചും വിഭിന്നമായ ചിത്രമാണ് നൽകിയത്. പ്ലാൻ പ്ലസിലൂടെ വിവിധ പ്രവൃത്തികൾ സ്ക്രീനിൽ കാണാൻ അംഗങ്ങൾ താൽപര്യം കാണിച്ചു. അവർക്കിതൊരു പുതിയ അനുഭവമായിരുന്നു. ഫണ്ടുവിതരണത്തിലെ തുല്യതയാണ് അതിന് പ്രധാന കാരണം. കക്ഷി രാഷ്ട്രീയഭേദമന്യേ എല്ലാ പഞ്ചായത്തുകൾക്കും ഫണ്ടു തുല്യമായി ലഭിച്ചത് എല്ലാ അംഗങ്ങളും സ്വാഗതം ചെയ്തു. വിവിധ പ്രവൃത്തികളുടേയും വിശദാംശങ്ങൾ സുതാര്യമാണെന്നതും മറ്റൊരു കാരണമാണ്. ഒരിക്കൽ അംഗീകാരം ലഭിച്ച പദ്ധതിയിൽ മാറ്റം വരുത്താൻ പാടില്ല എന്ന നിർദ്ദേശവും പരക്കെ അംഗീകരിക്കപ്പെട്ടു. അങ്ങനെ ആദ്യമായി ഈ രണ്ടു ജില്ലകളിലേയും DPC യോഗം പ്രശ്നരഹിതമായി പര്യവസാനിച്ചു. യോഗാദ്ധ്യക്ഷനായ മന്ത്രി തന്നെ സമാപന പ്രസംഗത്തിൽ ഇതു പ്രത്യേകം പരാമർശിക്കുകയുണ്ടായി. സംസ്ഥാനത്തെ ആദ്യത്തെ ജനകീയ പദ്ധതി എന്നാണിതിനെ അദ്ദേഹം വിശേഷിപ്പിച്ചത്.

ഹൈപവർ കമ്മിറ്റി

BRGF പദ്ധതിക്ക് അന്തിമ അംഗീകാരം നൽകുന്നത് സംസ്ഥാനതലത്തിലുള്ള ഹൈപവർ കമ്മറ്റിയാണ്. ഇതിൽ മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും സന്നദ്ധപ്രവർത്തകരുംപെടും. ചമ്പ, ഷിർമോർ ജില്ലകളിൽ ഇതിനകം രൂപം കൊണ്ട ജനകീയ പദ്ധതിയെപ്പറ്റി മനസ്സിലാക്കിയ അംഗങ്ങൾ അതിനംഗീകാരം നൽകിക്കൊണ്ട് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രസ്തുത മാതൃക നടപ്പിലാക്കണമെന്ന തീരുമാനവും കൈക്കൊണ്ടു. താഴെത്തട്ടിലേയ്ക്ക് ഫണ്ടും അധികാരവും നൽകിയാൽ മാത്രമേ ഇതു സാധിക്കൂ എന്ന് യോഗം വിലയിരുത്തുന്നു. ഇതിനു വേണ്ടി നയപരമായ തീരുമാനം എടുക്കേണ്ടതായുണ്ട്. അധികാര വികേന്ദ്രീകരണത്തിൽ ഏറെ മുന്നിലെത്തിയ സംസ്ഥാനമായ കേരളത്തിന്റെ അനുഭവങ്ങൾ നേരിട്ടു മനസ്സിലാക്കാനുള്ള വ്യഗ്രതയിലാണവർ. ഇതിനായി ഘട്ടംഘട്ടമായി ജനപ്രതിനിധികളേയും ഉദ്യോഗസ്ഥരേയും കേരളത്തിലേയ്ക്കയക്കാനുള്ള പദ്ധതിക്ക് സിംലയിൽ ചേർന്ന ഹൈപവർ കമ്മിറ്റി രൂപം നൽകി.■

ലേഖകൻ
ചണ്ഡിഗഡിലെ സെന്റർ ഫോർ റിസർച്ച് ഇൻ റൂറൽ & ഇൻഡസ്ട്രിയൽ ഡെവലപ്മെന്റിന്റെ ഡയറക്ടറാണ്

വികേന്ദ്രീകൃത വികസന കമ്മിറ്റി റിപ്പോർട്ട്

– ഒരു സംഗ്രഹം

ഡോ. എം.എ. ഉമ്മൻ



കേരളത്തിൽ വികേന്ദ്രീകൃത ആസൂത്രണത്തിനു തുടക്കം കുറിച്ചിട്ട് ഒരു വ്യാഴവട്ടക്കാലം കഴിഞ്ഞു. ഇൻഡ്യയിൽ മാത്രമല്ല ലോകത്തെമ്പാടും തദ്ദേശീയ ജനാധിപത്യത്തെ വിലമതിക്കുന്ന എല്ലാവരും ഈ പരീക്ഷണത്തെ ശ്രദ്ധയോടെയാണ് നോക്കിക്കണ്ടത്. കേരളത്തിലും വികേന്ദ്രീകൃതാസൂത്രണം വലിയ പ്രതീക്ഷകൾ ഉണർത്തി. ജനകീയാസൂത്രണമെന്ന പേരിൽ ഒരു പുത്തൻ പ്രാദേശികവികസനതന്ത്രവും ആരംഭത്തിൽ പരീക്ഷിക്കപ്പെട്ടു. എന്തായിരുന്നു ഇവയുടെ കോട്ടങ്ങളും, നേട്ടങ്ങളുമെന്ന് അന്വേഷിക്കുകയും, പ്രതിവിധി നിർദ്ദേശിക്കുകയും ചെയ്യുന്നതിന് കേരളസർക്കാർ ഏർപ്പെടുത്തിയ കമ്മിറ്റി 2009 മാർച്ച് 18ന് അതിന്റെ റിപ്പോർട്ടു സമർപ്പിച്ചു. പ്രൊഫ. എം.എ. ഉമ്മൻ അധ്യക്ഷനായ പ്രസ്തുത കമ്മിറ്റിയിൽ കസ്തൂരിരംഗൻ, പ്രൊഫ. ജെ. ചന്ദ്ര, ഡോ. പി.ശിവാനന്ദൻ, പി.വി. ഉണ്ണിക്കൃഷ്ണൻ എന്നിവർ അംഗങ്ങളായിരുന്നു. ഈപ്പൻ ഫ്രാൻസിസ് ആയിരുന്നു മെമ്പർ സെക്രട്ടറി. കമ്മറ്റിയുടെ പ്രധാന ശുപാർശകളുടെ സാമാന്യമായ സംഗ്രഹമാണ് ഈ ലേഖനം.

ഡോ. എം.എ. ഉമ്മൻ(വലത്), പ്രൊഫ. ജെ. ചന്ദ്ര, ഡോ. പി.ശിവാനന്ദൻ, കസ്തൂരിരംഗൻ, ഈപ്പൻ ഫ്രാൻസിസ് എന്നിവർ വികേന്ദ്രീകൃത വികസനകമ്മിറ്റിയുടെ യോഗത്തിൽ.

കമ്മിറ്റിയുടെ സമീപനം എങ്ങനെയായിരുന്നു? സ്വീകരിച്ച രീതിമാർഗ്ഗം എന്തായിരുന്നു? എന്നിങ്ങനെയുള്ള നിരവധി ചോദ്യങ്ങൾ ഈ സംഗ്രഹത്തിൽ പരാമർശിക്കുന്നില്ല. ചില വിദേശസഹായ ഏജൻസികളും, പാശ്ചാത്യസൈദ്ധാന്തികരും പറയുന്നതുപോലെ തദ്ദേശസ്ഥാപനങ്ങൾ നിർവഹിക്കുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്താനുള്ള ഒരു ഉപകാരക ഉപാധിയായി മാത്രമല്ല കമ്മറ്റിയെ സംബന്ധിച്ചിടത്തോളം വികേന്ദ്രീകരണം. മറിച്ച് അതിൽത്തന്നെ വിലപ്പെട്ട, നിസ്സർഗ്ഗജമായ മൂല്യമാണ് വികേന്ദ്രീകൃത ജനാധിപത്യമെന്നു ഞങ്ങൾ കരുതുന്നു. തദ്ദേശീയ ഗവൺമെന്റുകളുടെ ശാക്തീകരണത്തിലൂടെ ജനങ്ങളുടെ പ്രത്യേകിച്ച് സാധാരണക്കാരുടെ ശാക്തീകരണമാണ് വികേന്ദ്രീകരണത്തിന്റെ അന്തഃസത്ത എന്ന നിലപാടാണ് കമ്മിറ്റി സ്വീകരിച്ചത്. ഉദ്യോഗസ്ഥമേധാവിത്തത്തിൽ നിന്ന് ജനങ്ങളുടെ ആധിപത്യത്തിലേയ്ക്കുള്ള നടപ്പാതയാണ് വികേന്ദ്രീകരണം. ഗ്രാമസഭകളുടെ പ്രവർത്തനക്ഷമത ഇവിടെ വളരെ പ്രാധാന്യമർഹിക്കുന്നു.

ഒരു തദ്ദേശസർക്കാരിന്റെ ബലവും, സ്വയംഭരണശേഷിയും, ഉപാധികൾ കൂടാതെ എന്ത് പണം ഗ്രാന്റായി കൈമാറ്റം ചെയ്യപ്പെടുന്നു, തനതായി എന്തു പണം സ്വരൂപിക്കാനാവും എന്നീ രണ്ടു കാര്യങ്ങളെ ആശ്രയിച്ചാണിരിക്കുക. ഈ രണ്ടുകാര്യത്തിലും കേരളം മറ്റു സംസ്ഥാനങ്ങളുടെ മുന്നിലാണ്. കേരളത്തിലെ ഒരു ഗ്രാമപഞ്ചായത്തിന്റെ 2007–08 ലെ ശരാശരി വരുമാനം 1.65 കോടി രൂപ വരും. രണ്ടു കോടിയിലധികം വരുമാനമുള്ള ഗ്രാമപഞ്ചായത്തുകൾ നിരവധിയുണ്ട്. തനതുവരുമാനം എടുത്താലും കേരളത്തിലെ ഗ്രാമപ്പഞ്ചായത്തുകൾ മുന്നിലാണ്. 2007–08 ൽ ഗ്രാമപഞ്ചായത്തുകളുടെ മൊത്തം വരുമാനം 302.2 കോടി രൂപയാണ്. മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെതും 326 കോടിയുമാണ്. ഇൻഡ്യയിൽ മറ്റൊരിടത്തും ഇത്തരമൊരു സമാനത

യില്ല. നാട്ടിൻപുറവും നഗരവും തമ്മിൽ കൃത്യമായ വേർതിരിവ് ഇല്ലാത്തതാണ് ഇതിനുകാരണം. 2007–08ൽ ഒരു ഗ്രാമപഞ്ചായത്തിന്റെ ശരാശരി തനതു വരുമാനം 30.2 ലക്ഷം രൂപയും, ഒരു നഗരസഭയുടേത് 5.6 കോടിയുമാണ്. പ്രതിശീർഷകണക്കിലെടുത്താൽ ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനം 119 രൂപയാണ്. പാലക്കാട് ജില്ലയിലെ ഗ്രാമങ്ങളിലാണ് ഏറ്റവും കുറവ് പ്രതിശീർഷവരുമാനം (73 രൂ.) കൂടുതൽ എറണാകുളം ജില്ലയിൽ (203/- രൂ.) (നഗരസഭയുടെ ആളോഹരി വരുമാനം 595 രൂപയാണ്.)

തദ്ദേശ ഗവൺമെന്റുകളുടെ ചെലവുമാതൃകയിൽ വളരെ വ്യത്യാസങ്ങൾ വന്നിട്ടുണ്ട്. ഉദാഹരണത്തിന് തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി ചെലവുകളുടെ 40 ശതമാനമെങ്കിലും പ്രത്യുല്പാദനമേഖലയിൽ ചെലവിടണമെന്ന നിർദ്ദേശം ആരും പാലിക്കുന്നില്ല. 2007–08 ൽ കോർപ്പറേഷനുകൾ 5.5 ശതമാനവും ഗ്രാമപഞ്ചായത്തുകൾ 22.1 ശതമാനവുമാണ് പ്രത്യുല്പാദനമേഖലയിൽ ചെലവിട്ടത്. ഗൗരവമായ പദ്ധതി തയ്യാറാക്കലോ ആസൂത്രണമോ ആവശ്യമില്ലാത്ത സേവനമേഖലയിലാണ് എല്ലാവരും കൂടുതൽ പണം ചെലവാക്കിയത്.

ധനകാര്യമാനേജുമെന്റ്

സാമാന്യമായി പറഞ്ഞാൽ ഒട്ടും തൃപ്തികരമല്ലാത്ത ധനകാര്യമാനേജുമെന്റാണ് നിലവിലുള്ളത്. നികുതി, നികുതിയേതര സമാഹരണം പലമടങ്ങു വർധിപ്പിക്കാവുന്നതാണ്. വീട്ടുകര നിരക്ക് പുതുക്കിയും, പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ ക്രമീകരിക്കുകയും ചെയ്യുന്നതിൽ ഒട്ടും മുമ്പോട്ടു പോയിട്ടില്ല. വീട്ടുകരവും, പ്രൊഫഷണൽ നികുതിയുമാണ് മൊത്തം നികുതി വരുമാനത്തിന്റെ 95 ശതമാനവും സംഭാവന ചെയ്യുന്നത്. നികുതി ഘടനയിൽ വൈവിധ്യമില്ല. സ്വകാര്യ സംരംഭങ്ങൾ, വ്യാപാരങ്ങൾ, ആഫീസുകൾ എന്നീ സ്രോതസ്സുകളിൽ നിന്നു നികുതി പിരിക്കാറില്ല. ഇൻഡ്യയിലെ ഏറ്റവുമധികം പ്രതിശീർഷ ഉപഭോഗമുള്ള കേരളത്തിൽ പരസ്യനികുതി വരുമാനം തുലോം തുച്ഛമാണ്. ശാസ്ത്രീയ അടിസ്ഥാനത്തിലുള്ള നികുതി രജിസ്റ്റർ ഇല്ലെന്നു തന്നെ പറയാം. ഒരു ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ 10 വർഷത്തെ ഡി.സി.ബി. (Demand, Collection, Balance) സ്റ്റേറ്റ്മെന്റുപ്രകാരം, വീട്ടുകരം, പ്രൊഫഷൻ നികുതി, വിനോദനികുതി എന്നിവയുടെ ഡിമാന്റും, പിരിവും കിറുകൃത്യമാണ്. പലയിടത്തും ഉദ്യോഗസ്ഥരുടെ കുറവ്, വാർഡുകളുടെ കൂടെക്കൂടെയുള്ള പുനർനിർണ്ണയം, പരിശീലനക്കുറവ്, ഉദ്യോഗസ്ഥരുടെ കൂടെക്കൂടെയുള്ള സ്ഥലംമാറ്റം എന്നിവ നികുതിസമാഹരണത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം വിസ്മരിക്കുന്നില്ല.

ധനകാര്യമാനേജുമെന്റിലെ ഏറ്റവും വലിയ പോരായ്മ ബജറ്റ് രൂപീകരണത്തിലും, നടത്തിപ്പിലുമുള്ള വീഴ്ചയാണ്. ബജറ്റ് സംസ്ഥാനങ്ങളിലെപ്പോലെ ധനകാര്യമാനേജുമെന്റിന്റെ ഉപകരണമല്ല. ചട്ടപ്രകാരമുള്ള വഴിപാടു നിർവഹണം മാത്രം. കൈമാറിയ സ്ഥാപനങ്ങൾക്ക് ബജറ്റിൽ സ്ഥാനമില്ല. ബജറ്റിൽ പദ്ധതിവരവ് ചെലവുകൾ കൊള്ളിക്കുന്നുണ്ടെങ്കിലും അതൊരു പ്രാദേശിക സർക്കാരിന്റെ സമഗ്രരേഖയല്ല. ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറും കണക്ക് പരിശോധിക്കേണ്ടതാണ്. ഓരോ തദ്ദേശീയ സർക്കാരും ബജറ്റ് അവതരണത്തോടൊപ്പം ഒരു ഇക്കണോമിക് റെവ്യൂ (Economic Review) പ്രസിദ്ധീകരിക്കണം. അതിൽ സ്ഥാപനത്തിന്റെ ആസ്തിബാധ്യതകൾ കൃത്യമായി ചേർക്കേണ്ടതാണ്.

> ഗ്രാമസഭ ആണ്ടിൽ രണ്ടായി കുറയ്ക്കുകയും, ക്വാറം അഞ്ച് ശതമാനമായി കുറയ്ക്കുകയും ചെയ്ത് ഗ്രാമസഭയെ ഫലപ്രദമാക്കാം. എല്ലാ ഉദ്യോഗസ്ഥരും ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം. കഴിഞ്ഞ ആറ് മാസം ആ പ്രദേശത്ത് നടന്ന പ്രധാന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുക, മുൻസഭയുടെ തീരുമാനങ്ങൾ വീണ്ടും വായിച്ച് എത്ര കണ്ട് നടപ്പാക്കിയെന്ന് വിശദമാക്കുക, വാർഡിൽ നടന്ന ആരോഗ്യപ്രശ്നങ്ങളും പ്രവർത്തനവും, ക്രമസമാധാനം, നികുതിപ്രശ്നങ്ങൾ ഒക്കെ അജണ്ടയിൽ സ്ഥാനംപിടിക്കണം.

തദ്ദേശീയ ജനാധിപത്യവും, വികസനവും ബന്ധിപ്പിക്കുന്നതിൽ മുൻകൈ എടുത്ത ഏകസംസ്ഥാനം കേരളമാണ്. ഭരണഘടനയുടെ അനുച്ഛേദം 243 G, 243 W, 243 ZD നടപ്പാക്കുന്ന കാര്യത്തിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെ മുമ്പോട്ടു പോയിട്ടുണ്ടെങ്കിലും, ഇന്നത്തെ സ്ഥിതി വളരെയേറെ തിരുത്തലുകൾ ആവശ്യപ്പെടുന്നുവെന്നതാണ് കമ്മിറ്റിയുടെ കണ്ടെത്തൽ. കാർഷികമേഖലയുടെ പിന്നോക്കാവസ്ഥ മാറ്റാൻ പഞ്ചായത്തുകൾക്ക് ബഹുദൂരം മുന്നേറാനുണ്ട്. ബഹുമുഖ ഘട്ടങ്ങളുള്ള വികേന്ദ്രീകൃത ആസൂത്രണം അക്ഷരാർത്ഥത്തിൽ നിലനിർത്തിക്കൊണ്ട് അതിന്റെ അന്തസത്തയെ ഇല്ലായ്മ ചെയ്യുന്നുവെന്ന വസ്തുനിഷ്ഠ യാഥാർത്ഥ്യം മനസ്സിലാക്കാതെ തദ്ദേശസ്ഥാപനങ്ങൾക്ക് ബഹുദൂരം മുന്നേറാനാവില്ല. നെൽപ്പാടങ്ങൾ മാത്രമല്ല, മിക്ക വിളകളുടേയും വിസ്തൃതി കുറയുന്നു. എന്നാൽ ഉല്പാദനക്ഷമത കുറയുന്നില്ലെന്ന മെച്ചമുണ്ടുതാനും. കൃഷിഭവനുകൾ സബ്സിഡി വിതരണ ഏജൻസികളായിട്ടല്ല, കാർഷിക വികസനത്തിന്റെ സിരാകേന്ദ്രമായി മാറണം. പാടശേഖര സമിതികളെ സഹായിക്കാൻ പാകത്തിൽ കേന്ദ്രതൊഴിലുറപ്പു പദ്ധതിയിൽ മാറ്റങ്ങൾ വരുത്തണം. ഓരോ ജില്ലയിലേയും കർഷകരുടെ ഗ്രാമസഭ കൂടി കാർഷികനയമുണ്ടാക്കാൻ ജില്ലാ ആസൂത്രണ സമിതി (D.P.C.) മുൻകൈ എടുക്കണം.

വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഏറ്റവും ബലഹീന വശം അതിനുവേണ്ട സാങ്കേതിക പിൻബലമില്ലെന്നുള്ളതാണ്. വിവിധ മേഖലകളിലായി പത്ത് പന്ത്രണ്ട് വർക്കിംഗ് ഗ്രൂപ്പുകളും ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും അവ ഫലപ്രദമല്ല. പ്രോജക്ട് നിർമ്മാണം പൊതുവെ വൻപരാജയമാണ്. ഒരു ക്ലാർക്ക് ഒരു മാസം കൊണ്ട് 122 പ്രോജക്ടുകൾ പടച്ചുണ്ടാക്കിയെന്നു പറഞ്ഞാൽ നമ്മുടെ വികസനവലയത്തിന്റെ ദൂഷിതവലയമാണത് കാണിക്കുക. നാം സ്ഥിതിഗതികളിലെ ജീർണ്ണത മനസ്സിലാക്കണം. വിവിധ മേഖലകൾ തമ്മിൽ ഏകോപനം ഇല്ല. ഡിപ്പാർട്ടുമെന്റുകളല്ല വികസനമാണ് മുഖ്യം. ജില്ലാതല ആസൂത്രണം അനിവാര്യമാണ്. ഒരിക്കൽ ഡിപിസി അനുമതി കിട്ടിയവയ്ക്ക് വീണ്ടും അനുമതി ആവശ്യമില്ല. വിവിധ മേഖലകളിലെ വിദഗ്ദ്ധരുടെ ഒരു പാനൽ ബ്ലോക്ക് തലത്തിൽ തയ്യാറാക്കുന്നതിൽ പ്ലാനിംഗ് ബോർഡ് സഹായിക്കണം. കമ്മിറ്റികളിൽ പാർശ്വവർത്തികളല്ല പ്രായോഗിക നൈപുണ്യമുള്ള വിദഗ്ദ്ധരാണാവശ്യം.

ഗ്രാമസഭ

പൊതുവെ പറഞ്ഞാൽ ഗ്രാമസഭകൾ ഫലത്തിൽ സജീവമല്ല. ആണ്ടിൽ 4 ഗ്രാമസഭ എന്നുപറഞ്ഞാൽ 20 വാർഡുകളുള്ള ഗ്രാമപ്പഞ്ചായത്തിൽ 80 മീറ്റിംഗുകൾ. ഇത് അത്ര ലഘുവായി കാണരുത്. ഗ്രാമസഭ ആണ്ടിൽ രണ്ടായി കുറയ്ക്കുകയും, ക്വാറം അഞ്ച് ശതമാനമായി കുറയ്ക്കുകയും ചെയ്ത് ഗ്രാമസഭയെ ഫലപ്രദമാക്കാം. എല്ലാ ഉദ്യോ

ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ അധ്യക്ഷൻ ഡോ. എം.എ. ഉമ്മൻ, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടിക്ക് റിപ്പോർട്ട് നൽകുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ്, പി. ശിവാനന്ദൻ എന്നിവർ സമീപം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വികേന്ദ്രീകൃതാസൂത്രണ പുരോഗതി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു. തൈയ്ക്കാട് ഗവൺമെന്റ് ഗസ്റ്റ്ഹൗസിൽ നടന്ന ചടങ്ങിൽ തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടിക്ക് കമ്മിറ്റി അദ്ധ്യക്ഷൻ ഡോ.എം.എ. ഉമ്മൻ റിപ്പോർട്ട് കൈമാറി. റിപ്പോർട്ട് പഠിച്ച് ആവശ്യമായ തീരുമാനങ്ങൾ സമയബന്ധിതമായി കൈക്കൊള്ളുമെന്ന് മന്ത്രി പറഞ്ഞു. മുൻകൂട്ടി നിശ്ചയിച്ച കാര്യക്രമങ്ങൾ മാത്രമല്ല പ്രവർത്തന അനുഭവങ്ങളുടെ അടിസ്ഥാനത്തിലും കൂടിയാണ് റിപ്പോർട്ട് തയ്യാറാക്കിയതെന്ന് കമ്മിറ്റി അദ്ധ്യക്ഷൻ പറഞ്ഞു. തദ്ദേശതലത്തിലെ ആരോഗ്യ പദ്ധതി, പട്ടികജാതി വർഗ്ഗ, മത്സ്യബന്ധന വിഭാഗങ്ങൾ, സ്ത്രീ ശാക്തീകരണം മുതലായവയ്ക്ക് പ്രത്യേക പ്രാതിനിധ്യം നൽകിയിട്ടുണ്ട്. 300 പേജുള്ള റിപ്പോർട്ട് 13 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി കമ്മിറ്റി 29 സിറ്റിംഗുകൾ നടത്തി. തെരഞ്ഞെടുത്ത ചില തദ്ദേശ ഭരണ സ്ഥാപനങ്ങൾ സന്ദർശിക്കുകയും, ഏതാനും സ്ഥാപനങ്ങളിൽനിന്നും കഴിഞ്ഞ പത്തുവർഷത്തെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിരുന്നു. കൂടാതെ, വിവിധ ജനപ്രതിനിധികളുമായും സംഘടനകളുമായും കമ്മിറ്റി ചർച്ച നടത്തുകയും ചെയ്തിരുന്നു.

ഗസ്ഥരും ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം. കഴിഞ്ഞ ആറ് മാസം ആ പ്രദേശത്ത് നടന്ന പ്രധാന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുക, മുൻസഭയുടെ തീരുമാനങ്ങൾ വീണ്ടും വായിച്ച് എത്ര കണ്ട് നടപ്പാക്കിയെന്ന് വിശദമാക്കുക, വാർഡിൽ നടന്ന ആരോഗ്യപ്രശ്നങ്ങളും പ്രവർത്തനവും, ക്രമസമാധാനം, നികുതിപ്രശ്നങ്ങൾ ഒക്കെ അജണ്ടയിൽ സ്ഥാനംപിടിക്കണം. മഹിളാസമാജം, യുവജനസംഘടനകൾ, രാഷ്ട്രീയപ്രവർത്തകർ, മതനേതാക്കൾ തുടങ്ങിയവരെ പ്രത്യേകം ക്ഷണിച്ച് ഗ്രാമസഭയുടെ പങ്കാളിത്തം വിപുലമാക്കണം. ഗ്രാമസഭയിലെ ഹാജർ ഔദ്യോഗിക രേഖയായി അംഗീകരിക്കണം. സ്ത്രീകൾക്ക് സംബന്ധിക്കുന്നതിന് സഹായകരമായ ദിവസവും സ്ഥലവും സമയവുമായിരിക്കണം യോഗങ്ങൾക്ക് നിശ്ചയിക്കേണ്ടത്. ഇങ്ങനെ ഒട്ടേറെ നിർദ്ദേശങ്ങൾ കമ്മറ്റി മുമ്പോട്ട് വയ്ക്കുന്നുണ്ട്.

ഓരോ പഞ്ചായത്തും അതതിന്റെ വികസനദർശനം വ്യക്തമാക്കണം. സർക്കാരിന്റെ മാർഗ്ഗരേഖകൾ കൃത്യതയോടു കൂടിയതും ലളിതവുമായിരിക്കണം. കൂടെക്കൂടെ മാറ്റാൻ പാടില്ല. ഒരു മധ്യകാല (mid- term) വിലയിരുത്തൽ നടത്തണം. ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളുടെ സംയുക്ത മീറ്റിംഗുകൾ ഉണ്ടാകണം. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം സംബന്ധിച്ച് പ്ലാനിംഗ് ബോർഡ് ഒരു ചർച്ചാരേഖ (discussion paper) തയ്യാറാക്കി സംസ്ഥാന വികസന സമിതിയിൽ (State Development Council) അവതരിപ്പിക്കുന്നതിന് തദ്ദേശഭരണ വകുപ്പ് മുൻകൈ എടുക്കണം.

എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെയും ജോലിഭാരം പഠിക്കാൻ ഒരു വിദഗ്ദ്ധ സമിതിയെ ഉടൻ നിശ്ചയിക്കണം. ഭാവിയിൽ ഡവലപ്മെന്റ് കമ്മിറ്റികൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കണം. ഓരോ പഞ്ചായത്തിനും ഒരു പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റം ഉണ്ടാകണം. ടെൻഡർ കമ്മിറ്റി പദ്ധതി നടത്തിപ്പിൽ അവർക്കുള്ള ഉത്തരവാദിത്വം ഉറപ്പിക്കണം. ഓഡിറ്റ് സിസ്റ്റവും കൂടുതൽ ഫലപ്രദമാക്കണം. പെർഫോമൻസ് ഓഡിറ്റ് ഇന്നുവേണ്ടവണ്ണം പ്രവർത്തിക്കുന്നില്ലെന്ന ആക്ഷേപമുണ്ട്. ഈ സമ്പ്രദായം തുടരേണ്ടതുണ്ടോ എന്ന് പരിശോധിക്കണം. ഗുണഭോക്തൃസമിതി പുനരുജ്ജീവിപ്പിക്കാൻ ശ്രദ്ധിക്കണം. അഴിമതി കുറയ്ക്കാനുള്ള ഒരു നല്ല മാർഗ്ഗമാണത്.

ആരോഗ്യസേവനം

കേരളത്തിന്റെ പേരുകേട്ട മാനവിക വികസനത്തിന്റെ സുപ്രധാന അടിത്തറ ആരോഗ്യപരിപാലന രംഗത്തെ നേട്ടമാണ്. ആരോഗ്യസേവനത്തിന്റെ ഒരു നല്ല പങ്ക് താഴോട്ട് കൈമാറിക്കഴിഞ്ഞു. പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്തുകൾക്കും, കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ ബ്ലോക്ക് പഞ്ചായത്തുകൾക്കും, താലൂക്ക് ആസ്പത്രികൾ മുനിസിപ്പാലിറ്റികൾക്കും, ജില്ലാ ആസ്പത്രികൾ ജില്ലാ പഞ്ചായത്തുകൾക്കുമാണ് കൈമാറിയിട്ടുള്ളത്. ആരോഗ്യ ഡിപ്പാർട്ടുമെന്റും തദ്ദേശ സ്ഥാപനങ്ങളും ആരോഗ്യകരമായ ബന്ധം പുലർത്തുന്നിടത്ത് കാര്യങ്ങൾ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും ഇനിയും ബഹുദൂരം മുമ്പോട്ട് പോകേണ്ടിയിരിക്കുന്നു. ഇരട്ട നിയന്ത്രണം വളരെക്കുറയ്ക്കേണ്ടതുണ്ട്. കുടുംബതലം, പ്രാഥമിക കേന്ദ്രം എന്നിങ്ങനെ സംസ്ഥാന തലം വരെ എത്തിനിൽക്കുന്ന ആരോഗ്യസ്ഥിതിവിവരസമ്പ്രദായം ഒരുകാലത്ത് നന്നായി നടന്നിരുന്നു. ഇത് അടിയന്തരമായി മെച്ചപ്പെടുത്തേണ്ടതാണ്. അങ്ങനെ തദ്ദേശീയ ആസൂത്രണത്തിൽ ആരോഗ്യവകുപ്പിന് വളരെ സഹായിക്കാനാകും. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരല്ല മെഡിക്കൽ ഓഫീസറന്മാർ തന്നെയാണ് ആരോഗ്യപദ്ധതികൾ തയ്യാറാക്കേണ്ടത്. 379 രോഗികളോട് അന്വേഷിച്ചതിൽ വെറും ആറ് ശതമാനം മാത്രമേ പൗരാവകാശ രേഖയെക്കുറിച്ച് കേട്ടിട്ടുള്ളു. തദ്ദേശീയ ജനാധിപത്യം ഇന്നും വെറും ശൈശവാവസ്ഥയിൽത്തന്നെ!

ഐ.സി.ഡി.എസ് (ICDS), എം.എസ്.എസ്. (MSS) ആഷാ (ASHA), കുടുംബശ്രീ എന്നിങ്ങനെ നിരവധി ഏജൻസികളുടെ ആരോഗ്യപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചാൽ പാഴ്ചെലവുകൾ കുറച്ച് കാര്യക്ഷമത വർദ്ധിപ്പിക്കാം. കേരള പഞ്ചായത്ത്, മുനിസിപ്പാലിറ്റി ആക്ടുകൾക്ക് വിധേയമായി ആരോഗ്യ വ്യവസ്ഥയ്ക്ക് പ്രത്യേക മാനുവൽ

ശേഷം പേജ് ..32..

പഞ്ചായത്തുകൾ കാര്യക്ഷമമാകാൻ

പ്രൊഫ. പി.കെ. രവീന്ദ്രൻ

അധികാര വികേന്ദ്രീകരണം പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ സാമൂഹ്യപ്രസക്തി വളരെയേറെ വർദ്ധിപ്പിച്ചിട്ടുണ്ട്. 1997-ൽ ആരംഭിച്ച ജനകീയാസൂത്രണം പ്രാദേശിക വികസന പ്രവർത്തനങ്ങളിൽ ത്രിതല പഞ്ചായത്തുകളെ മുഖ്യസംഘാടകരാക്കുകയും ചെയ്തിട്ടുണ്ട്. വികസന പ്രശ്നങ്ങൾ കണ്ടെത്തൽ, അവയ്ക്ക് പരിഹാരങ്ങൾ നിർദ്ദേശിക്കൽ, നിർദ്ദേശങ്ങൾ നടപ്പാക്കൽ, നടപ്പാക്കിയ പദ്ധതികളുടെ നേട്ടകോട്ടങ്ങൾ വിലയിരുത്തൽ, വീഴ്ചകൾക്ക് പരിഹാരം കാണൽ എന്നിങ്ങനെ എല്ലാം പഞ്ചായത്തുകളുടെ ചുമതലയിലായി. ഗ്രാമസഭകൾ, അയൽക്കൂട്ടങ്ങൾ, ഗുണഭോക്തൃ സമിതികൾ കർമ്മസമിതികൾ എന്നീ ബഹുജന കൂട്ടായ്മകളിലൂടെ ഭരണപ്രക്രിയയിൽ നേരിട്ടു പങ്കാളിയാകാനും ഭരണസംവിധാനത്തെ വിലയിരുത്താനും സാധാരണ പൗരന് അധികാരം ലഭ്യമായി. ഈ അധികാരം ഒരു പരിധി വരെയെങ്കിലും അവർ ഉപയോഗിച്ചു തുടങ്ങിയതിന്റെ ഫലമായി കഴിഞ്ഞ ഒരു ദശാബ്ദത്തിൽ നിരവധി മേഖലകളിൽ ഗ്രാമീണ കേരളത്തിലുണ്ടായ നേട്ടങ്ങൾ സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ അരനൂറ്റാണ്ടിലുണ്ടായതിനേക്കാൾ കൂടുതലാണ്. റോഡ്, കലുങ്ക്, കുടിവെള്ളം, പാർപ്പിടം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിലും, സ്കൂൾ, ആശുപത്രി, അങ്കണവാടി എന്നിങ്ങനെയുള്ള പൊതുസ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിലും അഭൂതപൂർവ്വമായ മുന്നേറ്റമാണ് ഇക്കാലയളവിലുണ്ടായത്.

എന്നാൽ ഉൽപാദന മേഖലയിൽ ഗണ്യമായ പുരോഗതി നേടാൻ ഇക്കാലത്തു കഴിഞ്ഞില്ല. കാർഷികോൽപാദനത്തിൽ കാര്യമായ വർദ്ധനവുണ്ടായില്ല. ഈ പരിമിതി തിരിച്ചറിഞ്ഞു കൊണ്ടാണ് പതിനൊന്നാം പദ്ധതിയിൽ കാർഷികോത്പാദന വർദ്ധനവിന് പ്രത്യേക പരിഗണന നൽകാനും തൊഴിലുറപ്പു പദ്ധതിയെ കൂടി ഇതിനുപയോഗപ്പെടുത്താനും തീരുമാനമെടുത്തത്. കാർഷികമേഖലയിൽ പഞ്ചായത്തുകൾ ഗൗരവമായി ഇടപെട്ടു തുടങ്ങിയതിന്റെ നേട്ടം ദൃശ്യമായി തുടങ്ങിയിട്ടുണ്ട്. പത്തൊമ്പതിനായിരത്തിൽ ഏറെ ഹെക്ടറിൽ പുതുതായി നെൽകൃഷി ആരംഭിക്കാനും ആയിരക്കണക്കിന് ഏക്കറിൽ പുതുതായി പച്ചക്കറി കൃഷി ആരംഭിക്കാനും 2008-ൽ കഴിഞ്ഞിട്ടുണ്ട്. ഇത് കൂടുതൽ മുന്നോട്ടുകൊണ്ടു പോകേണ്ടതുണ്ട്. മാലിന്യ സംസ്ക്കരണരംഗത്തും ഗണ്യമായ മുന്നേറ്റം സാധ്യമായിട്ടുണ്ട്.

ഇതൊക്കെയാണെങ്കിലും ഭരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലും ഭരണസംവിധാനത്തെ ജനപ്രിയമാക്കുന്നതിലും ഭരണപ്രക്രിയ സുതാര്യമാക്കുന്നതിലും ആശിച്ച പുരോഗതിയുണ്ടായിട്ടില്ല എന്നു പറയാതെ വയ്യ. കണക്കുകൾ സൂക്ഷിക്കുന്നതിലും കൃത്യമായ കണക്കുകൾ സമയത്ത് ഓഡിറ്റിനു സമർപ്പിക്കുന്നതിലും നമ്മുടെ പഞ്ചായത്തുകൾ മുൻനിരയിലല്ല. അധികാര വികേന്ദ്രീകരണത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളത്തിന് ഉണ്ടായിരുന്ന ഒന്നാം സ്ഥാനം കൈമോശം വരുന്നതിന് ഭരണ സംവിധാനത്തിന്റെ ദൗർബല്യങ്ങൾ കാരണമാവുകയാണ്. മധ്യപ്രദേശ്, പശ്ചിമബംഗാൾ തമിഴ്നാട് സംസ്ഥാനങ്ങൾ ഇത്തരം കാര്യങ്ങളിൽ കേരളത്തേക്കാൾ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതായി ദേശീയതലത്തിലുള്ള ഒരു വിലയിരുത്തൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പഞ്ചായത്തുകളിലെ ജോലിഭാരം പലമടങ്ങു വർധിച്ചിട്ടുണ്ടെന്നും ജീവനക്കാർ കുറവാണെന്നുമുള്ള വാദം കൊണ്ട് ഈ അവസ്ഥയെ പ്രതിരോധിക്കാനാവില്ല. പഞ്ചായത്തുകളിലെ ജോലിഭാരം ഒരു വസ്തുതയാണ്. എന്നാൽ എല്ലാ പഞ്ചായത്തുകളെയും ഇത് ഒരുപോലെയല്ല ബാധിക്കുന്നത്. സെക്രട്ടറിയുൾപ്പെടെ 16 ജീവനക്കാരുള്ള പഞ്ചായത്തു മുതൽ 5 ജീവനക്കാർ മാത്രമുള്ള പഞ്ചായത്തു വരെയാണ് നമ്മുടെ സംവിധാനത്തിലുള്ളത്. ഈ സംവിധാനം ഒരു ചിട്ടപ്പെടുത്തലിനു വിധേയമാക്കേണ്ടതുണ്ട്. ദൈനംദിന പ്രവർത്തനങ്ങൾ ചിട്ടയായി നടത്താൻ ആവശ്യമായ ഒരു മിനിമം എണ്ണം ജീവനക്കാർ എല്ലാ പഞ്ചായത്തിലും ഉണ്ടെന്ന് ഉറപ്പാക്കേണ്ടതുണ്ട്. കൂടാതെ എഞ്ചിനീയറിങ്ങ്, ക്ഷേമകാര്യ വിഭാഗങ്ങളെ പഞ്ചായത്തു സംവിധാനവുമായി ജൈവികമായി ബന്ധപ്പെടുത്തേണ്ടതുമുണ്ട്.

> അധികാര വികേന്ദ്രീകരണത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളത്തിന് ഉണ്ടായിരുന്ന ഒന്നാം സ്ഥാനം കൈമോശം വരുന്നതിന് ഭരണ സംവിധാനത്തിന്റെ ദൗർബല്യങ്ങൾ കാരണമാവുകയാണ്. മധ്യപ്രദേശ്, പശ്ചിമബംഗാൾ തമിഴ്നാട് സംസ്ഥാനങ്ങൾ ഇത്തരം കാര്യങ്ങളിൽ കേരളത്തേക്കാൾ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതായി ദേശീയതലത്തിലുള്ള ഒരു വിലയിരുത്തൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

പഞ്ചായത്തുകളിലെ കണക്കുസൂക്ഷിപ്പു സംവിധാനം വളരെ ദുർബലമാണ്. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഗണ്യമായ മാറ്റം ഈ രംഗത്തുണ്ടായിട്ടുണ്ട്. എങ്കിലും സാമ്പത്തിക വർഷാവസാനം കഴിഞ്ഞ് മൂന്ന് മാസങ്ങൾക്കകം കണക്കുകൾ പൂർത്തിയാക്കി ഓഡിറ്റിനു സമർപ്പിക്കാൻ കഴിയുന്ന പഞ്ചായത്തുകൾ വളരെ വിരളമാണെന്നതാണ് സത്യം. ഈ പരിമിതി പലതരത്തിലുമുള്ള വിമർശനങ്ങൾക്കു കാരണമായിട്ടുണ്ട്. ഇപ്പോൾ അധികാര വികേന്ദ്രീകരണരംഗത്ത് കേരളം നേടിയിരുന്ന അഖിലേന്ത്യാതലത്തിലുള്ള അംഗീകാരം നഷ്ടപ്പെടുന്നതിനും ഇത് ഇടയാക്കുന്നു. ജോലിഭാരത്തിന്റെ തണലിൽ ഈ പരിമിതിയെ ന്യായീകരിക്കാൻ കഴിയില്ല. സമയബന്ധിതമായും കാര്യക്ഷമതയോടെയും, സുതാര്യമായും പഞ്ചായത്തു ഭരണം നടത്തി കൊണ്ടുപോകാൻ കഴിയുന്നതരത്തിൽ ഭരണസംവിധാനം പുന:സംഘടിപ്പിക്കുകയും കമ്പ്യൂട്ടർ വൽക്കരണമുൾപ്പെടെയുള്ള സങ്കേതങ്ങൾ ഉപയോഗപ്പെടുത്തുകയും വഴി മാത്രമേ ഈ ദൗർബല്യം പരിഹരിക്കാൻ കഴിയൂ. പഞ്ചായത്തുകളുടെ കണക്കു സൂക്ഷിപ്പും വിവരശേഖരങ്ങളുടെ സൂക്ഷിപ്പും പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിച്ച പശ്ചിമബംഗാളിനെ ഇക്കാര്യത്തിൽ മാതൃകയാക്കാവുന്നതാണ്. മാസാന്ത്യ വരവുചെലവു കണക്കുകൾ മാസത്തിലെ അവസാന പ്രവൃത്തി ദിവസം തന്നെ സംസ്ഥാന ഡാറ്റാസ്റ്റോറേജിലേയ്ക്കും വകുപ്പ് ആസ്ഥാനത്തേയ്ക്കും കമ്പ്യൂട്ടർശൃംഖല വഴി എത്തിക്കാൻ പശ്ചിമബംഗാളിലെ പഞ്ചായത്തുകൾക്ക് കഴിയുന്നു. പഞ്ചായത്തു ജീവനക്കാർ തന്നെയാണിതു ചെയ്യുന്നത്. ജനന മരണ രജിസ്ട്രേഷൻ, വ്യത്യസ്ത സ്കീമുകളും പ്രോജക്ടുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവയും കമ്പ്യൂട്ടർവത്ക്കരിക്കാൻ അവർക്ക് കഴിഞ്ഞിരിക്കുന്നു.

> സമയബന്ധിതമായും കാര്യക്ഷമതയോടെയും, സുതാര്യമായും പഞ്ചായത്തുഭരണം നടത്തി കൊണ്ടുപോകാൻ കഴിയുന്ന തരത്തിൽ ഭരണസംവിധാനം പുന:സംഘടിപ്പിക്കുകയും കമ്പ്യൂട്ടർ വൽക്കരണമുൾപ്പെടെയുള്ള സങ്കേതങ്ങൾ ഉപയോഗപ്പെടുത്തുകയും വഴി മാത്രമേ ഇപ്പോഴുള്ള ദൗർബല്യം പരിഹരിക്കാൻ കഴിയൂ. പഞ്ചായത്തുകളുടെ കണക്കു സൂക്ഷിപ്പും വിവരശേഖരങ്ങളുടെ സൂക്ഷിപ്പും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച പശ്ചിമബംഗാളിനെ ഇക്കാര്യത്തിൽ മാതൃകയാക്കാവുന്നതാണ്.

കണക്കുസൂക്ഷിപ്പിന് പ്രത്യേക ചുമതലയുള്ള ഒരു അക്കൗണ്ടന്റിനെ എല്ലാ പഞ്ചായത്തുകളിലും നിയമിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് നിയമനത്തോടൊപ്പം പൊതുഭരണം, അക്കൗണ്ട്, എഞ്ചിനീയറിങ്ങ്, ക്ഷേമകാര്യം എന്നിങ്ങനെ വ്യക്തമായ നാലു വിഭാഗങ്ങളായി പഞ്ചായത്ത് ഭരണസംവിധാനത്തെ വിഭജിച്ച് ചുമതലകൾ ഏൽപ്പിച്ചുകൊടുക്കണം. സ്ഥിരം സമിതികളെയും ഈ വിഭാഗങ്ങളുമായി ബന്ധിപ്പിക്കണം. അധികാര വികേന്ദ്രീകരണം ഭരണ സംവിധാനത്തിനും ഭരണസമിതിക്കകത്തും ഫലപ്രദമായി നടപ്പാക്കാൻ ഇതുവഴി കഴിയും. ഭരണ സംവിധാനവുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും നടപടികളും കമ്പ്യൂട്ടർവൽക്കരിക്കാനുള്ള പ്രവർത്തനവും ഇനി അൽപം പോലും വൈകിക്കാൻ പറ്റില്ല. അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാണ്. പരിശീലനങ്ങൾ കഴിഞ്ഞിട്ടുണ്ട്. സോഫ്റ്റ്വെയറുകളും തയ്യാറായിട്ടുണ്ട്. ആറുമാസത്തിനകം പഞ്ചായത്തിലെ എല്ലാ കണക്കുകളും രേഖകളും കമ്പ്യൂട്ടർവൽക്കരിക്കും എന്ന ഉറച്ച തീരുമാനമെടുക്കുകയേ വേണ്ടൂ. ഇതിനുള്ള ഇച്ഛാശക്തി ഭരണസംവിധാനങ്ങൾക്കും ഉണ്ടെന്ന് തെളിയിച്ചു കൊടുക്കേണ്ട സമയമാണിത്. അതിന് നമുക്ക് കൂട്ടായി ശ്രമിക്കാം. ■

ലേഖകൻ തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയാണ്



വയനാടിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ്

എ.എൻ. പ്രഭാകരൻ

വയനാട് ജില്ല പല കാര്യങ്ങളിലും രാജ്യത്തിന് മാതൃകയായിട്ടുണ്ട്. സമീപ കാലത്ത് കർഷക ആത്മഹത്യയിലൂടെ ഈ ചെറിയ ജില്ല ഇന്ത്യയിലെ ശ്രദ്ധാകേന്ദ്രമായിരുന്നു. ആ ദുഷ്പ്പേരിൽ നിന്നും വയനാട് കര കയറിയിട്ടുണ്ട്. കർഷക ആത്മഹത്യകൾ പോയകാലത്തിന്റെ വ്യസനം പോലെ ഇന്ന് ഓർമ്മയിൽ നിലനില്ക്കുകയാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിജയകരമായി നടപ്പാക്കുകയും അഴിമതി രഹിതമാണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തതിലൂടെ ഇന്ത്യക്കാകെ മാതൃകയാവാൻ ജില്ലയ്ക്ക് സാധിച്ചു. വിമാനത്താവളവും തീവണ്ടിയും സമുദ്രതീരവുമില്ലാത്ത വയനാട്ടിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും സമ്പൂർണ്ണശുചിത്വ പദ്ധതിയിലൂടെ നിർമ്മൽ ഗ്രാമങ്ങളാവുകയും വയനാടിനെ നിർമ്മൽ ജില്ലയായി അംഗീകരിക്കുകയും ചെയ്തു. പദ്ധതി നിർവ്വഹണത്തിലും ഉല്പാദനമികവിലും ശ്രദ്ധയൂന്നിക്കൊണ്ട് ജില്ലയിലെ പദ്ധതി പ്രവർത്തനം പുരോഗമിക്കുകയാണ്.

ഈ സാഹചര്യത്തിലാണ് മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിനും രാജ്യത്തിനും മാതൃകയാവാൻ ഈ ചെറിയ ജില്ല പരിശ്രമിക്കുന്നത്.

അധികാരവികേന്ദ്രീകരണവും ജനകീയാസൂത്രണവും നടപ്പാക്കിയതോടെ ഗ്രാമപ്പഞ്ചായത്തുകളിലെ ജോലിഭാരം വർദ്ധിക്കുകയും സേവനങ്ങൾ യഥാസമയം നിശ്ചിത നിലവാരത്തോടെ പ്രദാനം ചെയ്യുന്നതിന് പെടാപ്പാടുപെടുകയും ചെയ്യുന്ന അവസ്ഥയുണ്ടായി. സേവനങ്ങൾ നല്കുന്നതോടൊപ്പം തന്നെ ഓഫീസിലെ കണക്കുകൾ ചിട്ടപ്പെടുത്തുക, രേഖകൾ കൃത്യമായി സൂക്ഷിക്കുക, യോഗ നടപടിക്രമങ്ങൾ കൃത്യതയോടെ തയ്യാറാക്കുക തുടങ്ങിയ ജോലികൾ കൂടി ചെയ്യുക എന്നത് നിലവിലുള്ള ജീവനക്കാരെക്കൊണ്ടുമാത്രം കഴിയുന്ന കാര്യമല്ലാതായി. ദേശീയതൊഴിലുറപ്പ് പദ്ധതിപോലുള്ള പരിപാടികൾകൂടി ആയതോടെ ഈ നിലയിൽ മുന്നോട്ടുപോവുക സാധ്യമേയല്ല എന്ന ഘട്ടത്തിലേയ്ക്ക് കടന്നു.

ഒറ്റപ്പെട്ട പരിശ്രമങ്ങൾ

ഓഫീസിലെ തിരക്ക് നിയന്ത്രിക്കുന്നതിനും ചിട്ടയോടെ ഓഫീസ് പ്രവർത്തനം ക്രമീകരിക്കുന്നതിനും അതിലൂടെ ജോലിഭാരം കുറയ്ക്കുന്നതിനും ജില്ലയിലെ ചില ഗ്രാമപഞ്ചായത്തുകളിൽ ഒറ്റപ്പെട്ട പരിശ്രമങ്ങൾ ഈ കാലത്തുതന്നെ ആരംഭിച്ചിരുന്നു. വ്യക്തമായ ചട്ടങ്ങളോ മാർഗ്ഗരേഖയോ ഇല്ലാത്തതുകൊണ്ട് അവയൊന്നും വേണ്ടവിധത്തിൽ വിജയം കണ്ടില്ല.

കൂടിയാലോചനാ സമിതി

ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം നടത്തുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്ന ജില്ലയിലെ വേദിയായ ജില്ലാതല കൂടിയാലോചനാ സമിതി യോഗത്തിൽ ഓഫീസ് പ്രവർത്തനം ചിട്ടപ്പെടുത്തുന്നതിന് വേണ്ടി ഒരു ഫ്രണ്ട് ഓഫീസ് മാർഗ്ഗരേഖ 'കില' യുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയിട്ടുണ്ടെന്നും അതു നടപ്പാക്കുന്ന പക്ഷം ജനസൗഹൃദഭരണം എന്ന കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കുന്നതിന് ഗതിവേഗം വരുത്താനാവുമെന്നും പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ എൻ. സുരാജ് യോഗത്തിൽ അറിയിച്ചു. സംവിധാനത്തിന്റെ വിവിധ വശങ്ങൾ ചർച്ച ചെയ്ത സമിതി അപ്രകാരമുള്ള ഫ്രണ്ട് ഓഫീസ് സംവിധാനം ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും 2009 ഫെബ്രുവരി 19 ന് മുമ്പായി നടപ്പാക്കണം എന്ന് തീരുമാനിക്കുകയും ചെയ്തു. ഇതിനാവശ്യമായ പിന്തുണാ സംവിധാനം ലഭ്യമാക്കുന്നതിന് 'കില' യോടെ അഭ്യർത്ഥിക്കുവാനും തീരുമാനിച്ചു.

'കില' യുടെ പിന്തുണ

കൂടിയാലോചനാ സമിതിയുടെ തീരുമാനത്തിന് 'കില' ഡയറക്ടർ പ്രൊഫ. എൻ. രമാകാന്തൻ പൂർണ്ണ പിന്തുണ ഉറപ്പുതന്നതോടെയാണ് പ്രവർത്തനങ്ങൾക്ക് ശരിയായ ദിശാബോധമുണ്ടായത്. ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, സെക്രട്ടറിമാർ എന്നിവർക്കായി ഒരു ഏകദിന ശില്പശാല നടത്തുകയും പ്രൊഫ. രമാകാന്തന്റെ നേതൃത്വത്തിൽ ഒരു കർമ്മ പദ്ധതി രൂപീകരിക്കുകയും ചെയ്തു. മുഴുവൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും,ജൂനിയർ സൂപ്രണ്ടുമാർക്കും ഹെഡ് ക്ലർക്കുമാർക്കും കിലയിൽ വെച്ച് രണ്ടുദിവസത്തെ പരിശീലനം നല്കി. കില അസിസ്റ്റന്റ് ഡയറക്ടർ വിനോദ് കുമാറിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഫ്രണ്ട് ഓഫീസ് മാർഗ്ഗരേഖയുടെ കോപ്പികൾ പഞ്ചായത്തുകളിൽ ലഭ്യമാക്കി. അക്കൗണ്ട്, എസ്റ്റാബ്ലിഷ്മെന്റ്, ക്ഷേമ പദ്ധതികൾ എന്നിവ കൈകാര്യം ചെയ്യുന്ന ക്ലർക്കുമാർക്ക് അവരുടെ മേഖലയിൽ പ്രത്യേക പരിശീലനവും, മുഴുവൻ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് ഫ്രണ്ട് ഓഫീസ് മാനേജ്മെന്റിൽ സവിശേഷ പരിശീലനവും കിലയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു.

ത്രിമുഖ സമീപനം

അടുത്ത ഘട്ടമായി ഓരോ ഗ്രാമപഞ്ചായത്തിലും വെച്ച് ഫ്രണ്ട് ഓഫീസ് ശില്പശാലകൾ നടത്തുക എന്നതായിരുന്നു ലക്ഷ്യം. പഞ്ചായത്തിലെ മുഴുവൻ ജീവനക്കാരും ജനപ്രതിനിധികളും നിർവ്വഹണ ഉദ്യോഗസ്ഥരും ഒരുമിച്ചിരുന്ന് അതാത് സ്ഥാപനത്തിന്റെ സാധ്യ

തകൾ വിലയിരുത്തുകയും അനുയോജ്യമായ രീതി നിശ്ചയിക്കുകയും ചെയ്യുക എന്നതായിരുന്നു ശില്പശാലയിൽ ഉദ്ദേശിച്ചത്. ജോലി വിഭജന രേഖ, റൊട്ടേഷൻ വ്യവസ്ഥയിലെ ഫ്രണ്ട് ഓഫീസ് ചുമതല, ഫ്രണ്ട് ഓഫീസ് പ്രക്രിയ, അടിസ്ഥാന സൗകര്യം എന്നിവയൊക്കെ ചർച്ചാവിഷയമായി. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നിരന്തരമായ പ്രേരണയും ഇച്ഛാശക്തിയും ജീവനക്കാരേയും ജനപ്രതിനിധികളേയും കർമ്മോത്സുകരാക്കി. ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിക്കുന്നതിന് ത്രിമുഖ സമീപനമാണ് ശില്പശാലയിൽ സ്വീകരിച്ചത്.

1. ഉടൻ സ്വീകരിക്കാവുന്ന നടപടികൾ.
2. 2009 മാർച്ച് 31ന് മുമ്പ് സ്വീകരിക്കാവുന്നവ
3. 2009–10 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടവ.

ശില്പശാലയുടെ ഒടുവിൽ അന്നുതന്നെ ഗ്രാമപഞ്ചായത്തിന്റെ സവിശേഷയോഗം ചേരുന്നതിന് നോട്ടീസ് നല്കിയിട്ടുണ്ടായിരുന്നു. ഈ യോഗത്തിൽവെച്ച് ത്രിമുഖ സമീപനത്തിലൂടെ നടപ്പാക്കേണ്ട കാര്യങ്ങളിൽ തീരുമാനം കൈക്കൊള്ളുകയും അന്നേദിവസം മുതൽ ഫ്രണ്ട് ഓഫീസ് പ്രക്രിയ ആരംഭിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. അന്നുതന്നെ ആദ്യ അപേക്ഷ സ്വീകരിച്ച് രസീത് നല്കുന്നതോടെയാണ് ശില്പശാലകൾ അവസാനിച്ചത്. രസീത്, ഫ്രണ്ട് ഓഫീസ് ഡയറി, രജിസ്ട്രേഷൻ പുസ്തകം, മാർഗ്ഗരേഖ എന്നിവ 'കില' യുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കി നല്കിയിരുന്നു.

പഞ്ചായത്ത് രാജ്

പ്രഖ്യാപനം

ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിച്ച് കഴിഞ്ഞതിനുശേഷം അതിലെ പോരായ്മകൾ കണ്ടെത്തി പരിഹരിക്കാനും അടിയന്തരമായ അടിസ്ഥാന സൗകര്യങ്ങൾ (വിവിധ അറിയിപ്പു ബോർഡുകൾ, കൗണ്ടർ, ഇരിപ്പിടങ്ങൾ, എഴുത്തുമേശ, കുടിവെള്ളം മുതലായവ) ഒരുക്കുവാനുള്ള പരിശ്രമങ്ങൾ നടത്തുകയും, സംവിധാനം തടസ്സമില്ലാതെ പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്തശേഷം പഞ്ചായത്ത് തലത്തിൽ ഇതിന്റെ പ്രഖ്യാപനം നടത്തുക എന്നതായിരുന്നു അടുത്ത ഘട്ടം. പഞ്ചായത്തിലേയും ഘടക സ്ഥാപനങ്ങളിലേയും മുഴുവൻ ജീവനക്കാർ, ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഓരോ ഗ്രാമപഞ്ചായത്തിലേയും ഫ്രണ്ട് ഓഫീസ് പ്രവർത്തനം ജനങ്ങൾക്ക് സമർപ്പിക്കുന്ന ചടങ്ങുകൾ നീണ്ടു നിന്ന കരഘോഷത്തോടെയാണ് സദസ്സുകൾ സ്വീകരിച്ചത്.

ഉപസംഹാരം

ആദ്യഘട്ടത്തിൽ ആശങ്കയോടെ മാറിനിന്ന ചുരുക്കം ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സംവിധാനം നടപ്പാക്കി കഴിഞ്ഞതോടെ ശുഭാപ്തി വിശ്വാസികളായി എന്നത് സന്തോഷകരമായ വസ്തുതയാണ്. ജനങ്ങൾക്കും ജീവനക്കാർക്കും ആശ്വാസകരമായ അന്തരീക്ഷം സൃഷ്ടിക്കാൻ ഇതിലൂടെ സാധിച്ചിട്ടുണ്ട്. ആദ്യം വരുന്നവർക്ക് ആദ്യം എന്ന മുൻഗണനാ സമ്പ്രദായത്തിലൂടെ സാമൂഹ്യനീതിയുടെ ഒരു പടവുകൂടി നാം മുന്നേറിക്കഴിഞ്ഞു. ജനകേന്ദ്രീകൃതമായ ഭരണസംവിധാനം ഉറപ്പുവരുത്തുന്നതിന് ഇനിയും നമുക്ക് മുന്നേറേണ്ടതുണ്ട്. ജീവനക്കാരുടേയും അടിസ്ഥാന സൗകര്യങ്ങളുടേയും കുറവ് പരിഹരിക്കേണ്ടതുണ്ട്. ഇലക്ട്രോണിക് സാങ്കേതിക വിദ്യ ജനോപകാരപ്രദമായ രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങളും പരിശീലനങ്ങളും അനിവാര്യമാണ്. ജീവനക്കാരുടേയും ജനപ്രതിനിധികളുടേയും മനോഭാവ വ്യതിയാനം ഉൾപ്പെടെയുള്ള വൈദഗ്ദ്ധ്യ വികസനത്തിന് നിരന്തരവും ഫലപ്രദവുമായ പരിശീലന പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. ആസൂത്രണ പ്രക്രിയ കാര്യക്ഷമമാക്കുന്നതിന് കുറ്റമറ്റരീതിയിലുള്ള അടിസ്ഥാനവിവര വ്യൂഹം ഉണ്ടാവേണ്ടതുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം ഇതിന്റെയൊക്കെ എളിയ തുടക്കം മാത്രമാണ്. ■

ലേഖകൻ
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
വയനാട് ജില്ലാ പ്രസിഡന്റാണ്

കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത്

വൈകല്യത്തെ വെല്ലുവിളിച്ച് ബഡ്സ്

കരിവെള്ളൂർ വിജയൻ

കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിൽ അടുത്തകാലം വരെയും തീരെ അവഗണിക്കപ്പെട്ടു കിടന്ന ഒരു വിഭാഗമായിരുന്നു ശാരീരിര മാനസിക വെല്ലുവിളികൾ നേരിടുന്നവർ. ഈ വിഭാഗത്തിൽപെടുന്ന കുട്ടികളെ സമൂഹം അവജ്ഞയോടെയോ അതല്ലെങ്കിൽ സഹതാപത്തോടെയോ നോക്കിക്കാണുന്നതല്ലാതെ അവർക്ക് വേണ്ടി മറ്റൊന്നും ചെയ്യാൻ തയ്യാറാകാതിരുന്ന അവസ്ഥയിലായിരുന്നു. അത്തരം കുട്ടികളുടെ മാതാപിതാക്കളാവട്ടെ ഒന്നും ചെയ്യാൻ സാധിക്കാത്ത നിസ്സഹായവസ്ഥയിലും. ഇത്തരം കുട്ടികളുടെ കാര്യത്തിൽ എന്തു ചെയ്യണം എന്നതിനെക്കുറിച്ചുള്ള അറിവില്ലായ്മ, അവർക്ക് വേണ്ടിയുള്ള സ്ഥാപനങ്ങളുടെ അഭാവം, രക്ഷിതാക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ തുടങ്ങിയവയായിരുന്നു ഈ അവസ്ഥയ്ക്ക് കാരണം. അടുത്ത കാലത്തായി സർക്കാരും സാമൂഹ്യ സംഘടനകളും ഇക്കാര്യത്തിൽ ശുഭ പ്രതീക്ഷയ്ക്ക് വക നൽകുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ട് വന്നുകൊണ്ടിരിക്കുകയാണ്.

ഇത്തരം വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സാന്നിദ്ധ്യം കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തിലും ഉണ്ടെന്ന കാര്യം നേരത്തെ തന്നെ ശ്രദ്ധയിൽപെട്ടിരുന്നു. അങ്കണവാടികൾ മുഖേന നടത്തിയ ഒരു സർവ്വേയിലൂടെയാണ് ഇത്തരം കുട്ടികളെ പുനരധിവസിപ്പിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടത്. സാമൂഹ്യ സുരക്ഷിതത്വം തുടങ്ങിയ കാര്യങ്ങളിൽ സംയോജിതവും സമഗ്രവുമായ ഇടപെടൽ സാധ്യതകൾ ഒരുക്കുന്നതിന്റെ ഭാഗമായി അത്തരം കുട്ടികൾക്കായി ഒരു "ബഡ്സ് സ്പെഷ്യൽ സ്കൂൾ' സ്ഥാപിക്കുക എന്ന ആശയം രൂപം കൊണ്ടു. ഗ്രാമസഭകളിൽ ഈ നിർദ്ദേശം ചർച്ച ചെയ്യുകയും 2008-09 വാർഷിക പദ്ധതിയിൽ രണ്ട് ലക്ഷം രൂപ പദ്ധതി വിഹിതം വക കൊള്ളിച്ചുകൊണ്ട് ഒരു പ്രോജക്ടിന് രൂപം നൽകുകയും ചെയ്തു. വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്ക് ശേഷം ജില്ലാ ആസൂത്രണ സമിതി അതിന് അംഗീകാരം നൽകുകയും സ്കൂൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു.

സ്ഥാപനത്തിന്റെ ഉടമസ്ഥത പൂർണ്ണമായും കരിവെള്ളൂർ - പെരളം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണെങ്കിലും ബഡ്സ് സ്കൂളിന്റെ ഭരണം, വികസനം, ക്ഷേമം, സംരക്ഷണം തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് ഭരണ സമിതി, സ്ഥാപനതല മാനേജ്മെന്റ് കമ്മറ്റി, ഉപദേശക സമിതി എന്നിങ്ങനെ 3 തലത്തിലുള്ള സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സ്ഥാപന നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് വേണ്ടി ഈ സമിതികളുടെ അധികാരങ്ങളും ചുമതലകളും നിർവ്വചിക്കുകയും മറ്റ് ആവശ്യമായ നിബന്ധനകൾ ഉൾക്കൊള്ളിക്കുകയും ചെയ്തുകൊണ്ട് ഒരു നിയമാവലിക്കും സ്കൂൾ പ്രവർത്തന ചട്ടങ്ങൾക്കും രൂപം നൽകിയിട്ടുണ്ട്. 1995 ലെ വികലാംഗ ജന നിയമമനുസരിച്ച് രജിസ്ട്രേഷൻ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലുള്ള ഈ അപേക്ഷയിന്മേൽ ഉടൻ തീരുമാനം ഉണ്ടാകുകയും രജിസ്ട്രേഷൻ ലഭ്യമാവുകയും ചെയ്യുമെന്നാണ് പ്രതീക്ഷ.

പൊതുജനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള സഹായ സഹകരണ വാഗ്ദാനങ്ങളെ ആധാരമാക്കിയാണ് ഗ്രാമ പഞ്ചായത്ത് ശാരീരിക മാനസിക വൈകല്യം ബാധിച്ചവർക്കുള്ള ബഡ്സ് സ്പെഷ്യൽ സ്കൂൾ നടത്തുന്നത്. സ്ഥാപനത്തിന്റെ ഭരണ സമിതി ഇതിനായി ഒരു പ്രത്യേക ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ഉദാരമതികളായ പലരും പണമായും സാധനങ്ങളായും ഈ ഫണ്ടിലേയ്ക്ക് സംഭാവന നൽകിയിട്ടുണ്ട്. കൂടുതൽ പേർ വാഗ്ദാനം നൽകുകയും ചെയ്തിട്ടുണ്ട്.

കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്പെഷ്യൽ സ്ക്കൂൾ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി സന്ദർശിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുണ്ടായിരുന്ന ഒരു കെട്ടിടം അനുബന്ധ സൗകര്യങ്ങൾ ഒരുക്കിയും ഫർണിച്ചർ, ഉപകരണം എന്നിവ വാങ്ങിയും ബഡ്സ് സ്കൂളിനു വേണ്ടി സജ്ജീകരിക്കുകയാണുണ്ടായത്.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ വൈസ്ചെയർപേഴ്സണായും ഐ.സി.ഡി.എസ് സൂപ്പർവൈസർ കൺവീനറുമായുള്ള 10 അംഗഭരണ സമിതിയാണ് ഈ സ്ഥാപനം നിയന്ത്രിക്കുന്നത്. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ആരോഗ്യ-വിദ്യാഭ്യാസ- സാംസ്കാരിക-നിയമ-രാഷ്ട്രീയ- സാമൂഹ്യ മേഖലയിലെ സമുന്നതരായ വ്യക്തിത്വങ്ങൾ ഇവരടങ്ങുന്ന ഒരു സ്ഥാപനതല മാനേജ്മെന്റ് കമ്മറ്റിയും ഉപദേശക സമിതിയും സ്ഥാപനത്തിന്റെ താങ്ങും തണലുമായി വർത്തിക്കുന്നു. സ്ഥാപനത്തിലേയ്ക്ക് ടീച്ചർ, അസി. ടീച്ചർ, ഹെൽപ്പർ, ആയ എന്നിവരെ നിയമിച്ചിട്ടുണ്ട്. സ്ഥാപന നടത്തിപ്പിൽ പ്രായോഗിക വൈദഗ്ധ്യം ഉറപ്പിക്കുന്നതിനായി അവരെ പയ്യന്നൂരിലുള്ള എം.ആർ.സി. എച്ച് എന്ന സ്ഥാപനത്തിൽ പരിശീലനം നൽകി. കുട്ടികളെ കൊണ്ടുവരുന്നതിനും തിരിച്ചു കൊണ്ടുപോകുന്നതിനും താൽക്കാലികമായി കരാറടിസ്ഥാനത്തിൽ വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പകൽസമയത്ത് മാത്രം പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ കുട്ടികൾക്കാവശ്യമായ ഭക്ഷണം നൽകുന്നതിനുള്ള ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. ഇതെല്ലാം കുട്ടികൾക്ക് ലഭ്യമാക്കുന്നത് തികച്ചും സൗജന്യമായാണ്.

അംഗനവാടികൾ മുഖേന കണ്ടെത്തിയ കുട്ടികളെ ഒരു ശിശുരോഗ വിദഗ്ദ്ധൻ, ഒരു എല്ലുരോഗ വിദഗ്ദ്ധൻ, പരിചയ സമ്പന്നയായ ഒരു സ്പെഷ്യൽ സ്കൂൾ അദ്ധ്യാപിക എന്നിവരടങ്ങുന്ന ഒരു സമിതി പരിശോധനയും അഭിമുഖവും നടത്തി അർഹരായ കുട്ടികൾക്കാണ് പ്രവേശനം നൽകിയിട്ടുള്ളത്. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന മുറയ്ക്ക് കൂടുതൽ കുട്ടികൾക്ക് പ്രവേശനം നൽകുന്നതാണ്.

സ്റ്റാഫിന്റെ വേതനം, കുട്ടികളുടെ ഭക്ഷണം, വാഹനം, ചികിത്സ തുടങ്ങിയ കാര്യങ്ങൾ നിറവേറ്റുന്നതിന് നല്ലൊരു തുക തന്നെ ആവർത്തനചെലവായി കാണേണ്ടതുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം നാമമാത്രമായതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഈ ചെലവുകൾ പൂർണ്ണമായും വഹിക്കുവാൻ സാധ്യമല്ല. പൊതുജനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള സഹായസഹകരണ വാഗ്ദാനങ്ങളെ ആധാരമാക്കിയാണ് ഗ്രാമപഞ്ചായത്ത് മുന്നോട്ടു പോകുന്നത്. സ്ഥാപനത്തിന്റെ ഭരണ സമിതി ഇതിനായി ഒരു പ്രത്യേക ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ഉദാരമതികളായ പലരും പണമായും സാധനങ്ങളായും ഈ ഫണ്ടിലേയ്ക്ക് സംഭാവന നൽകിയിട്ടുണ്ട്. കൂടുതൽ പേർ വാഗ്ദാനം നൽകുകയും ചെയ്തിട്ടുണ്ട്. കെട്ടിട സൗകര്യം ഏർപ്പെടുത്താനുള്ള ചെലവ്, ഫർണ്ണിച്ചർ, ഉപകരണങ്ങൾ തുടങ്ങിയവയെല്ലാം ഇത്തരം സംഭാവനകൾ മുഖേനയാണ് ഒരുക്കിയിട്ടുള്ളത്. കരിവെള്ളൂരിലെ പ്രവാസി സംഘം ഒരു വാഹനം നൽകാമെന്ന് ഏറ്റിട്ടുണ്ട്. താമസിയാതെ അത് ലഭ്യമാകും. 2009 ജനുവരി 12 നാണ് ക്ലാസ്സുകൾ ആരംഭിച്ചത്. കുടുംബശ്രീമിഷൻ എക്സിക്യൂട്ടീവ് ഡറക്ടർ ശാരദാമുരളീധരൻ ഐ.എ.എസ് സ്ഥാപനം സന്ദർശിക്കുകയുണ്ടായി. സുതാര്യവും ലക്ഷ്യബന്ധിതവുമായ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായ ബഡ്സ് സ്കൂളിന്റെ ഔപചാരികമായ ഉദ്ഘാടനം തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടിയാണ് നിർവ്വഹിച്ചത്.

ഗ്രാമപഞ്ചായത്ത് നേടിയെടുത്ത എല്ലാ നേട്ടങ്ങളുടേതുമെന്നപോലെ ഈ സ്ഥാപനവും ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും സന്നദ്ധപ്രവർത്തകരുടെയും മറ്റു ജീവിതത്തിന്റെ നാനാതുറകളിൽ പെട്ട ജനങ്ങളുടെയും കൂട്ടായ്മയുടെ ഫലമായി നേടിയതാണ്.■



സി. ശശി

ഇടമലക്കുടി ഒരു യാത്രാനുഭവം

(അവസാന ഭാഗം)

സർവ്വേ ടീമിന്റെ അടുത്തലക്ഷ്യം തമിഴ്നാടിനോട് ചേർന്നുള്ള നൂറടികുടിയായിരുന്നു. ഇടമലക്കുടിയുടെ ഭാഗമാണെങ്കിലും ഈ കൂടിയിലെ നിവാസികൾക്ക് തമിഴ്നാടുമായിട്ടാണ് കൂടുതൽ ബന്ധം. കാരണം ഒരു മല താണ്ടിയാൽ തമിഴ്നാട്ടിലെ വാൽപ്പാറയിൽ എത്തിച്ചേരാമെന്നതുതന്നെ.

പരപ്പയാറിൽ നിന്നു രാവിലെ വളരെ നേരത്തേ തന്നെ പുറപ്പെടാൻ തീരുമാനിച്ചു. നൂറടിക്കുടിയിലേയ്ക്ക് പോകുന്ന വഴിക്ക് കാട്ടുമൃഗങ്ങളുടെ ശല്യം ഉണ്ടെന്ന് നേരത്തേ കുടിയിൽ നിന്നും അറിയാൻ കഴിഞ്ഞിരുന്നു. സംഘാംഗങ്ങൾക്ക് വളരെ കർശനമായ നിർദ്ദേശം നൽകിയിരുന്നു. യാത്രക്കിടയിൽ ഒച്ചവച്ച് സംസാരിക്കുകയോ പ്രതികരിക്കുകയോ ചെയ്യരുത്. നൂറടിക്കുടിയിൽ തന്നെ താമസക്കാരനായ ശങ്കരനും പരപ്പയാറിലെ നീലവർണ്ണനുമായിരുന്നു ഞങ്ങളുടെ വഴികാട്ടികളും വേണ്ട നിർദ്ദേശങ്ങൾ സമയാസമയം നൽകുന്നവരും. പരപ്പയാർ കുടി വിട്ടുപോകുന്നതുകൊണ്ട് എല്ലാവരുടെ കൈയിലും ചെറിയ കെട്ടുകളുണ്ടായിരുന്നു. രാവിലെ തന്നെ റെഡിയായി ലഘുഭക്ഷണം കഴിച്ച് യാത്ര പുറപ്പെട്ടു. ഒന്നരമണിക്കൂറിനു ശേഷം ചെന്നായ്പ്പാറയിലെത്തി. തലേദിവസം കാണാൻ കഴിയാതിരുന്ന ആളുകളെ കണ്ടു. ചെറിയ വിശ്രമത്തിനു ശേഷം വീണ്ടും പുറപ്പെട്ടു. പാറക്കുടിയിൽ വീണ്ടും നിന്നു. വനങ്ങളാൽ ചുറ്റപ്പെട്ട കുടിയാണ് പാറക്കുടി. ചിലർ കുടിയിൽ വാഴക്കൃഷി ചെയ്തിരിക്കുന്നു. കുലച്ച വാഴയുടെ ഇലകളും കൈയും വെട്ടിക്കളഞ്ഞ വാഴകുല മാത്രമായി ഒറ്റയ്ക്കു നിൽക്കുന്ന കാഴ്ചകണ്ട് ഞങ്ങൾക്ക് കൗതുകം തോന്നി. അന്വേഷിച്ചപ്പോൾ ആനയുടെ ആക്രമണത്തിൽ നിന്ന് രക്ഷപ്പെടാനാണ് ഇങ്ങനെ വാഴ നിർത്തിയിരിക്കുന്നതെന്ന് കുടി നിവാസികൾ പറഞ്ഞു. കുടിയിലെ ഒരു ആദിവാസി മീൻ വളർത്തുന്നതിന് കാട്ടിലെ വെള്ളം ഉപയോഗിച്ച് കുളം ഉണ്ടാക്കിയത് കണ്ടു. അതിൽ വലിയ മീനുകൾ ഉണ്ടായിരുന്നു. ഇതൊരു പുതിയ അറിവായിരുന്നു. സംഘാടകർക്ക് അവർ ക്ഷീണം അകറ്റാൻ ചൂടുചായ തയ്യാറാക്കിതന്നു. അതിന് ശേഷം വീണ്ടും യാത്ര തുടർന്നു.

ഒരു ചെറിയ നദി കടന്ന് ഞങ്ങൾ പെരുങ്കടവ് കുടിയിലെത്തി. കുറച്ച് ആളുകൾ മാത്രമേ ഇവിടെ താമസിക്കുന്നുള്ളൂ. ചെറിയസമയത്തിനുള്ളിൽ തന്നെ സർവേ പ്രവർത്തനങ്ങൾ പൂർത്തിയായി. വീണ്ടും യാത്ര പുറപ്പെട്ടു. കാട്ടുമൃഗങ്ങൾ ഏതു സമയവും മുന്നിൽ വന്നുപെടാം എന്ന് തോന്നുന്ന ഒരു ഇടുങ്ങിയ കാട്ടുപാതയിലൂടെ ഞങ്ങൾ യാത്ര തുടർന്നു. ആനയുടെയും കാട്ടുപോത്തിന്റെയും കാൽപ്പാടുകൾ ചവിട്ടിയാണ് ഞങ്ങളുടെ യാത്ര. ഇടതൂർന്ന കാടുകൾ. വെള്ളത്തിന്റെ ഒലിപ്പ് നീണ്ട വഴികളിൽ കണ്ടു. വളരെ അടുത്ത സമയങ്ങളിൽ ഈ വഴികളിൽകൂടി വന്യമൃഗങ്ങൾ സഞ്ചരിച്ചതിന്റെ കാൽപ്പാടുകൾ. സംഘാംഗങ്ങൾ വളരെ ജാഗ്രതയോടുകൂടിയും ഭയത്തോടും യാത്ര തുടർന്നു. ഇടുങ്ങിയ കാടായതുകൊണ്ട് വഴിയിൽ വിശ്രമത്തിന് തയ്യാറായില്ല. നീണ്ട ഒറ്റയടിപ്പാതകൾ കഴിഞ്ഞ് കുത്തനെയുള്ള കയറ്റങ്ങളും അതിന് ശേഷം ഇറക്കങ്ങളും കണ്ടു. കാടിന്റെ വിജനതയിൽ നിന്ന് വിജനതയിലേയ്ക്കുള്ള യാത്രയ്ക്ക് വേഗത കൂടി. കുടിയിലേയ്ക്ക് പോകുന്ന ചില വഴിയാത്രക്കാർ ഞങ്ങളോടൊപ്പം കൂടി. അതുകൊണ്ട് സംഘാംഗങ്ങൾക്ക് ധൈര്യം അൽപ്പം വർദ്ധിച്ചു. ഈ ലേഖകൻ ഒരു വടിയും പിടിച്ചാണ് യാത്ര തുടർന്നത്. കാടിന്റെ സാന്നിദ്ധ്യം എന്തുകൊണ്ടോ ക്ഷീണം ഒഴിവാക്കി. കാടിന്റെ ഉള്ളിലൂടെയുള്ള നടത്തത്തിന് പ്രത്യേക താളം ഉണ്ടായിരുന്നു. വേഗത്തിലൂടെയുള്ള നടത്തം ലക്ഷ്യം എറ്റവും അടുത്തുതന്നെ എന്ന് മനസ്സിൽ തോന്നിച്ചുകൊണ്ടേയിരുന്നു.

ചേമ്പുകുളം

ഞങ്ങൾ ചേമ്പുകുളം കുടിയിലെത്തിയത് അറിഞ്ഞതേയില്ല, വളരെ ചെറിയ കുടിയാണ് ചേമ്പുകുളം. വിരലിലെണ്ണാവുന്ന ചെറിയ കുടിലുകൾ. ചില കുടിലുകൾ കുന്നിനു മുകളിലാണ്. ഞങ്ങൾ കുടിയിലെത്തിയപ്പോൾ എതിരേറ്റത് ആന നശിപ്പിച്ച രണ്ടു മൂന്നു കുടിലുകളാണ്. അന്വേഷണത്തിൽ അവർ അടുത്ത കുടിയിലേയ്ക്ക് പോയതായറിഞ്ഞു. മൂന്നു ദിവസത്തിന് മുൻപ് ചേമ്പുകുളം കുടിയിലെ കാമകൻ എന്ന വൃദ്ധനെ ആന കുത്തികൊന്നതായി കുടി നിവാസികൾ പറഞ്ഞു. അദ്ദേഹം ഒറ്റയ്ക്കാണ് താമസിച്ചിരുന്നത്. അയാളുടെ വീട് സംഘാംഗങ്ങൾ സന്ദർശിച്ചു. വീട് പൂട്ടിയിരിക്കുന്നു. ചെറിയദൂരം യാത്ര. ലക്ഷ്യസ്ഥാനമായ നൂറടി കുടിയിൽ വൈകിട്ട് 6 മണിക്ക് ഞങ്ങൾ എത്തിച്ചേർന്നു. പിറ്റേ ദിവസം കുടിയിലെ മരിച്ചയാളുടെ ഓർമ്മയ്ക്കുള്ള കർമ്മങ്ങൾ അവിടെ നടക്കുന്നുണ്ടെന്ന് ഞങ്ങളുടെ വഴികാട്ടിയായ ശങ്കർജിയിൽ നിന്ന് അറിഞ്ഞു.

> കാട് സ്വപ്നവും ജീവിതവുമാണ് ആദിവാസികളെ സംബന്ധിച്ചിടത്തോളം. ടീമിനെ സംബന്ധിച്ച് കാട് ഒരു പ്രഹേളികയാണ്. വശ്യമാർന്ന കാടിന്റെ സൗന്ദര്യം ഞങ്ങൾ ആവോളം നുകർന്നു. കാടിന് മനുഷ്യന്റെ ജീവിതത്തെ എത്രമാത്രം നിയന്ത്രിക്കാൻ കഴിയുമെന്ന് ഈ സർവ്വേ സമയത്താണ് ഞങ്ങൾക്ക് മനസ്സിലായത്.

നൂറടികുടിയിൽ താമസസൗകര്യങ്ങൾ അപര്യാപ്തമായിരുന്നു, തണുപ്പും രൂക്ഷമായിരുന്നു. കുടിയിലെ ആൾക്കാർ മരണാനന്തര കർമ്മങ്ങളുടെ തയ്യാറെടുപ്പിന്റെ ധൃതിയിലായിരുന്നു. താമസത്തിന് കിട്ടിയ സ്ഥലത്തുനിന്ന് എല്ലാപേരും കുടിയിലെ വീടുകളിലേയ്ക്ക് പോയി. ടീമിലെ രണ്ടു പെൺകുട്ടികളെ ഒരു കുടിയിലാക്കി മറ്റംഗങ്ങൾ ചെറിയ ഷെഡ്ഡിനുള്ളിൽ അഭയംപ്രാപിച്ചു. ഞങ്ങളോടൊപ്പം കർമ്മങ്ങൾക്ക് വന്ന ആൾക്കാരും ഉണ്ടായിരുന്നു. തീക്കനൽ കൂട്ടി അവർ കലപില വർത്തമാനം പറഞ്ഞുകൊണ്ടിരുന്നു. അതുകൊണ്ട് തന്നെ ഉറക്കം പാതിവഴിക്ക് മുറിഞ്ഞു. അവരുണ്ടാക്കിതന്ന ചായ രാവിലെ കുടിച്ചു കൊണ്ടുതന്നെ നേരത്തേ സർവ്വേ പരിപാടികൾ തുടങ്ങി. പെട്ടിമുടിയിൽ വച്ച് മറ്റു ടീമുകളുടെ കൂടെയായിരുന്ന സൈജു കാട് മുറിച്ചു കടന്ന് ഞങ്ങളോടൊപ്പം കൂടി. സൈജുവാണ് പിന്നീട് ഞങ്ങളുടെ ഫോട്ടോഗ്രാഫർ. ആനകുത്തി മരിച്ചയാളുടെ കർമ്മങ്ങൾ രാവിലെ 11 മണിക്കാണെന്ന് നേരത്തേ അറിഞ്ഞിരുന്നു. ഞങ്ങൾ സർവ്വേ പരിപാടികൾ രണ്ടു മണിക്കൂർ നിർത്തി വച്ചു. സംഘാംഗങ്ങൾ എല്ലാപേരും കർമ്മങ്ങളിൽ പങ്കുകൊണ്ടു. ആചാരങ്ങൾ കണ്ടു മനസ്സിലാക്കി. മുടി ചുരുട്ടിക്കെട്ടിയ തലൈവരുടെ മുമ്പിൽ കുടിയിലെ ആളുകൾ കുമ്പിട്ടു പൂജിച്ചു. പൂജാനിവേദ്യങ്ങൾ കർമ്മത്തിനുശേഷം ഞങ്ങൾക്കു കിട്ടി. എല്ലാപേരും അത് യഥേഷ്ടം ഭക്ഷിച്ചു. ഉച്ചകഴിഞ്ഞ് വീണ്ടും ഞങ്ങൾ സർവ്വേ തുടങ്ങി. പകൽ ഏറെ വൈകിയും ജോലി തുടർന്നു. പ്രധാന കുടിയുടെ അടുത്ത പ്രദേശങ്ങളിലെ കുടിലുകളും സർവ്വേ നടത്തി. ഇതിനിടെ തിരുവനന്തപുരത്തെ ആഫീസുമായി ബന്ധപ്പെട്ട് കാര്യങ്ങൾ അറിയിച്ചു. ഒരു കുടിയിലെ ആദിവാസി ഒരു മരത്തടി മുകളിൽ കയറി നിന്നാൽ മൊബൈൽ കണക്ഷൻ കിട്ടുമെന്ന് പറഞ്ഞു. അതു

കൊണ്ട് തിരുവനന്തപുരവുമായി ബന്ധപ്പെടാൻ സാധിച്ചു. നൂറടികുടിയ്ക്ക് സമീപം കാട്ടുമൃഗങ്ങളുടെ ശല്യമുണ്ടെന്ന് ആ കുടിയിൽ നിന്ന് മനസ്സിലായി.

നൂറടിക്കുടിയുടെ സമീപം കൂടി ഒരു തോട് ഒഴുകുന്നു. വരൾച്ചക്കാലമായതുകൊണ്ട് വെള്ളം കുറവാണ്. തോടിന് അക്കരെ കാടാണ്. തമിഴ്നാടിന്റെ അധീനതയിലുള്ള കാട്. സ്വാതന്ത്ര്യം കിട്ടി അറുപത് വർഷമായി യാതൊരു വികസനവും എത്തിച്ചേരാത്ത കുടിയാണിത്. കുടിലുകളെല്ലാം തനത് ആദിവാസി ശൈലിയിലാണ്. കുടികളെല്ലാം കാട്ടുകമ്പും കാട്ടിലെ ചെളിയും കൊണ്ട് നിർമ്മിച്ചതാണ്. ചില വീടുകളിലെ തറ നന്നായി ചെളി മെഴുകി യിട്ടുണ്ട്. വികസനത്തിന്റെ ഒരു ചെറിയ തരിപോലും ഇതുവരെ ഇവരുടെ ജീവിതത്തിൽ എത്തിച്ചേർന്നിട്ടില്ല. അവരുടെ ലോകം കുടിയെ ആവരണം ചെയ്ത വലിയ കാട് മാത്രം. കുടിയെ സംരക്ഷിക്കാൻ ധാരാളം നായ്ക്കളെ അവിടെ കണ്ടു. അതുപോലെ കുടിയിലെ എല്ലാപേരും കോഴി വളർത്തൽ ശീലമാക്കിയിരുന്നു.

നൂറടിക്കുടിയിലെ ആദിവാസികൾ തമിഴ്നാട്ടിലെ വാൽപ്പാറയുമായാണ് ക്രയവിക്രയം നടത്തുന്നത്. അരിയും മറ്റു സാധനങ്ങളും വനത്തിനുള്ളിലൂടെ നടന്ന് വാൽപ്പാറയിൽ നിന്ന് കൊണ്ടുവരുന്നു. തമിഴ് കച്ചവടക്കാരുമായി ഇവർ ബന്ധപ്പെടുന്നു. അന്വേഷണത്തിൽ പലരും വാൽപാറയിൽ കടമായി അരിയും സാധനങ്ങളും വാങ്ങിയിട്ടുണ്ട്. ഏലം കൃഷിയിൽ നിന്ന് ലഭിക്കുന്ന വരുമാനം കൊണ്ടാണ് കടം തിരിച്ചടയ്ക്കുന്നത്. പക്ഷെ ഈ വർഷം ഏലത്തിന്റെ ചീയൽ കാരണം വരുമാനം കുറഞ്ഞു. പലരും കടക്കാരാണ്. തേനും, തെള്ളിയും, പാതിരിപ്പൂവും ഇവരുടെ കടം വീട്ടുന്നില്ല. തനത് ആദിവാസി ശൈലിയിൽ അവർ ജീവിതം മുന്നോട്ടു കൊണ്ടു പോകുന്നു.

മരണാനന്തര ക്രിയകൾക്ക് ശേഷം രാത്രിയിൽ ഭക്ഷണവും അതിന് ശേഷം കലാപരിപാടികളും കുടിയിൽ അരങ്ങേറി. ഞങ്ങളുടെ സംഘാംഗങ്ങളെ പ്രത്യേകം ക്ഷണിച്ചിരുന്നു. അൻപതുകളിലെ തമിഴ് പാട്ടിന്റെ നാടൻ ശൈലിയിൽ കുടിയിലെ പുരുഷൻമാർ നൃത്തം വച്ചു. സ്ത്രീകൾക്കും കുട്ടികൾക്കും ഒപ്പം കാഴ്ചക്കാരായി ഞങ്ങളും അവരുടെ നൃത്തത്തിന് ജീവിതത്തിന്റെ സുഗന്ധവും സായൂജ്യവുമുണ്ടായിരുന്നു. പാതിരാവരെ എല്ലാപേരും നൃത്തം ചെയ്തു. കുടിയിൽ അന്ന് ഉത്സവമായിരുന്നു. ഇത് സ്നേഹത്തിന്റെ, കൂട്ടായ്മയുടെ, സൗഹൃദത്തിന്റെ, ഒത്തൊരുമയുടെ സാക്ഷാത്ക്കാരമാണെന്ന് ഞങ്ങൾക്ക് തോന്നി. സംഘാംഗങ്ങളെ പലരും നൃത്തം ചെയ്യാൻ ക്ഷണിച്ചു. അതിൽ പങ്കെടുക്കാത്തതിന് ചെറിയ അമർഷം ഉണ്ടെന്ന് പിറ്റേന്ന് ഞങ്ങൾക്ക് മനസ്സിലായി. കാട് സ്വപ്നവും ജീവിതവുമാണ് ആദിവാസികളെ സംബന്ധിച്ചിടത്തോളം. ടീമിനെ സംബന്ധിച്ച് കാട് ഒരു പ്രഹേളികയാണ്. വശ്യമാർന്ന കാടിന്റെ സൗന്ദര്യം ഞങ്ങൾ ആവോളം നുകർന്നു. കാടിന് മനുഷ്യന്റെ ജീവിതത്തെ എത്രമാത്രം നിയന്ത്രിക്കാൻ കഴിയുമെന്ന് ഈ സർവ്വേ സമയത്താണ് ഞങ്ങൾക്ക് മനസ്സിലായത്.

അടുത്ത ദിവസം മൂന്നാറിലേയ്ക്ക് പുറപ്പെടണമെന്നുള്ളതുകൊണ്ട് ഞങ്ങൾ നേരത്തേ തന്നെ വിശ്രമത്തിന് ശ്രമിച്ചു. കുറെ നേരം കാട്ടു വിറകുകൾ കൂട്ടി തീ കാഞ്ഞു. തണുപ്പ് ആഴ്ന്നിറങ്ങാൻ തുടങ്ങിയപ്പോൾ ഞങ്ങൾ ഉറങ്ങാൻ തുടങ്ങി.

മടക്കയാത്ര ഞങ്ങൾ തമിഴ്നാട് വഴിയാക്കാൻ നേരത്തേ തീരുമാനിച്ചിരുന്നു. നൂറടി കുടിയിൽ നിന്ന് തമിഴ്നാടിന്റെ അടുത്ത സ്ഥലമായ ഏഴാം ഡിവിഷനിൽ – അങ്ങകലെ കണ്ടപ്പോഴാണ് കാടിനോട് എല്ലാപേരും വിടപറഞ്ഞത്. ഏഴാം ഡിവിഷനിൽ നിന്ന് 16.കി.മി. ദൂരെയുള്ള വാൽപ്പാറയിലേയ്ക്ക് ബസ്സിൽ യാത്ര. വാൽപ്പാറയിൽ നിന്ന് എല്ലാപേരും പ്രഭാത ഭക്ഷണം കഴിഞ്ഞ് പൊള്ളാച്ചിയിലേയ്ക്ക് തിരിച്ചു. ഒരു മലകയറി ഇറക്കം ഇറങ്ങണം. വാൽപ്പാറയിൽ നിന്ന് 60.കി.മി. ദൂരമാണ് പൊള്ളാച്ചിക്ക്. വാൽപ്പാറയിൽ നിന്ന് പൊള്ളാച്ചിയിലേയ്ക്കുള്ള യാത്ര നയനാനന്ദകരമായിരുന്നു. 40 ഹെയർപിൻ വളവുകൾ ഇറങ്ങി ആളിയാർ ഡാമിനു മുന്നിലെത്തിയപ്പോൾ ഉച്ചയായി. ഉച്ചഭക്ഷണം നേരത്തേ തീരുമാനിച്ചതുപ്രകാരം പൊള്ളാച്ചിയിൽ നിന്നായിരുന്നു. വീണ്ടും യാത്ര തുടർന്നു. ഉഡുമൽപേട്ടിലെത്തിയപ്പോൾ വൈകിട്ട് 4 മണി. ചിന്നാർ, മറയൂർ വഴി മൂന്നാറിൽ രാത്രി 8 മണിക്ക് എത്തി. യാത്രയുടെ ദൈർഘ്യം കാരണം എല്ലാപേരും ക്ഷീണിതരായിരുന്നു. എങ്കിലും ഒരു ലക്ഷ്യം സാധൂകരിച്ചതിലുള്ള സന്തോഷം എല്ലാപേരിലുമുണ്ടായിരുന്നു. മൂന്നാർകാരായ ടീമംഗങ്ങൾ അവരുടെ വീടുകളിലേയ്ക്കും ഞങ്ങൾ ക്യാമ്പിലേയ്ക്കും മടങ്ങി.

സർവ്വേയിൽ കണ്ടെത്തിയ വിവരങ്ങളും നിർദ്ദേശങ്ങളും പട്ടികവർഗ്ഗ സമൂഹത്തിന്റെ ഉന്നമനത്തിനുതകുന്ന പദ്ധതികൾക്ക് രൂപം നൽകുന്നതിന് സർക്കാരിന് സഹായകമാകുമെന്നാണ് പ്രത്യാശിക്കുന്നത്. സമഗ്രമായി ശേഖരിച്ച വിവരാടിത്തറ വരുംകാലങ്ങളിൽ ഈ മേഖലയിലെ ഗവേഷകർക്ക് പ്രയോജനപ്പെടും. മാത്രമല്ല പുതിയ കണ്ടെത്തലുകൾക്ക് ഇത് വഴിവെയ്ക്കുമെന്നാണ് വിശ്വസിക്കുന്നത്. ■

ലേഖകൻ ജനകീയാസൂത്രണം
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് അംഗമാണ്

ഞങ്ങൾ പരീക്ഷയെഴുതുകയാണ്

എം. കെ. ഹക്ക്

വിദ്യാർത്ഥികൾക്കു പരീക്ഷനടത്തി മാത്രം ശീലിച്ച അധ്യാപകരിന്നു പരീക്ഷച്ചൂടിലാണ്. തൃശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്ത് 'വിജയഭേരി' വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നടത്തുന്ന സൈക്കോളജിക്കൽ കൗൺസിലിംഗിന്റെ സർട്ടിഫിക്കറ്റ് കോഴ്സിന്റെ പരീക്ഷാ ഹാളാണ് രംഗം.

അന്നമനട ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ഗവ.യു.പി.സ്കൂൾ കോമ്പൗണ്ടിലെ സർവശിക്ഷാ അഭിയാൻ ബ്ലോക്ക് റിസോഴ്സ് സെന്ററിലെ ട്രെയിനിംഗ് ഹാളിൽ കഴിഞ്ഞ പതിനാല് മാസങ്ങളായി എല്ലാ രണ്ടാംശനിയാഴ്ചകളിലും ക്ലാസ് നടന്നുവരികയാണ്. പഞ്ചായത്തിനകത്തെ എല്ലാ ഹയർ സെക്കണ്ടറി, ഹൈസ്ക്കൂൾ, പ്രൈമറി വിദ്യാലയങ്ങളിൽ നിന്നും അക്ഷയ, അങ്കണവാടി മേഖലകളിൽ നിന്നുമാണ് മിക്കവാറും പഠിതാക്കൾ. പഞ്ചായത്തിനു പുറത്തെ സിബിഎസ്ഇ അടക്കമുള്ള സ്ക്കൂളുകളിൽ നിന്നും പഠിതാക്കൾ എത്തിച്ചേരുന്നുണ്ട്.

രണ്ടുവർഷ ദൈർഘ്യമുള്ള കോഴ്സിന്റെ ഭാഗമായി ഡെവലപ്മെന്റൽ സൈക്കോളജി, ജനറൽ സൈക്കോളജി, ട്രാൻസാക്ഷണൽ അനാലിസിസ്, ന്യൂറോ ലിംഗ്വിസ്റ്റിക് പ്രോഗ്രാം, മാര്യേജ് കൗൺസിലിംഗ്, വിദ്യാർത്ഥി കൗൺസിലിംഗ്, കരിയർ കൗൺസിലിംഗ് തുടങ്ങിയ നൂതനവും വിവിധവുമായ സിലബസാണുൾക്കൊള്ളിച്ചിട്ടുള്ളത്. പഠനവും പരിശീലനവും ഗവേഷണവും പഠനയാത്രയും ഉൾക്കൊള്ളുന്ന കോഴ്സിന്റെ സിലബസ് യൂണിവേഴ്സിറ്റി സിലബസിനു തുല്യമാകും വിധമാണ് ക്രമീകരിച്ചിട്ടുള്ളത്.

മറ്റു പഞ്ചായത്തുകളൊന്നും കൈവയ്ക്കാത്ത ഈ മേഖലയിൽ ഈ വലിയ പരീക്ഷണത്തിന് മുതിർന്നിട്ടുള്ളത് ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ കർമ്മസമിതിയാണ്. വിദ്യാഭ്യാസ മേഖലയിലെ തനതായ പ്രവർത്തനം കൊണ്ട് കഴിവ് തെളിയിച്ച സെന്റർ ഫോർ ഇൻഫർമേഷൻ & ഗൈഡൻസ് ഇന്ത്യ(സിജി)യുടെ നേതൃത്വത്തിൽ പത്തനംതിട്ട ക്രിസ്ത്യൻ മെഡിക്കൽ സെന്ററിലെ ചീഫ് സൈക്കോളജിസ്റ്റ് ഡോ.ജെയ്സി ഫിലിപ്പ്, അന്താരാഷ്ട്ര ട്രെയിനർ എൻ.വി. കബീർ, സീനിയർ കരിയർ കൺസൾട്ടന്റ് എം.എസ്. ജലീൽ എന്നിവരാണ് ക്ലാസിന് നേതൃത്വം നൽകുന്നത്. എല്ലാ ക്ലാസുകളിലും പഞ്ചായത്തംഗങ്ങളുടെ സാന്നിദ്ധ്യം ഉണ്ടെന്ന് മാത്രമല്ല പലപ്പോഴും പ്രസിഡന്റ് ബേബി പൗലോസും പഠിതാക്കളിലൊരാളായി എത്തിച്ചേരാറുണ്ട്.

നൂതന കാലഘട്ടത്തിലെ വിദ്യാർത്ഥിയെ അഭിരുചിയനുസരിച്ച് തനിക്കും കുടുംബത്തിനും സമൂഹത്തിനും ഗുണകരമാംവിധം വളർത്തിയെടുക്കുക എന്നതാണ് പഞ്ചായത്ത് ഇതിലൂടെ വിഭാവനം ചെയ്യുന്നതെന്ന് പ്രസിഡന്റ് ബേബി പൗലോസ് ചൂണ്ടിക്കാട്ടുന്നു. എസ്.എസ്.എൽ.സി. വിജയികൾക്കായി ഒരാഴ്ച നീണ്ടുനിന്ന കരിയർ കൗൺസിലിംഗ്, അന്താരാഷ്ട്ര ടൂൾ ഉപയോഗിച്ചുള്ള അഭിരുചി നിർണയ പരീക്ഷ, സ്കൂളുകൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമുള്ള ക്ലാസ്സുകൾ, വ്യക്തിഗത കൗൺസിലിംഗ് എന്നിങ്ങനെ പഠിതാക്കൾ തങ്ങൾക്ക് ലഭിച്ച അറിവ് പഞ്ചായത്തിനകത്തെ സ്കൂളുകളിൽ പ്രയോഗിച്ചതിന്റെ കൂടി ഫലമായി പഞ്ചായത്തിനകത്ത് കഴിഞ്ഞ വർഷം എസ്എസ്എൽസി പരീക്ഷയെഴുതിയ 324 പേരിൽ ഒരാൾ മാത്രമേ പരാജയപ്പെട്ടുള്ളൂ.

മേൽപറഞ്ഞ പരിശീലനങ്ങൾ കൂടാതെ കുട്ടികൾക്ക് ലക്ഷ്യ ബോധമുളവാക്കുന്ന മൈ ഡയറി പ്രോഗ്രാം, പ്രതിഭാസംഗമം, ദത്തെടുക്കൽ, പഠന നിലവാരമുയർത്താൻ അധിക പഠനം, കിശോരി ശക്തി യോജനയിലൂടെ ഗവൺമെന്റ് അനുവദിച്ച കൗൺസിലറുടെ സാന്നിദ്ധ്യം പ്രയോജനപ്പെടുത്തൽ തുടങ്ങിയ പരിശ്രമങ്ങൾ ഇക്കൊല്ലവും തുടരുന്നു. മൂന്നുവർഷം കൊണ്ട് എസ്എസ്എൽസി പരീക്ഷാ റിസൾട്ട് നൂറ് ശതമാനമാക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിവച്ച വിജയഭേരി പദ്ധതി രണ്ട് വർഷം പൂർത്തീകരിച്ചപ്പോഴേയ്ക്കും 99.98 ശതമാനത്തിലെത്തി. ഈ വർഷം ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള തീവ്രശ്രമത്തിലാണ് പഞ്ചായത്തും സ്കൂളുകളും. മൈനസ് ടു മുതൽ പ്ലസ്ടു വരെ വിജയഭേരി പദ്ധതി വ്യാപിപ്പിക്കാനും പദ്ധതിയുണ്ട്. അധ്യാപക പരിശീലനങ്ങൾക്കും മറ്റു പരിശീലനങ്ങൾക്കും നൂതന പരിപാടികൾക്കും ഇടയിൽ തിളങ്ങുന്ന ജ്യോതിസുകളായി മാറിക്കൊണ്ടിരിക്കയാണ് പഞ്ചായത്തിനകത്തെ കൗൺസിലർമാരാവുന്ന ഈ അധ്യാപകർ. വിദ്യാർത്ഥികളോടും അവരുടെ കുടുംബങ്ങളോടുമുള്ള മനോഭാവത്തിലടക്കം മാറ്റം വരുത്താൻ ഈ കോഴ്സുകൊണ്ട് സാധിച്ചുവെന്ന് പഠിതാവും മേലവൂർ ഗവ. സമിതി ഹൈസ്കൂൾ ഹെഡ്മിസ്ട്രസുമായ മധുമതി ടീച്ചർ പറയുന്നു. നൂതന കാലഘട്ടത്തിന്റെ പ്രധാന ആവശ്യമായ കൗൺസിലിംഗിനുവേണ്ടി പ്രത്യേക കോഴ്സ് തുടങ്ങുന്നതിന് പഞ്ചായത്ത് കാണിച്ച ആർജവത്തെ ഓരോ പഠിതാവും നാട്ടുകാരും പ്രത്യേകിച്ചഭിനന്ദിക്കുന്നു. ■

ലേഖകൻ
ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനാണ്.

മുരളീധരൻ തഴക്കര

ഗ്രാമ നന്മകളിലേയ്ക്കുള്ള തിരിച്ചുപോക്ക് ഇന്ന് ആഗോളാടിസ്ഥാനത്തിൽ ചിന്താവിഷയമാണ്. അത് പ്രകൃതിയിലേയ്ക്കും മനുഷ്യനിലേയ്ക്കുമുള്ള യാത്ര കൂടിയാണ്. കാലത്തിന്റെ പ്രവാഹത്തിൽ ഉപഭോഗ തൃഷ്ണയുടേയും പ്രകൃതി ചൂഷണത്തിന്റെയും വഴിയിലാണ് മനുഷ്യൻ മുന്നേറ്റം അധികവും നടത്തിയത്. അത് സർവ്വനാശത്തിന്റെ പടിവാതിലിൽ നമ്മെ എത്തിച്ചു. ലോകത്തിന്റെ പല കോണുകളിൽ അന്ധകാരത്തിൽ ചെറിയ ചില ദീപങ്ങൾ പോലെ, പരിശ്രമങ്ങൾ തുടങ്ങി – തിരിച്ചു വരവിനായി. അതിന്റെ പരിണതഫലമായിരുന്നു ഗ്രാമീണ കാർഷിക വിജ്ഞാനത്തിന്റെ തിരിച്ചുവരവ്. കേരളത്തിലും പല കോണുകളിലായി അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അത്തരമൊരു അബോധ പ്രവർത്തനത്തിന്റെ ഫലമാണ് ഗ്രാമീണവും കാർഷികവുമായ സംജ്ഞകളുടെ സമാഹരണത്തിനായുള്ള ശ്രമം. ഇതൊരു തുടക്കം മാത്രമാണ് – എങ്കിലും സാർത്ഥകമായ തുടക്കം.

തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ



മനുഷ്യൻ ജീവിതത്തിലേയ്ക്കു വന്നു തുടങ്ങിയപ്പോൾ മുതൽ മനുഷ്യന്റെ സന്തതസഹചാരിയായി കന്നുകാലികൾ ഉണ്ട്. ഒപ്പം നടന്ന് ആകാശത്തിനുകീഴേ ഒന്നിച്ചു കാലിമേയ്ച്ചാണ് തുടക്കം. ഓടക്കുഴലൂതി കാലിമേയ്ക്കുകയും നദീതീരങ്ങളിൽ കാലിമേയ്ക്കുകയും ചെയ്തത് ഗായകരും കാമുകന്മാരും ദേവന്മാരും മാത്രമല്ല – ജീവിതത്തിന് വഴിതേടിയ അനേകരാണ്. കാലം മുന്നോട്ടു പോകുമ്പോൾ ആവശ്യങ്ങൾ കൂടുതൽ ഗൃഹകേന്ദ്രീകൃതമായി. അത് കൂട്ടുകുടുംബമായാലും അല്ലെങ്കിലും. സമൂഹത്തിൽ ചിലർ കാലിവളർത്തലും പരിപാലനവും ഉപജീവനമായി ഏറ്റെടുത്തു. അവർ ആ തൊഴിലിൽ ഏറെ വൈദഗ്ധ്യം നേടി. അവർ സ്വന്തം സാങ്കേതിക വിദ്യാപരിപാലനമുറകൾ, ശീലങ്ങൾ എന്നിവ വികസിപ്പിച്ചു. അതിനനുഗുണമായി അതിനു ചേരുന്ന പദാവലികൾ ഉണ്ടായിവന്നു. ആധുനിക കാലത്ത് നാം സൃഷ്ടിക്കുന്ന ബോധപൂർവ്വമായ പദസൃഷ്ടി പോലെയല്ലാ ഇത്. തോറ്റും ജയിച്ചും പ്രതിരോധിച്ചും പരിശീലിച്ചും തനിയേ ഉരുത്തിരിഞ്ഞു വന്നതാണ് ഈ വാക്കുകൾ. കന്നുകാലി പരിപാലനത്തിന്റെ വിപുലമായ പാരമ്പര്യമുള്ള കേരളത്തിൽ തനതായ സംസ്കാരം രൂപപ്പെട്ടിരുന്നു. കാലിവളർത്തൽ സ്വന്തം ജീവിതത്തോട് ചേർത്ത് കണ്ടിരുന്ന സമൂഹമാണ് നമ്മുടേത്. അതുകൊണ്ടുതന്നെ സ്വന്തം നെഞ്ചോട് ചേർത്ത് കേരളം സൃഷ്ടിച്ചെടുത്ത ചില വാക്കുകളാണ് ഇതോടൊപ്പം. ഇത് ഒരു ലക്കംകൊണ്ട് പൂർണ്ണമാകുന്നില്ല– ഇനിയും പ്രാദേശിക ജീവിത പരിതസ്ഥിതിക്കനുസരണമായി ധാരാളം പദങ്ങൾ ഉണ്ടാവും. അവ വായനക്കാരിൽ നിന്നും അറിയാനും താല്പര്യമുണ്ട് - ഇപ്പോൾ ഈ ഖണ്ഡത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കട്ടെ!

എരുത്തിൽ

പശുതൊഴുത്തിനാണ് എരുത്തിൽ എന്ന് പറയുന്നത്. പശുക്കൂട്, ആല, തൊഴുത്ത് എന്നിങ്ങനെ ഓരോ പ്രദേശത്തും പല പേരിൽ അറിയുന്നു. കന്നുകാലികളെ 'എരുത്' എന്നും പറയുന്നതിനാൽ എരുതിനെ കെട്ടുന്ന സ്ഥലമായതിനാലാകാം 'എരുത്തിൽ' എന്ന് പറഞ്ഞു പോരുന്നത്.

ഉരുക്കൾ

കന്നുകാലികളെ പൊതുവെ പറയുന്നത് ഉരുക്കളെന്നാണ്. നല്ല ഉരുക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് നാം സാധാരണ പറയാറുണ്ടല്ലോ.

പുല്ലൂട്

എരുത്തിലിൽ കന്നുകാലികളെ കെട്ടുന്നതിന് മുന്നിലായി വൈയ്ക്കോലും പുല്ലും മറ്റും ഇട്ടുകൊടുക്കുന്നതിനായി ഉണ്ടാക്കിയിരിക്കുന്ന സ്ഥലമാണ് പുല്ലൂട്. പുല്ലുക്കൂട് എന്നത് പറഞ്ഞ് പറഞ്ഞ് 'പുല്ലൂടായി' ചുരുങ്ങിയതാകാം. 'പുല്ലൂട്ടിലെ നായ്' എന്നത് ഒരു ശൈലി തന്നെയാണ്. പുല്ലൂട്ടിൽ കിടക്കുന്ന നായയ്ക്ക് വൈയ്ക്കോലും പുല്ലും ആവശ്യമില്ല. എന്നാൽ പുല്ലൂട്ടിൽ നായ് കിടക്കുന്നതിനാൽ അത് കന്നുകാലികൾക്ക് യഥേഷ്ടം തിന്നുവാനും സാധിക്കില്ല. തിന്നുകയുമില്ല - തീറ്റുകയുമില്ല എന്ന് സാരം.

കച്ചിത്തിരി

വൈയ്ക്കോൽ അഥവാ കച്ചി പിരിച്ച് തിരിയാക്കിയതിനാണ് 'കച്ചിത്തിരി' എന്ന് പറയുക. കേരളത്തിൽ നെൽകൃഷിക്ക് ശോഷണം സംഭവിച്ചതോടെ

തമിഴ്നാട്ടിൽ നിന്ന് കച്ചിത്തിരി ലോറികളിലാക്കി ധാരാളമായി ഇപ്പോൾ കൊണ്ടുവരുന്നുണ്ട്. ചില പ്രദേശങ്ങളിൽ ഇതിന് 'കച്ചിപ്പിരി' എന്നും പറയും. കച്ചിത്തിരികൾ വില്ക്കുന്ന കടകൾ കേരളത്തിൽ ധാരാളമായുണ്ട്.

കയറുമാറുക

കന്നുകാലികളെ വിൽക്കുമ്പോൾ കേരളത്തിൽ മിക്കയിടത്തും കയറോടുകൂടി അവയെ കൈമാറാറില്ല. കാലികളെ കച്ചവടം ഉറപ്പിച്ച് കഴിഞ്ഞാൽ പുതിയ കയറുമായി വന്ന് കയറുമായി വേണം ഉരുക്കളെ കൊണ്ടു പോകുവാൻ. ഇതിനാണ് 'കയറു മാറുക' എന്ന് പറയുക. ചൊവ്വ, വെള്ളി ദിവസങ്ങളിൽ 'കയറുമാറി' ഉരുക്കളെ എരുത്തിലിൽ നിന്ന് അഴിച്ചിറക്കി നൽകില്ല.

കളീൽ

കേരളത്തിൽ ചിരപുരാതനമായി നിലനിന്നുവന്ന ഒരു എരുത്തിൽ നിർമ്മാണ രീതിതന്നെയുണ്ട്. എരുത്തിലിനോടു ചേർന്ന് അടച്ചുപൂട്ടുള്ള ഒരു ചെറിയ മുറി കൂടി പണിയുമായിരുന്നു. ഇതിന് കളീൽ, കളിയൽ, എന്നിങ്ങനെ പറഞ്ഞു പോന്നിരുന്നു. കൃഷിപ്പണിയായുധങ്ങളും, വിത്തുവകകളും മറ്റും ഈ മുറിയിലാണ് സൂക്ഷിച്ചിരുന്നത്.

മൂക്കുകയർ

കന്നുകാലികൾ മേടു കാണിക്കാതെ അനുസരണയോടെ നില്ക്കുന്നതിനും അവയെ നിയന്ത്രിക്കുന്നതിനുമായി കയർ മൂക്കിലൂടെ കടത്തി കൊമ്പിന് പിന്നിലൂടെ ചുറ്റി കഴുത്തിലെ വട്ടക്കയറുമായി ബന്ധിപ്പിക്കും. ഇതിനാണ് മൂക്കുകയർ എന്ന് പറയുക. കാലികളെ കെട്ടുന്ന കയർ മൂക്കുകയർ ബന്ധിച്ചിരിക്കുന്ന വട്ടക്കയറുമായി ചേർന്നായതിനാൽ കന്നുകാലികൾ കുതറി ഓടുകയോ മറ്റോ ചെയ്താൽ ബലമായി വലിച്ചു പിടിച്ചാൽ മൂക്കുകയർ മുറുകി അവ നിന്ന നിലയിൽ തന്നെ നില്ക്കും. അതുകൊണ്ടുതന്നെ 'മൂക്കുകയറിടുക' എന്നത് ഭാഷയിലെ ഒരു പ്രയോഗമാണ്.

കെട്ടിക്കറവ

മുമ്പ് കാലത്ത് പശു, എരുമ എന്നിവയെ അഴിച്ചുവിട്ട് വളർത്തുന്ന രീതിയാണുണ്ടായിരുന്നത്. ഇങ്ങനെ വഴിയോരങ്ങളിലും മറ്റും കണ്ടതൊക്കെയും തിന്ന് വളരുന്ന ഇവയെ ഉടമസ്ഥർ കെട്ടിക്കറവയാണ് നടത്തുക. പാൽ ആവശ്യമുള്ള ചായപ്പീടികയുടെ മുമ്പിൽ ഈ ഉരുവിനെ കെട്ടി അവിടെവെച്ചു തന്നെ കറന്ന് പാൽ അളന്ന് അപ്പോൾ തന്നെ ചായപ്പീടികയിൽ നൽകുന്നു. ഇങ്ങനെ കറവ നടത്തുന്നതിനാണ് 'കെട്ടിക്കറവ' എന്ന് പറയുക.

കൊടുംതൊഴു

സാധാരണയിൽ കവിഞ്ഞ മേടു കാണിക്കുന്നതും പ്രത്യേകിച്ച് കറവ സമയത്ത് പ്രശ്നങ്ങളുണ്ടാക്കുകയും ചെയ്യുന്ന പശുക്കളെയും എരുമകളെയും മറ്റും കയറ്റി നിർത്തി കറവ നടത്തുന്നതിന് പറ്റുന്ന വിധത്തിൽ ഒരു സംവിധാനമുണ്ടാക്കുന്നതിനാണ് 'കൊടുംതൊഴു' എന്ന് പറയുക.

വറ്റു കറവ

ഒരു പശു പ്രസവിച്ച് അതിന്റെ കറവക്കാലം ഏകദേശം അവസാനിക്കാറാവുന്ന സമയത്തിനാണ് വറ്റുകറവക്കാലം എന്ന് പറയുന്നത്. വറ്റുകറവക്കാലത്തെ പാലിന് ഗുണം കൂടുമെന്ന് പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർ സാധാരണ പറയാറുണ്ട്.

അയവെട്ടുക

കന്നുകാലികൾ പുല്ലായാലും വൈയ്ക്കോലായാലും ചവച്ചരയ്ക്കാതെ പെട്ടെന്ന് ആഹരിയ്ക്കയാണ് ചെയ്യുന്നത്. ഇതിന്റെ ഉപാപചയ പ്രക്രിയ ആമാശയത്തിലെ നാലറകളിലായി പിന്നീടാണ് നടക്കുക. ദഹനപ്രക്രിയയുടെ ഭാഗമായി നേരത്തെ പെട്ടെന്ന് ആഹരിച്ച പുല്ലും വൈയ്ക്കോലും മറ്റും വീണ്ടും ചവയ്ക്കുക എന്നത് കന്നുകാലികളുടെ പ്രത്യേകതയാണ്. കന്നുകാലികൾ അയവെട്ടുക എന്നാണിതിന് പറയുക.

കച്ചിത്തുറു

പശുവളർത്തലുമായി ബന്ധപ്പെട്ട് ഏറ്റവും പ്രധാനമാണ് വൈയ്ക്കോലും വൈക്കോൽ തുറുവും. പരുഷാഹാരം എന്ന നിലയിൽ കന്നുകാലികൾക്ക് വൈയ്ക്കോൽ അഥവാ കച്ചിയാണ് പ്രധാനമായും നൽകുന്നത്. ഓരോ നെൽകൃഷിക്കാലം കഴിയുമ്പോഴും കൊയ്തു മെതിച്ച വൈയ്ക്കോൽ നന്നായി ഉണക്കിയശേഷം ഒരു തൂണും നാട്ടി അതിന്മേൽ ചുറ്റോടുചുറ്റും വൈയ്ക്കോൽ കുടഞ്ഞിട്ട് നന്നായി ചവിട്ട് ഉറപ്പിച്ച് സംഭരിച്ച് സൂക്ഷിക്കുകയാണ് ചെയ്യുന്നത്–ഇതിനെ 'തുറു' എന്നാണ് പറയുക. വലിയ വണ്ണമുള്ളവരെ "കച്ചിത്തുറുപൊലെയായല്ലോ" എന്ന് കളിയാക്കി പറയാറുണ്ട്.■

(തുടരും)

ലേഖകൻ
തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്.

റോഡ് നമ്മുടെ തറവാട്

ബാലചന്ദ്രമേനോൻ

മനുഷ്യശരീരത്തിനു ഹാനികരമായ പലതും നമ്മൾ ചെയ്യുന്നു. *ആരോഗ്യത്തിനു ഹാനികരം* എന്ന് പുറംചട്ടയിൽ വെണ്ടയ്ക്കാ വലിപ്പത്തിൽ എഴുതിയിട്ടും നാം സിഗരറ്റ് വലിക്കുന്നു; മദ്യപിക്കുന്നു; ലഹരി വസ്തുക്കൾ കൊണ്ട് ശരീരത്തെ വഷളാക്കുന്നു. വിവരമുള്ള മനുഷ്യൻ എന്തുകൊണ്ട് ഇത് ചെയ്യുന്നു എന്നതിന് ഒരു സഹൃദയൻ മറുപടി പറഞ്ഞു.

"മനുഷ്യനെ കുറ്റം പറയണ്ടാ, ഒരു നയാ പൈസയുടെ മുടക്കുമുതൽ ഇല്ലാതെ അവന് ചക്കാത്തിനു കിട്ടിയതാണ് അവന്റെ ശരീരം. അതുകൊണ്ടു തന്നെ അതിനെ ഏതു രീതിയിൽ ഉപയോഗിക്കുന്നതിനും ദുരുപയോഗപ്പെടുത്തുന്നതിനും അവന് യാതൊരു കൂസലുമില്ല".

മനുഷ്യർ റോഡുകളിൽ പെരുമാറുന്നത് കാണുമ്പോഴും ഞാൻ മേൽപ്പറഞ്ഞ സഹൃദയന്റെ വാക്കുകൾ ഓർക്കും. ജീവന് ഇത്രയും അനാദരവ് കാണിക്കുന്ന ഒരു സമൂഹം ഇനി കാണാൻ ബുദ്ധിമുട്ട്. റോഡ് എന്തിനാണെന്ന് അടിസ്ഥാനപരമായി മനസ്സിലാക്കി പെരുമാറിയാൽ ആ പൗരബോധത്തെ നമുക്ക് നമിക്കാം. മനുഷ്യനും വാഹനങ്ങൾക്കും വേണ്ടിവന്നാൽ മൃഗങ്ങൾക്കും സ്വൈരസഞ്ചാരം നടത്താനുള്ള റോഡിൽ കാട്ടികൂട്ടുന്ന പേക്കൂത്തുകൾ കാണുമ്പോൾ സ്വാമി വിവേകാനന്ദൻ ഭ്രാന്താലയം എന്ന് വിശേഷിപ്പിച്ചത് അന്വർത്ഥമാണെന്ന് തോന്നിപോകും. ഇതിനെല്ലാം പുറമെയാണ് റോഡിന്റെ ശോച്യാവസ്ഥ കുണ്ടും കുഴിയും നിറഞ്ഞ റോഡിലൂടെ നടന്നുപോകുന്നവർ പൊടുന്നനേ അപ്രത്യക്ഷമാകുന്നത് സാധാരണ കാഴ്ചയായിരിക്കുന്നു. റോഡിൽ നാട്ടുവെളിച്ചവുമില്ല, കുറ്റാക്കൂരിരുട്ടത്ത് കുണ്ടും കുഴിയും നിറഞ്ഞ റോഡിലൂടെ ജീവനോടെ ഒരാൾ വീട്ടിൽ തിരിച്ചെത്തിയാൽ അത് ഭാര്യയുടെ താലിയുടെ ബലം കൊണ്ടാണെന്നു പറയേണ്ടിവരും. വാരി വലിച്ചെഴുതിയാൽ വായിക്കാനുള്ള സമയമോ സാവകാശമോ ഇവിടുത്തെ പൗരനില്ല. എല്ലാവരും തിരക്കിലാണ്. ഇരുചക്രവാഹനങ്ങൾ ഇടംവലം വ്യത്യാസം നോക്കാതെ സൂചിദ്വാരത്തിനുള്ളിലൂടെയും ചീറിപ്പായുകയാണ്. ഈ ചീറിപ്പായുന്നതുകൊണ്ട് ലാഭിക്കുന്നത് കഷ്ടിച്ച് അഞ്ചു മിനിട്ടാണെന്നും ഈ അഞ്ചു മിനിട്ടിനുള്ളിൽ ഈ ലോകത്ത് തൽക്കാലം ഒന്നും സംഭവിക്കാൻ പോകുന്നില്ലെന്നും അവൻ അറിയുന്നില്ല. നിരത്തിലൂടെ നടക്കുന്നവർ വേറൊരു ലോകത്തിലാണ്. വീടിന്റെ പിന്നാമ്പുറം എന്ന നിലയിലാണ് അവരുടെ ചലനങ്ങൾ. പിന്നിൽ നിന്നും വരുന്ന വാഹനങ്ങളോ ഗതാഗതനിയന്ത്രണങ്ങളോ അവരെ ബാധിക്കുന്നില്ല. ഇടവഴിയിൽ കാലും കവച്ച് നിന്ന് പുകവലിച്ച് ആസ്വദിക്കുന്ന ഇക്കൂട്ടർ ഒരു വാഹനം വന്നാൽ ഒഴിഞ്ഞുമാറുന്ന പ്രശ്നമില്ല. അത്യാവശ്യം വേണ്ടിവന്നാൽ സമൃദ്ധമായ പൃഷ്ടം ഒന്ന് ചരിച്ചുകൊടുക്കും. തട്ടാതെയും മുട്ടാതെയും വണ്ടി കൊണ്ട് പോകണം എന്ന് സാരം. ശബ്ദമലനീകരണത്തിലും നമ്മുടെ റോഡുകൾ സമൃദ്ധം. കാറിന് എന്തിനാണ് ഹോൺ എന്ന് ആദ്യം മനസ്സിലാക്കണം. അത്യാവശ്യത്തിന് ഔചിത്യബോധത്തോടെ ഉപയോഗിക്കേണ്ട ഒന്നാണത്. മുന്നിൽ പോകുന്ന വണ്ടി ഏതെങ്കിലും സാങ്കേതിക കാരണത്താൽ ഒന്നു വേഗത കുറച്ചാൽ പിറകിൽ നിന്ന് ഹോണിന്റെ മരണരോദനം ആരംഭിക്കും. മുന്നോട്ടു കയറിപോകാൻ ഒരു നിവൃത്തിയുമില്ലാത്ത ചുറ്റുപാടിലും ഹോൺ മുഴക്കാൻ അമാന്തിക്കാത്ത ഇക്കൂട്ടരും റോഡിലെ സഹയാത്രികരെ ഭ്രാന്ത് പിടിപ്പിക്കുകയാണ് ചെയ്യുന്നത്.

ദിവസവും രാവിലെ പത്രത്തിൽ വായിച്ചുകൂട്ടുന്ന പൈങ്കിളിസാഹിത്യം കലർന്ന റോഡ് അപകടമരണങ്ങൾ നമ്മുടെ മനസ്സാക്ഷിയെ അസ്വസ്ഥമാക്കുന്നു. ദൈവത്തിന്റെ വരദാനമായി കിട്ടിയ ഈ മനുഷ്യജന്മം ഇങ്ങനെ റോഡിൽ തേങ്ങാ എറിഞ്ഞുടയ്ക്കും പോലെ തീർക്കാനുള്ളതാണോ? റോഡ് നികുതിയും വാഹനനികുതിയും കൊടുത്തു ജീവിക്കുന്ന ഇവിടുത്തെ പൗരന് ഈ പ്രാധാന്യമാണോ നാം നൽകേണ്ടത് ?

മുൻപൊക്കെ സൈക്കിളിൽ ലൈറ്റില്ലാതെ പോയാൽ കുറ്റകരമാണ്. ഇപ്പോൾ ഒരു സൈക്കിളിനും ലൈറ്റ് വേണ്ട. റോഡിലോ ലൈറ്റില്ല; സൈക്കിളിനെങ്കിലും ആവരുതോ? സൈക്കിളിനു പിന്നിലുള്ള ചുവന്ന റിഫ്ളക്റ്റർ നിർബന്ധമാക്കണം. അല്ലെങ്കിൽ കറുത്ത ഷർട്ടിട്ട ലൈറ്റില്ലാത്ത സൈക്കിൾ യാത്രക്കാരനെ എങ്ങനെ തിരിച്ചറിയും? പിറ്റേന്ന് സൈക്കിൾ യാത്രക്കാരെ ജീപ്പിടിച്ചു തെറിപ്പിച്ചു എന്നു പത്രത്തിൽ വായിക്കാൻ രസമായിരിക്കും. അനാഥമാകുന്ന ഒരു കുടുംബത്തോട് അധികാരികൾക്ക് ഒരു കടപ്പാടില്ലേ? അഥവാ ചലനമറ്റു കിടന്നു പോയാൽ ആ കുടുംബത്തിന്റെ സംരക്ഷണം ആര് നോക്കാനാണ്?

ഇവിടെ ആരെയും കുറ്റം പറയുക എന്നതല്ല ഈ കുറിപ്പിന്റെ ഉദ്ദേശം. റോഡിൽ നമ്മുടെ ജീവന്റെ ഭദ്രത ഇനിയൊരാളിന്റെ കൈയിലാണ്. ആ ഉത്തരവാദിത്തം പാലിക്കാൻ നമ്മൾ തയ്യാറാകണം. ഇതിൽ സർക്കാരിനും റോഡ് ഉപയോഗിക്കുന്ന യാത്രികനും തുല്യപങ്കാളിത്തമുണ്ട്.

പൂന്താനം പറഞ്ഞതുപോലെ എത്രയോ ജന്മം കഴിഞ്ഞ് കിട്ടിയ മനുഷ്യാവതാരത്തെ ഒന്ന് സ്നേഹിക്കുക ബഹുമാനിക്കുക.

റോഡ് യാത്ര സുരക്ഷയാത്രയാക്കൂ.

■

ദിവസവും രാവിലെ പത്രത്തിൽ വായിച്ചുകൂട്ടുന്ന പൈങ്കിളിസാഹിത്യം കലർന്ന റോഡ് അപകടമരണങ്ങൾ നമ്മുടെ മനസ്സാക്ഷിയെ അസ്വസ്ഥമാക്കുന്നു. ദൈവത്തിന്റെ വരദാനമായി കിട്ടിയ ഈ മനുഷ്യജന്മം ഇങ്ങനെ റോഡിൽ തേങ്ങാ എറിഞ്ഞുടയ്ക്കും പോലെ തീർക്കാനുള്ളതാണോ?

പൂന്താനം പറഞ്ഞതു പോലെ എത്രയോ ജന്മം കഴിഞ്ഞ് കിട്ടിയ മനുഷ്യാവതാരത്തെ ഒന്ന് സ്നേഹിക്കുക ബഹുമാനിക്കുക.

റോഡ് യാത്ര സുരക്ഷയാത്രയാക്കൂ.

തൊഴിലുറപ്പ് പദ്ധതിയിലെ കേരള മാതൃകകൾ

സ്ത്രീ മുന്നേറ്റം തൊഴിലുറപ്പു പദ്ധതിയിലൂടെ

തൊഴിലുറപ്പുപദ്ധതിയുടെ ഗുണഭോക്താക്കളിൽ ഏറിയ പങ്കും സ്ത്രീകളാണ്. എണ്ണത്തിൽ മാത്രമല്ല, സാമൂഹിക പദവിയിലും സാമ്പത്തിക കാര്യത്തിലും സ്ത്രീകൾക്ക് കാര്യമായ മുന്നേറ്റം കൈവരിക്കാൻ പദ്ധതി സഹായകമായി. ജനസംഖ്യയിൽ പകുതിയോളം - 2650 കുടുംബങ്ങൾ - ദാരിദ്ര്യരേഖയ്ക്കുതാഴെ കഴിയുന്ന ഈസ്റ്റ് എളേരിയിൽ തൊഴിൽ നേടിയ 768 പേരിൽ 520 പേർ സ്ത്രീകളായിരുന്നു. 5469 തൊഴിൽദിനങ്ങളിലൂടെ അവർ കൈവരിച്ച നേട്ടം അഭിമാനകരമാണ്; പങ്കാളികൾക്കും നാടിനും. അതുപോലെ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ തൊഴിലുകളിലും സ്ത്രീകൾ തങ്ങളുടെ സാമർത്ഥ്യവും തൊഴിൽ സന്നദ്ധതയും കാട്ടി വിജയം വരിച്ച പഞ്ചായത്താണ് ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി. വീട്ടുവളപ്പിന് പുറത്ത് അധികമൊന്നും തൊഴിലിന് പോകാതിരുന്ന സ്ത്രീകൾ തൊഴിലുറപ്പു പദ്ധതി വന്നതോടെ എല്ലാ തൊഴിലുകൾക്കും മുന്നിട്ടിറങ്ങി. ഇവിടെ തൊഴിലിന് സന്നദ്ധമായി രജിസ്റ്റർ ചെയ്തവരിൽ 82 ശതമാനം സ്ത്രീകളാണ്. വേതന ഇനത്തിൽ സ്ത്രീകൾ 2007-08 വർഷത്തിൽ നേടിയത് 16.28 ലക്ഷം രൂപ.

സ്ത്രീകൾ ആവേശപൂർവ്വം

കാസർഗോഡ് ജില്ലയിലെ നീലേശ്വരം ബ്ളോക്കിൽ കുടക് വനത്തിനും കാര്യങ്കോട് പുഴയ്ക്കുമിടയിൽ തലയുയർത്തിനിൽക്കുന്ന മലയോര ഗ്രാമപഞ്ചായത്താണ് ഈസ്റ്റ് എളേരി. പടിഞ്ഞാറും വടക്കും അതിർത്തിയിൽ വെസ്റ്റ് എളേരി പഞ്ചായത്ത്. പതിനഞ്ചു വാർഡുകൾ ഉൾപ്പെടുന്ന പഞ്ചായത്തിലെ 5856 കുടുംബങ്ങളിൽ പകുതിയോളം ദാരിദ്ര്യരേഖയ്ക്കു താഴെയാണ് - 2650. ഇതിൽ 498 കുടുംബങ്ങൾ പട്ടികവർഗ്ഗക്കാരാണ്. 54 പട്ടിക ജാതി കുടുംബങ്ങളും. നാണ്യവിള കൃഷിയാണ് പ്രധാന ഉപജീവന മാർഗ്ഗം. ജനങ്ങളിൽ അധികവും ചെറുകിട നാമമാത്ര കൃഷിക്കാരും കർഷക തൊഴിലാളികളുമാണ്.



അജിത് വെണ്ണിയൂർ

തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട ചർച്ചകളിൽ ഉയർന്നുവന്ന പ്രധാന ആവശ്യം മണ്ണ്, ജലം, ജൈവസമ്പത്ത് അടിസ്ഥാന വിഭവങ്ങളുടെ ഫലപ്രദവും സ്ഥായിയുമായ സംരക്ഷണത്തിനുതകുന്ന നിർമ്മാണ പ്രവർത്തനങ്ങളാണ്. ഇതിനായി പഞ്ചായത്ത് പ്രദേശത്തെ 16 നീർത്തടങ്ങളായി തിരിച്ചു. തുടർന്ന് വിശദമായ പഠനത്തിന്റേയും ചർച്ചകളുടേയും അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തിന്റേയും സവിശേഷതകൾക്ക് അനുസൃതമായി പദ്ധതികൾ ആവിഷ്കരിച്ചു. ജല സംരക്ഷണ, മണ്ണ് സംരക്ഷണ നിർമിതികൾ ഗ്രാമീണ റോഡുകളുടെ പാർശ്വചാൽ നിർമാണം, വൃത്തിയാക്കൽ എന്നീ പ്രവൃത്തികൾക്ക് പ്രാമുഖ്യം നൽകിയാണ് പദ്ധതികൾ ആവിഷ്കരിച്ചത്.

പട്ടികജാതി വിഭാഗത്തിൽ 36 ഉം പട്ടികവർഗ്ഗ വിഭാഗത്തിൽ 256 ഉം അടക്കം 2564 കുടുംബങ്ങൾ ഈ പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്തു. തൊഴിലിനായി രജിസ്റ്റർ ചെയ്തവർ 4223. ഇവരിൽ 2050 പേർ സ്ത്രീകളാണ്. പട്ടികജാതിക്കാർ 108, പട്ടിക വർഗ്ഗക്കാർ 530, 1800 ബി.പി.എൽ. കുടുംബങ്ങളിൽ നിന്നായി 1427 സ്ത്രീകൾ ഉൾപ്പെടെ 3554 പേർ തൊഴിൽ കാർഡുകൾ സ്വീകരിച്ചിട്ടുണ്ട്.

2008 ഏപ്രിൽ 30 ലെ കണക്കനുസരിച്ച് 768 ആളുകൾക്കായി 6941 തൊഴിൽ ദിനങ്ങളിൽ ജോലി നൽകി. ഇതിൽ 520 സ്ത്രീകൾക്കായി 5469 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. ഈ ഇനത്തിൽ ചെലവഴിച്ചത് 7,86,818 രൂപ. സ്ത്രീകൾ ഈ പദ്ധതിയെ ആവേശപൂർവ്വം സ്വീകരിച്ചു എന്നതിന് തെളിവാണ് ഈ പ്രതികരണം.

ചെറുകിട, നാമമാത്ര കർഷക കുടുംബങ്ങളിലെ സ്ത്രീകൾ പൊതു സ്ഥലങ്ങളിലും റോഡിലുമൊക്കെ ജോലി ചെയ്യാൻ തയ്യാറായതാണ് ഈ പദ്ധതിയുടെ മറ്റൊരു പ്രധാന നേട്ടം. ദേശീയ തൊഴിലുറപ്പു പദ്ധതി തുടങ്ങുന്നതുവരെ സ്വന്തം പുരയിടങ്ങളിലും ഗാർഹികവൃത്തിയിലും മാത്രം ഏർപ്പെട്ടിരുന്ന ഒട്ടേറെ സ്ത്രീകൾ സംഘബോധത്തോടെ തങ്ങളുടെ അദ്ധ്വാനം നാടിന്റെ വികസനപ്രവർത്തനങ്ങളിൽ നിക്ഷേപിക്കുന്നതിനും അതുവഴി തങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാമൂഹിക അന്തസ്സ് ഉയർത്തുന്നതിനും സന്നദ്ധരായി. നീർത്തട പദ്ധതിയുടെ പ്രാരംഭമെന്ന നിലയിൽ ഗ്രാമീണ റോഡുകളുടെ പാർശ്വചാലുകളുടെ നിർമ്മാണമാണ് കൂടുതലായും നടന്നത്. സ്ത്രീകളുടേയും തൊഴിലാളികളുടേയും ഇടയിൽ നിലനിന്നിരുന്ന സാമൂഹികമായ ചേരിതിരിവ് ഇല്ലാതാക്കുന്നതിന് ഒന്നിച്ചുള്ള ഈ പ്രവർത്തനം സഹായകമായി.

വിപ്ലവകരമായ മാറ്റം

ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ഈ പഞ്ചായത്തിൽ സുഗമമായി നടത്തിയതിന്റെ മുഖ്യപങ്കും സ്ത്രീകൾക്കാണ്. സ്വന്തം വീട്ടുജോലിയുമായി ഒതുങ്ങിക്കൂടിയ സ്ത്രീകൾ ഈ പദ്ധതിയിലൂടെ സാമ്പത്തികമായി സ്വയം പര്യാപ്തരായി. സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബമാണെങ്കിൽ കൂടി സ്ത്രീകൾ മററൊരു വ്യക്തിയുടെ കീഴിൽ ജോലിക്കുപോകുന്നത് സമൂഹത്തിൽ മാനക്കേടാണെന്ന് ധരിച്ചിരുന്ന ജനങ്ങൾക്കിടയിൽ ഈ പദ്ധതി വിപ്ലവകരമായ മാററമാണ് സൃഷ്ടിച്ചത്. താൻ ചെയ്യുന്ന ജോലി സർക്കാർ നൽകുന്നതാണെന്നും പ്രായഭേദമന്യേ ശാരീരിക ശേഷിയുണ്ടെങ്കിൽ ജോലി ചെയ്യാമെന്നുമുള്ള ബോധം സ്ത്രീകളെ ഉത്സാഹികളാക്കി.

> സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബമാണെങ്കിൽ കൂടി സ്ത്രീകൾ മററൊരു വ്യക്തിയുടെ കീഴിൽ ജോലിക്കുപോകുന്നത് സമൂഹത്തിൽ മാനക്കേടാണെന്ന് ധരിച്ചിരുന്ന ജനങ്ങൾക്കിടയിൽ ഈ പദ്ധതി വിപ്ലവകരമായ മാററമാണ് സൃഷ്ടിച്ചത്. താൻ ചെയ്യുന്ന ജോലി സർക്കാർ നൽകുന്നതാണെന്നും പ്രായഭേദമന്യേ ശാരീരിക ശേഷിയുണ്ടെങ്കിൽ ജോലി ചെയ്യാമെന്നുമുള്ള ബോധം സ്ത്രീകളെ ഉത്സാഹികളാക്കി.

പുതിയ ഉണർവും ആവേശവും

ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി പഞ്ചായത്തിന്റെ പ്രധാന നേട്ടവും ഉയർന്ന സ്ത്രീപങ്കാളിത്തം തന്നെ. വാഴത്തോപ്പ് പഞ്ചായത്തിന്റെ ഒരു വാർഡ് മാത്രമായിരുന്ന കഞ്ഞിക്കുഴി 1975 ലാണ് പ്രത്യേക പഞ്ചായത്തായത്. സമുദ്രനിരപ്പിൽ നിന്നും 2250 അടി ഉയരത്തിലാണ് ഈ പ്രദേശം. വിസ്തൃതി.227.5 ച. കിലോമീറ്റർ.

പ്രധാനമായും കാർഷിക മേഖലയെ ആശ്രയിച്ചാണ് ജനങ്ങൾ ഉപജീവനം കഴിക്കുന്നത്. ഒരു ഹെക്ടറിൽ താഴെ

കൃഷിയിടമുള്ള നാമമാത്ര കർഷകരാണ് ഏറെയും. കർഷകർ ഒട്ടനവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. രോഗബാധമൂലം ഉല്പാദന രംഗത്ത് ശക്തമായ മുരടിപ്പ് അനുഭവപ്പെടുന്നു. കാർഷികോല്പന്നങ്ങളുടെ വിലയിടിവ് ദാരിദ്ര്യത്തിന്റെ ആക്കം വർദ്ധിപ്പിക്കുന്നു. ഗതാഗത വാർത്താവിനിമയരംഗങ്ങൾ ഇനിയും എല്ലായിടത്തും എത്തിയിട്ടില്ല. മഴക്കാലമായാൽ കാൽനടയ്ക്ക് പോലും ഉപകരിക്കാത്തവയാണ് ഭൂരിഭാഗം റോഡുകളും. പ്രകൃതിക്ഷോഭം അനേകരെ ഓരോവർഷവും വഴിയാധാരമാക്കുന്നു.

ഇവയുടെ തിക്തഫലങ്ങൾ അനുഭവിക്കുന്നത് ഏറെയും സ്ത്രീകളാണ്. ഹൈറേഞ്ച് മേഖലകളിൽ കൂലി കുറവായതിനാൽ ഭൂരിപക്ഷം പുരുഷന്മാരും തങ്ങളുടെ ഗ്രാമത്തിൽ നിന്നും നഗരത്തിലോ പ്രാന്തപ്രദേശങ്ങളിലോ ചേക്കേറാൻ നിർബന്ധിതരാവുന്നു. കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ പലപ്പോഴും സ്ത്രീകളാണ് നിർവഹിക്കേണ്ടിവരുന്നത്. അതുകൊണ്ടുതന്നെ തൊഴിലുറപ്പ് പദ്ധതിയുടെ കടന്നുവരവോടെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളിൽ പുതിയൊരു ഉണർവും ആവേശവും ദൃശ്യമായി.

തൊഴിലിനു സന്നദ്ധരായി മുന്നോട്ടു വന്നവരിൽ 82ശതമാനം സ്ത്രീകളാണ്. 2163 പേരാണ് തൊഴിൽ ആവശ്യപ്പെട്ട് പഞ്ചായത്തിനെ സമീപിച്ചത്. അവരിൽ 1773 പേർ സ്ത്രീകളായിരുന്നു. കഞ്ഞിക്കുഴി മേഖലയിലെ കുടുംബങ്ങളിൽ പൊതുവെ സ്ത്രീകൾ പുറത്ത് പണിക്ക് പോയിരുന്നില്ല. അതിനൊരു മാറ്റമുണ്ടാക്കാൻ തൊഴിലുറപ്പു പദ്ധതി ഇടയാക്കി..

വ്യത്യസ്തരായ സ്ത്രീകൾ

പുരുഷന്മാർ മാത്രം ചെയ്തുപോന്ന കിണർ പണികൾ ഉൾപ്പെടെയുള്ള തൊഴിലുകളിൽ ഇവിടെ സ്ത്രീകൾ കടന്ന് വന്നു. വട്ടോംപാറ മേഖലയിൽ കാര്യമായ പുരുഷ സഹായമില്ലാതെ കൃഷിയാവശ്യത്തിനുള്ള വെള്ളം കണ്ടെത്തുന്നതിനായി സ്ത്രീകൾ കുളം നിർമ്മിച്ചത് നാട്ടുകാരുടെ പ്രശംസ പിടിച്ചുപറ്റി. സ്ത്രീകൾ വടത്തിലൂടെ തൂങ്ങി ഇറങ്ങിയാണ് കുളം പൂർത്തിയാക്കിയത്.

മഴക്കുഴി നിർമാണം, റോഡിന്റെ കാന തെളിക്കൽ, കുളം വൃത്തിയാക്കൽ, പുതിയ കുളം നിർമ്മാണം എന്നിവയാണ് പദ്ധതി പ്രകാരം ചെയ്ത പ്രധാന പ്രവൃത്തികൾ. മഴക്കുഴികൾ നിർമ്മിച്ചതോടെ കുടിവെള്ളത്തിന്റെ ലഭ്യത കൂടി. കനാൽ വൃത്തിയാക്കിയതിലൂടെ റോഡുകൾ ഗതാഗതയോഗ്യമായി. വരുമാന വർദ്ധനയിലൂടെ സ്ത്രീകൾക്ക് സാമ്പത്തിക സ്വാതന്ത്ര്യം കൈവന്നു.

ആസൂത്രണം പ്രത്യേക ഗ്രാമസഭയിൽ

ഓരോ വാർഡിലും രണ്ട് പ്രാവശ്യം പ്രത്യേക ഗ്രാമസഭ വിളിച്ചുകൂട്ടിയാണ് പദ്ധതികൾ ആസൂത്രണം ചെയ്തത്. അതിന്റെ മുന്നോടിയായി സ്വയംസഹായ സംഘങ്ങളിലും വിഷയം ചർച്ച ചെയ്തിരുന്നു. ഗ്രാമസഭകളിലെ സ്ത്രീ പ്രാതിനിധ്യം 80 ശതമാനത്തിനു മുകളിലായിരുന്നു.

1985 അപേക്ഷകളാണ് തൊഴിലിനു വേണ്ടി സ്ത്രീകളിൽ നിന്നും ലഭിച്ചത്. അതിൽ 1775 പേർ ജോലിക്ക് ഹാജരായി. സ്ത്രീകൾക്ക് മാത്രമായി വേതനയിനത്തിൽ ലഭിച്ചത് 16,27,700 രൂപ.

നേതൃത്വം സ്ത്രീകൾക്ക്

അപേക്ഷ സ്വീകരിക്കുക, സൂക്ഷ്മപരിശോധന നടത്തുക, തൊഴിൽ കാർഡ് വിതരണം ചെയ്യുക തുടങ്ങിയവയ്ക്കെല്ലാം നേതൃത്വം നൽകിയത് സ്ത്രീകളാണ്. പൊതുവേദികളിലൊന്നും പ്രത്യക്ഷപ്പെടാതിരുന്ന സ്ത്രീകൾക്ക് ഇത് സാമൂഹിക ഇടപെടലുകൾക്ക് നല്ലൊരു അവസരമായി. ഇടവേളകളിലും ജോലി കഴിഞ്ഞ സമയങ്ങളിലും കുടുംബത്തിലും സമൂഹത്തിലും ഉള്ള വിശേഷങ്ങൾ ചർച്ച ചെയ്യുന്നതിന് അവർ സമയം കണ്ടെത്തി. പൊതുതൊഴിലിടങ്ങളിൽ സാധാരണയായി 50 വയസ്സിന് താഴെയുള്ളവരെയാണ് പണിക്കു നിർത്തുന്നത്. എന്നാൽ തൊഴിലുറപ്പു പദ്ധതി പ്രകാരം 70 വയസ് വരെയുള്ളവർ ജോലി ചെയ്തിട്ടുണ്ട്. വാർദ്ധക്യത്തിൽ മറ്റാരെയും ആശ്രയിക്കാതെ അവർക്ക് തങ്ങളുടെ ദൈനംദിന ആവശ്യങ്ങൾക്കുള്ള പണം കണ്ടെത്താനും അതിലൂടെ ആത്മവിശ്വാസം വളർത്തിയെടുക്കാനും സാധിച്ചു.

കുടുംബത്തിനുള്ളിലും സമൂഹത്തിലും സ്വന്തമായൊരു വ്യക്തിത്വം ആർജിക്കാനും വ്യക്തികൾ തമ്മിലുള്ള സൗഹൃദം ഊട്ടിയുറപ്പിക്കാനും ഈ പദ്ധതി സഹായിച്ചുവെന്ന് തൊഴിലുറപ്പുപദ്ധതിയിൽ പങ്കെടുത്ത സ്ത്രീകൾ അഭിമാനപൂർവ്വം പറയുന്നു. സാമ്പത്തിക പ്രശ്നങ്ങൾ പരസ്സഹായം കൂടാതെ പരിഹരിക്കാനായി എന്ന് ആശ്വസിക്കുന്നവരും ധാരാളം. സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിന്നിരുന്ന ഒട്ടേറെ സ്ത്രീകൾക്ക് ഈ പദ്ധതി പ്രവർത്തനത്തിലൂടെ ഉയർച്ച നേടാനും വ്യക്തിത്വ വികാസം ആർജിക്കാനും കുടുംബജീവിതം കൂടുതൽ ആനന്ദപ്രദമാക്കാനും കഴിഞ്ഞു എന്നതാണ് ഈ പഞ്ചായത്തുകളിൽ തൊഴിലുറപ്പു പദ്ധതി വഴിയുണ്ടായ പ്രധാന നേട്ടം. ■

(കില പഠനം ആസ്പദമാക്കി തയ്യാറാക്കിയത്)

ലേഖകൻ കേരള സംസ്ഥാന സുസ്ഥിര നഗര വികസന പദ്ധതിയുടെ ഐ.ഇ.സി. എക്സ്പെർട്ടാണ്.

ചോദ്യം 1

പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകുമ്പോൾ കാഷ് ബുക്കിലും വരവ് - ചെലവ് രജിസ്റ്ററുകളിലും എങ്ങനെ രേഖപ്പെടുത്തണം?

ഉദയൻ മേനോൻ പി.എം.,
യുഡി ക്ലാർക്ക്, നെല്ലായ ഗ്രാമപഞ്ചായത്ത്

ഉത്തരം

1) ബാങ്കിംഗ് ട്രഷറിയിൽ ബിൽ സമർപ്പിച്ച്, വികസന ഫണ്ടിൽ നിന്നു തുക ചെലവഴിച്ചാണ് ടാർ വാങ്ങുന്നതെങ്കിൽ താഴെപ്പറയുന്ന രീതിയിൽ രേഖപ്പെടുത്തണം.

ഡിമാൻഡ് ഡ്രാഫ്റ്റ് ലഭിക്കുമ്പോൾ: കാഷ് ബുക്കിൽ ചെലവ് ഭാഗത്ത് ട്രഷറി കോളത്തിൽ രേഖപ്പെടുത്തുന്നു. 3054-04-799-99 സസ്പെൻസ് സ്റ്റോക്ക് എന്ന് ക്ലാസിഫിക്കേഷൻ നൽകുന്നു. ട്രഷറിയുടെ ചെക്ക് ഇഷ്യൂ രജിസ്റ്ററിലും തുടർന്ന് ചെലവ് രജിസ്റ്ററിലും രേഖപ്പെടുത്തുന്നു.

2) നോൺബാങ്കിംഗ് ട്രഷറിയിൽ ബിൽ സമർപ്പിച്ച്, ട്രഷറിയിൽ നിന്ന് കാഷ് വാങ്ങി ദേശസാൽകൃതബാങ്കിൽ നിഷേപിച്ച് ഡിമാൻഡ് ഡ്രാഫ്റ്റ് വാങ്ങിയാണ് (വികസനഫണ്ടിൽ നിന്നു ചെലവ്) ടാർ വാങ്ങുന്നതെങ്കിൽ:

കാഷ് ലഭിക്കുമ്പോൾ: കാഷ് ബുക്കിൽ ചെലവ് ഭാഗത്ത് ട്രഷറി കോളത്തിലും വരവ് ഭാഗത്ത് കാഷ് കോളത്തിലും രേഖപ്പെടുത്തുന്നു. ഇത് കോൺട്രാ എൻട്രിയാണ്. തുടർന്ന് ട്രഷറിയുടെ ചെക്ക് ഇഷ്യൂ രജിസ്റ്ററിലും എഴുതുന്നു.

ദേശസാൽകൃത ബാങ്കിൽ നിക്ഷേപിക്കുമ്പോൾ: കാഷ് ബുക്കിൽ ചെലവ് ഭാഗത്ത് കാഷ് കോളത്തിലും വരവ് ഭാഗത്ത് ബാങ്ക് കോളത്തിലും രേഖപ്പെടുത്തുന്നു. ഇതും കോൺട്രാ എൻട്രിയാണ്. ബാങ്കിനുള്ള ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ തുക പിൻവലിക്കൽ കോളത്തിൽ എഴുതുന്നു.

ഡിമാൻഡ് ഡ്രാഫ്റ്റ് വാങ്ങുമ്പോൾ: ബാങ്കിൽ ചെക്ക് നൽകി ഡിമാൻഡ് ഡ്രാഫ്റ്റ് വാങ്ങുമ്പോൾ കാഷ് ബുക്കിൽ ചെലവ് ഭാഗത്ത് ബാങ്ക് കോളത്തിൽ എഴുതുന്നു. 3054-04-799-99 സസ്പെ ൻസ് സ്റ്റോക്ക് എന്ന ക്ലാസ്സിഫിക്കേഷൻ നൽകുന്നു. ബാങ്കിനുള്ള ചെക്ക് ഇഷ്യൂ രജിസ്റ്ററിലും വരവ് രജിസ്റ്ററിലും എഴുതുന്നു.

3) തനതുഫണ്ടിൽ നിന്നു ചെക്ക് നൽകിയാണ് ടാർ വാങ്ങുന്നതെങ്കിൽ താഴെപ്പറയുന്ന രീതിയിൽ രേഖപ്പെടുത്തുന്നു.

ചെക്ക് നൽകുമ്പോൾ: ബാങ്ക്/ട്രഷറി അക്കൗണ്ടിൽ നിന്നുള്ള ചെക്ക് നൽകുമ്പോൾ കാഷ് ബുക്കിൽ ബാങ്ക്/ട്രഷറി കോളത്തിൽ എഴുതുന്നു. 3054 - 04-799 -99 സസ്പെൻസ് സ്റ്റോക്ക് എന്ന് ക്ലാസിഫിക്കേഷൻ നൽകുന്നു. ചെക്ക് ഇഷ്യൂ രജിസ്റ്ററിലും ചെലവ് രജിസ്റ്ററിലും എഴുതുന്നു.

പഞ്ചായത്ത് അക്കൗണ്ട്
ചോദ്യങ്ങളും ഉത്തരങ്ങളും 5

മറുപടി തയ്യാറാക്കിയത്: ഉദയഭാനു കണ്ടേത്ത്
ഓഡിറ്റ് കൺസൾട്ടന്റ്
മൊബൈൽ 9447454221



പഞ്ചായത്ത് അക്കൗണ്ട് ചോദ്യങ്ങളും ഉത്തരങ്ങളും

ചോദ്യം 2

സമഗ്ര നെൽകൃഷി വികസനം എന്ന പ്രോജക്ടിന് ഗുണഭോക്തൃവിഹിതം കൃഷി ഓഫീസർ പഞ്ചായത്തിൽ അടച്ചു. തുടർന്ന് പ്രസ്തുത തുകയ്ക്കുള്ള ചെക്ക് അദ്ദേഹത്തിനു നൽകി. ഇത് എങ്ങനെ രേഖപ്പെടുത്തണം?

ഉത്തരം

ഗുണഭോക്തൃവിഹിതം ലഭിക്കുമ്പോൾ: കാഷ് ബുക്കിൽ വരവ് ഭാഗത്ത് കാഷ് കോളത്തിൽ രേഖപ്പെടുത്തുന്നു. 8443-00-800-94 ഗുണഭോക്തൃവിഹിതം എന്ന് ക്ലാസിഫിക്കേഷൻ നൽകുന്നു. വരവ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു.

ഗുണഭോക്തൃവിഹിതത്തിനുള്ള ചെക്ക് നിർവഹണ ഉദ്യോഗസ്ഥന് നൽകുമ്പോൾ :

i) ട്രാൻസ്ഫർ എൻടി തയ്യാറാക്കി 8443-00-800-94 ഗുണഭോക്തൃ വിഹിതം എന്ന ഹെഡിന് ഡെബിറ്റും 0401-00-800 ധാന്യവിളകൾ, മറ്റുവരവുകൾ എന്ന ഹെഡിന് ക്രെഡിറ്റും നൽകുന്നു. ട്രാൻസ് എൻട്രി വൗച്ചറിന് കാഷ് ബുക്കിലെ ക്രമപ്രകാരമുള്ള വൗച്ചർ നമ്പർ നൽകി കാഷ് ബുക്കിൽ ചെലവ് ഭാഗത്തും വരവുഭാഗത്തും രേഖപ്പെടുത്തുന്നു. ചെലവ് ഭാഗത്ത് 8443-00-800-94 എന്നും വരവ് ഭാഗത്ത് 0401-00-800 എന്നും ക്ലാസിഫിക്കേഷൻ നൽകുന്നു. ചെലവ് രജിസ്റ്ററിലും വരവ് രജിസ്റ്ററിലും രേഖപ്പെടുത്തുന്നു.

ii) ഗുണഭോക്തൃവിഹിതം നിക്ഷേപിച്ചിരിക്കുന്നത് വിപിഎഫ് I അക്കൗണ്ടിലായിരിക്കും. അതിനാൽ വിപിഎഫ് I എന്ന അക്കൗണ്ടിൽ നിന്ന് ഗുണഭോക്തൃ വിഹിതം പിൻവലിക്കുന്നതിനുള്ള ചെക്ക് തയ്യാറാക്കി കാഷ് ബുക്കിൽ ചെലവ് ഭാഗത്ത് ട്രഷറി കോളത്തിൽ രേഖപ്പെടുത്തുന്നു. 8550-00-103-99- നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള അഡ്വാൻസുകൾ എന്ന് ക്ലാസിഫിക്കേഷൻ നൽകുന്നു. ചെക്ക് ഇഷ്യൂ രജിസ്റ്ററിലും ചെലവ് രജിസ്റ്ററിലും രേഖപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥന്റെ ചെലവ് സ്റ്റേറ്റ്മെന്റ് ലഭിക്കുമ്പോൾ : ചെലവ് സ്റ്റേറ്റ്മെന്റിന് വൗച്ചർ നമ്പർ നൽകി കാഷ് ബുക്കിൽ കാഷ് കോളത്തിൽ രേഖപ്പെടുത്തുന്നു. 2401-00-102-99 നെൽകൃഷി വികസനം എന്ന് ക്ലാസിഫിക്കേഷൻ നൽകുന്നു. ചെലവ് രജിസ്റ്ററിലും രേഖപ്പെടുത്തുന്നു.

ചോദ്യം 3 : പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നുള്ള റിക്കവറികൾ (തനതുഫണ്ടിൽ നിന്നുള്ളതല്ലാത്തവ) വരവ് - ചെലവ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തേണ്ടതില്ലെന്ന് അറിയുന്നു. എന്നാൽ കോൺട്രാക്റ്റർക്കും ക്ഷേമനിധിവിഹിതത്തിനുമുള്ള തുകകൾ ട്രഷറിയിൽ നിന്നും പിൻവലിക്കുന്ന അവസരത്തിൽ (നോൺബാങ്കിംഗ് ട്രഷറിയിൽ നിന്നും) അത് വരവ് - ചെലവ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തേണ്ടതല്ലേ?

ഉത്തരം

നിർമ്മാണ പ്രവൃത്തികൾക്കുള്ള തുക വി.പി. എഫ് അക്കൗണ്ട് II (വികസനഫണ്ട്)-ൽ നിന്നും അറ്റകുറ്റപ്പണികൾക്കുള്ള തുക വിപിഎഫ് അക്കൗണ്ട് III (മെയിന്റനൻസ് ഫണ്ട്)-ൽ നിന്നും ആയിരിക്കും പിൻവലിക്കുക. എല്ലാ റിക്കവറികൾക്കും ചേർന്ന തുകയാണ് പിൻവലിക്കുന്നത്.

ലെറ്റർ ഓഫ് അതോറിറ്റി ലഭിച്ചപ്പോൾ ട്രഷറി അക്കൗണ്ടിൽ തുക വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ബിൽ സമർപ്പിച്ച് തുക ലഭിക്കുമ്പോൾ ചെലവ് മാത്രമേ രേഖപ്പെടുത്തേണ്ടതുള്ളു.

വർക്ക് ബില്ലിന്റെ തുക നോൺ ബാങ്കിംഗ് ട്രഷറിയിൽ നിന്ന് ലഭിച്ചാൽ താഴെപ്പറയുന്ന രീതിയിലാണ് വിവിധ രജിസ്റ്ററുകളിൽ രേഖപ്പെടുത്തേണ്ടത്.

i) ട്രഷറിയിൽ നിന്നും കാഷ് ലഭിക്കുമ്പോൾ :

കാഷ് ബുക്കിൽ ചെലവ് ഭാഗത്ത് ട്രഷറി കോളത്തിലും വരവ് ഭാഗത്ത് കാഷ് കോളത്തിലും രേഖപ്പെടുത്തുന്നു. ക്ലാസിഫിക്കേഷൻ: കോൺട്രാ. കാഷ് ബുക്കിൽ വരവ് ഭാഗത്ത് ചെലാൻ മുഖേന ലഭിച്ച തുകയും കാഷ് ആയി ലഭിച്ച തുകയും പ്രത്യേകമായി രേഖപ്പെടുത്തണം. തുടർന്ന് ട്രഷറിയുടെ ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ മുഴുവൻ തുകയും 'തുകപിൻവലിക്കൽ' കോളത്തിൽ എഴുതുന്നു.

ii) ദേശസാൽകൃതബാങ്കിൽ നിക്ഷേപിക്കുമ്പോൾ :

കാഷ് ആയി ലഭിച്ച തുക ദേശസാൽകൃതബാങ്കിൽ നിക്ഷേപിക്കുമ്പോൾ കാഷ് ബുക്കിൽ ചെലവ് ഭാഗത്ത് കാഷ് കോളത്തിലും വരവ് ഭാഗത്ത് ബാങ്ക് കോളത്തിലും എഴുതുന്നു. ഇതും കോണ്ടട്രാ എൻട്രിയാണ്. ബാങ്കിനുള്ള ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ 'നിക്ഷേപം' കോളത്തിൽ എഴുതുന്നു.

iii) ഡിമാൻഡ് ഡ്രാഫ്റ്റ് വാങ്ങുമ്പോൾ: ദേശസാൽകൃത ബാങ്കിൽ നിന്ന് കോൺട്രാക്ടർക്കും ക്ഷേമനിധിവിഹിതത്തിനുമുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് ലഭിക്കുന്നതിനായി ചെക്ക് എഴുതുമ്പോൾ കാഷ് ബുക്കിൽ ബാങ്ക് കോളത്തിൽ തുക എഴുതുന്നു. കാഷ് കോളത്തിൽ നേരത്തേ ലഭിച്ച ആദായനികുതി, വാറ്റ് എന്നിവയുടെ ചലാൻ തുകയും എഴുതുന്നു. ഇപ്പോൾ ട്രഷറിയിൽ സമർപ്പിച്ച ബില്ലിന്റെ മൊത്തം തുകയായി. ഏതാണോ പ്രവൃത്തി, ആ പ്രവൃത്തിയുടെ ക്ലാസിഫിക്കേഷൻ മൊത്തം തുകയ്ക്കും ചേർത്ത് നൽകുന്നു. ബാങ്കിനുള്ള ചെക്ക് ഇഷ്യൂ രജിസ്റ്ററിലും എഴുതുന്നു. ചെലവ് രജിസ്റ്ററിൽ മൊത്തം ചെലവ് ഒരൊറ്റ തുകയായി രേഖപ്പെടുത്തുന്നു. ■

ഗ്രാമപഞ്ചായത്തുകളുടെ വിവിധ ഇനം ഫണ്ടുകളിൽ നിന്നുള്ള നിക്ഷേപവും പിൻവലിക്കലും സംബന്ധിച്ച 12.4.2006-ലെ GO(P)177/2006/ഫിൻ നമ്പരായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് സ്പഷ്ടീകരണം നൽകി. മുഖ്യമായവ ചുവടെ

1. ഒരു സാമ്പത്തിക വർഷാവസാനത്തിനുള്ളിൽ ട്രഷറിയിൽ തിരികെ ഒടുക്കിയ തുക വീണ്ടും ലഭിക്കാൻ പുതിയ അലോട്ട്മെന്റിന്റെ ആവശ്യമില്ല.
2. ബിറ്റുമെൻ വാങ്ങുന്നതിന് അഡ്വാൻസ് അനുവദിക്കുന്നതാണ്.
3. ക്ലാസിഫിക്കേഷൻ രെഖപ്പെടുത്തിയതിലെ തെറ്റ് തിരുത്തുന്നതിന്റെ ഭാഗമായും 12.4.2006-ലെ ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള പ്രത്യേക സന്ദർഭങ്ങളിലും ഒഴികെ വിപിഎഫ് II,III അക്കൗണ്ടുമായി ബന്ധപ്പെട്ട തുകകൾ വിപിഎഫ് I ലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാനാകില്ല.
4. പഴയ വിപിഎഫ് അക്കൗണ്ടിലെ പണം പുതിയ വിപിഎഫ് I അക്കൗണ്ടിലേയ്ക്ക് മാറ്റാവുന്നതാണ്.
5. ഓരോ ബില്ലിനോടൊപ്പവും ആ ബിൽ തുകയുള്ള അലോട്ട്മെന്റ് ലെറ്ററാകണം ട്രഷറിയിൽ നൽകേണ്ടത്.

(സർക്കുലർ നംപർ 27/2009/ഫിൻ, തീയതി 25.03.2009)

വികേന്ദ്രീകൃത വികസന കമ്മിറ്റി റിപ്പോർട്ട് – ഒരു സംഗ്രഹം

പേജ് 13-ൽ നിന്ന്

ഉണ്ടാക്കേണ്ടതാണ്. ഓരോ ഏജൻസിയും, സാധാരണകാലത്തും, പകർച്ചവ്യാധിയുള്ളപ്പോഴും വഹിക്കേണ്ട പങ്ക് വിശദമായി അതിൽ ഉണ്ടായിരിക്കണം. ഔഷധങ്ങളും, ആസ്തികളും, സൗകര്യങ്ങളും എങ്ങിനെ മാനേജുചെയ്യണമെന്ന് മാനുവൽ പ്രതിപാദിക്കണം. ആയുർവേദം, ഹോമിയോ, അലോപ്പതി മെഡിക്കൽ ആഫീസറന്മാർ അതത് തദ്ദേശസർക്കാരുകളുടെ ആരോഗ്യവകുപ്പ് സെക്രട്ടറി ആയിരിക്കും. എല്ലാ പഞ്ചായത്തിലും ഖരമാലിന്യ മാനേജുമെന്റ് പദ്ധതി നടപ്പാക്കണം. ഒരു പ്രദേശത്തെ സ്വകാര്യ ആരോഗ്യസ്ഥാപനങ്ങളേയും തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവരേണ്ടിയിരിക്കുന്നു. നിയമഭേദഗതി വേണ്ട കാര്യമാണിത്.

> പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അംഗത്തിനും, സത്യപ്രതിജ്ഞ ചെയ്യുന്ന ദിവസം തന്നെ ഒരു ടൂൾ കിറ്റ് നല്കണം. ജനാധിപത്യ മര്യാദകൾ, മീറ്റിംഗുകളുടെ നടത്തിപ്പ്, പങ്കാളിത്ത ആസൂത്രണം, പ്രാദേശിക ദർശന രൂപീകരണം, നീർത്തട പദ്ധതി മാനേജ്മെന്റ്, 73/74 ഭരണഘടന ഭേദഗതി തുടങ്ങിയ കാര്യങ്ങൾ അതിലുണ്ടായിരിക്കണം.

പാർശ്വവല്കൃത സമൂഹം

കേരളത്തിലെ ഏറ്റവും പാർശ്വവല്കൃത സമൂഹം പട്ടികജാതി, പട്ടികവർഗ്ഗവിഭാഗവും, മത്സ്യത്തൊഴിലാളി കുടുംബങ്ങളുമാണ്. തദ്ദേശ ഗവൺമെന്റുകൾ ഭവനനിർമ്മാണം, കിണർ നിർമ്മിക്കൽ, കക്കൂസ് തുടങ്ങിയ രംഗത്ത് കുറെ സഹായങ്ങൾ നല്കിയിട്ടുണ്ടെങ്കിലും, വിദ്യാഭ്യാസത്തിൽ മുമ്പോട്ടുവന്നവരൊഴിച്ചാൽ പ്രായേണ ഇവരുടെ നില പരിതാപകരമായി തുടരുകയാണ്. ഭൂരാഹിത്യം, നല്ല താമസസൗകര്യങ്ങളുടെ അഭാവം, കുടിവെള്ളം, തൊഴിലവസരകുറവ് എന്നിങ്ങനെ ഒട്ടേറെ പ്രശ്നങ്ങൾ പരിഹാരം കാത്തുകിടക്കുന്നു. തീരപ്രദേശത്തുള്ള 222 ഗ്രാമപഞ്ചായത്തുകളും, ഉൾനാടൻ മത്സ്യബന്ധനസൗകര്യമുള്ള പഞ്ചായത്തുകളും മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങളെ മുൻനിർത്തി പ്രത്യേക ആസൂത്രണം നടത്തുന്നില്ല. മുക്കുവരുടെ സ്ത്രീപുരുഷ അനുപാതം 979 സ്ത്രീകൾക്ക് 1000 പുരുഷന്മാരാണ്. ഈ കുറവിനു കാരണം അടിയന്തര ശ്രദ്ധ പതിയേണ്ട കാര്യമാണ്. കൂടുതൽ സ്ത്രീകൾ എന്തുകൊണ്ട് മരണത്തിനു വിധേയമാകുന്നുവെന്നത് അന്വേഷണ വിധേയമാക്കണം. മഴക്കാലത്ത് അതിസാരം, വയറുകടി തുടങ്ങിയ സാംക്രമികരോഗങ്ങളും, വേനൽകാലത്ത് ചിക്കൻ പോക്സും സാധാരണമാണ്. ആരോഗ്യ ആസൂത്രണം വളരെ പിൻനിലയിലാണ്.

പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിന് വേണ്ടി പ്രത്യേകം ഏർപ്പെടുത്തിയതാണ് പ്രത്യേക ഘടകപദ്ധതിയും (SCP), പട്ടികവർഗ്ഗ ഉപപദ്ധതിയും (TSP). ഈ അടുത്ത കാലങ്ങളിൽ അവരുടെ ജനസംഖ്യാനുപാതത്തേക്കാൾ വളരെയധികം തുക ഈ വിഭാഗത്തിന് നീക്കിവെയ്ക്കുകയും, ഒരു വലിയ അളവിൽ ചെലവഴിക്കപ്പെടുന്നുണ്ടെങ്കിലും കാര്യങ്ങൾ വേണ്ട വിധത്തിൽ പുരോഗമിക്കുന്നില്ലെന്ന വസ്തുത അംഗീകരിക്കേണ്ടതുണ്ട്. പ്രാദേശിക ആസൂത്രണത്തിന്റെ പരാജയമാണ് ഇവിടേയും പ്രകടമായികാണുന്നത്. പരീക്ഷിച്ച് പരാജയപ്പെട്ട പരിപാടികൾ പുനരാവർത്തനം നടത്തുകയാണ്. മാത്രമല്ല പട്ടികജാതി വിഭാഗത്തിലും, പട്ടികവർഗ്ഗക്കാർക്കും ഒരേ തറി പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുക. ഊരുകൂട്ടങ്ങളിൽ ഉദ്യോഗസ്ഥർ നിർബന്ധമായും പങ്കെടുക്കണം.

സ്ത്രീശാക്തീകരണം

സ്ത്രീശാക്തീകരണത്തിന്റെ കാര്യമെടുത്താലും വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പരാജയത്തിലേയ്ക്കാണ് വിരൽ ചൂണ്ടുക. വളരെ രസകരമായ കാര്യം സ്ത്രീകളുടെ വികസനമന്വേഷിക്കുന്ന വർക്കിംഗ് ഗ്രൂപ്പിലും പുരുഷന്മാരാണ് ഭൂരിപക്ഷം. വാസ്തവത്തിൽ സ്ത്രീകളുടെ പങ്കാളിത്തമെന്നാൽ തീരുമാനങ്ങൾ എടുക്കുന്നതിലും നടപ്പാക്കുന്നതിലും അവരുടെ സാന്നിദ്ധ്യമാണ് പ്രധാനം. വളരെ പ്രതീക്ഷകളോടെ ഉൽഘാടനം ചെയ്ത വനിതാഘടകപദ്ധതിയും ഒരു വിജയമെന്നു പറയാനാവില്ല. പദ്ധതിരൂപീകരണത്തിലുള്ള യാന്ത്രികത ഇതിലും കടന്നുകൂടി. ഇന്ന് വനിതാ ഘടകപദ്ധതിയിൽ 64 ശതമാനവും സേവനമേഖലയിലാണ്. ഉല്പാദനത്തിന് 32 ശതമാനവും. എന്നാൽ 1997–98ൽ ഉല്പാദനമേഖലയ്ക്ക് 60 ശതമാനവും സേവനമേഖലയ്ക്ക് 35 ശതമാനവുമായിരുന്നു. സ്ത്രീകളുടെ തന്ത്രപ്രധാനമായ ആവശ്യങ്ങൾ ബോധപൂർവമല്ലെങ്കിലും അവഗണിക്കപ്പെട്ടിരിക്കുന്നു. വനിതാകമ്മീഷൻ മുൻകൈയെടുത്ത് നടപ്പാക്കാൻ ശ്രമിച്ച ജനജാഗ്രതസമിതിക്ക് ശ്രദ്ധേയമായ പങ്കുവഹിക്കാനുണ്ടെന്നു തെളിയിക്കപ്പെട്ടുവെങ്കിലും, അത് വേരുന്നിയില്ല. ഓരോ ഗ്രാമപഞ്ചായത്തിലും ലിംഗപദവിയെക്കുറിച്ചുള്ള പഠനങ്ങൾ നടത്തി വേണ്ട പരിഷ്കാരങ്ങൾ നടപ്പാക്കേണ്ടിയിരിക്കുന്നു.

സേവനങ്ങളുടെ ഗുണനിലവാരം

തദ്ദേശ ഭരണത്തിന്റെ പ്രധാനയുക്തി ജനങ്ങൾക്ക് നല്കുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുവാൻ സാധിക്കുമെന്നതാണ്. കൃഷിഭവൻ, മൃഗസംരക്ഷണകേന്ദ്രം എന്നിങ്ങനെ വികസന സംബന്ധിയായ സേവനങ്ങളെ സംബന്ധിച്ച് വളരെ കൃത്യമായ മാനുവലുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും അവ നടപ്പാക്കുവാൻ തദ്ദേശ സ്ഥാപനങ്ങൾ മുമ്പോട്ടുവരുന്നില്ലെന്നത് ഖേദകരമാണ്.

ഭാവിയിൽ കുടിവെള്ള ലഭ്യതയുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടിവരുമെന്ന യാഥാർത്ഥ്യം കണക്കിലെടുത്ത് ഓരോ പഞ്ചായത്തും, നഗരസഭയും ജലസംഭരണസ്ഥിതിയെക്കുറിച്ച് പഠിച്ച്, കാലഭേദമെന്യേ ജലം എത്തിച്ചുകൊടുക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതുണ്ട്. മഴവെള്ള സംഭരണ സൗകര്യം എല്ലാ കോളനികളിലും, തീരദേശപഞ്ചായത്തുകളിലും അടിയന്തരമായി ഏർപ്പാടു ചെയ്യേണ്ടതാണ്.

ജനങ്ങളുടെ സേവനം മെച്ചപ്പെടുത്താൻ സുതാര്യത അത്യന്താപേക്ഷിതമാണ്. അതില്ല പല കാര്യത്തിലും. ജനനമരണ സർട്ടിഫിക്കറ്റ്, വിവാഹസർട്ടിഫിക്കറ്റ്, കെട്ടിടനിർമ്മാണ പെർമിറ്റുകൾ തുടങ്ങിയവ കാലവിളംബം കൂടാതെ ലഭ്യമാക്കേണ്ടതാണ്. കെട്ടിട നിർമ്മാണ അനുമതിക്ക് എട്ടും പത്തും തവണ കയറിയിറങ്ങിയ കേസ്സുകളുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ പഴയ കോർപ്പറേഷനുകളിൽ പോലും ജി.ഐ.എസ്. മാപ്പിംഗ്, (GIS mapping) കഡാസ്ത്രൽ മാപ്പിംഗ് (Cadastral Mapping) ഇല്ല. ഭൂവിന്യാസം സംബന്ധിച്ച പടങ്ങൾ, പഴയ വിഭവഭൂപടത്തേക്കാൾ പ്രധാനപ്പെട്ട കാര്യമാണ്.

എല്ലാ തദ്ദേശ സ്ഥാപനത്തിനും ഒരു ഫ്രണ്ട് ഓഫീസ് (Front Office) ഉണ്ടായിരിക്കണം. അവിടെ പൗരാവകാശരേഖ സൗജന്യമായി വിതരണം ചെയ്യണം.

ബ്ളോക്ക് പഞ്ചായത്തുകൾ

ബ്ളോക്ക് പഞ്ചായത്ത് ഇന്നത്തെ സാഹചര്യത്തിൽ എത്രകണ്ടു പ്രസക്തമാണെന്ന് കമ്മറ്റി കൂലംകഷമായി പരിശോധിച്ചു. 1999ൽ ഭേദഗതി ചെയ്ത കേരളാ പഞ്ചായത്ത് ആക്ട് അനുസരിച്ച് ബ്ളോക്ക് പഞ്ചായത്തുകൾക്ക് മൂന്ന് പൊതുധർമ്മങ്ങൾ നിർവഹിക്കാനുണ്ട്. കൂടാതെ 14 മേഖലകളിലായ മറ്റു ചുമതലകൾ വേറെയും. സാങ്കേതിക വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തുക, ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം എത്തിക്കുക, ഗ്രാമതലത്തിലെ പരിപാടികളുടെ വെളിച്ചത്തിൽ ആവർത്തന പരിപാടികൾ ഉപേക്ഷിക്കുകയും, മുൻപിൻബന്ധമുള്ള (ജില്ലാതലത്തിലേയ്ക്കും ഗ്രാമതലത്തിലേയ്ക്കും) പദ്ധതികൾ തയ്യാറാക്കുക എന്നതാണ് സാമാന്യധർമ്മങ്ങൾ. ഏറ്റെടുക്കുന്ന ചുമതലകൾ എല്ലാം തന്നെ പല ഗ്രാമപഞ്ചായത്തുകൾക്ക് ഒരേ സമയം പ്രയോജനം ചെയ്യുന്നവയോ, ഗ്രാമപഞ്ചായത്തുകൾക്ക് ഒറ്റയ്ക്ക് ചെയ്യാൻ പറ്റാത്തവയോ ആയിരിക്കണം. ഇക്കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ പരാജയമായിരുന്നു. പലപ്പോഴും ഗ്രാമപഞ്ചായത്തു ചെയ്യേണ്ട കാര്യങ്ങളുടെ ആവർത്തനമായിരുന്നു അവരുടെ പ്രവർത്തനങ്ങൾ. കൃഷി, മൃഗസംരക്ഷണം, പാൽ ഉല്പാദനം, ചെറുകിട വ്യവസായം തുടങ്ങിയ മേഖലകളിൽ മധ്യതല പഞ്ചായത്ത് കാര്യമായ സ്വാധീനം ചെലുത്തിയില്ല, ഗ്രാമവികസന വകുപ്പിന്റേയും, കേന്ദ്രാവിഷ്ക്കൃത പദ്ധതികളുടേയും നടത്തിപ്പിൽ ശ്രദ്ധിക്കുന്ന ബ്ലോക്കാഫീസർമാർ, പഞ്ചായത്ത് സെക്രട്ടറി എന്ന നിലയിൽ വികസനത്തിനു വികലമായ ഒരു ദ്വന്ദ്വഭാവം നല്കി. ബ്ലോക്ക് പഞ്ചായത്തുകളുടെ ധർമ്മവും പങ്കും പുനർവിചിന്തനം ചെയ്യുന്നതിന് ഞങ്ങൾ വിശദമായ നിർദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് നിയമം ഭേദഗതി ചെയ്യേണ്ടിവരും.

കമ്മറ്റിയുടെ ശുപാർശയിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് പത്താം അധ്യായം. പ്രാദേശിക ആസൂത്രണത്തെ സഹായിക്കുന്ന ഏതാണ്ട് എല്ലാ സ്ഥിതിവിവര സ്രോതസ്സുകളേയും വിമർശനാത്മകമായി വിലയിരുത്തിയാണ് നിർദേശങ്ങൾ നല്കിയിട്ടുള്ളത്. ഒരു ഗ്രാമപ്രദേശത്തുള്ള എല്ലാ കുടുംബങ്ങളെ സംബന്ധിച്ചും വിശദവും സമഗ്രവുമായ സ്ഥിതി വിവരകണക്കുകൾ (അഞ്ച് കൊല്ലത്തിൽ ഒരിക്കൽ പുതുക്കണം) ആസൂത്രണത്തിനു മാത്രമല്ല പുരോഗതി വിലയിരുത്താനും ആവശ്യമാണ്. താണാലൂർ പഞ്ചായത്തിന്റെ (മലപ്പുറം ജില്ല) വളരെ വിപുലമായ കണക്കുശേഖരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും മാതൃകയാണ്. കമ്മിറ്റിയുടെ വിശദമായ ശുപാർശകൾ ഈ സംഗ്രഹത്തിൽ വിട്ടുകളയുകയാണ്. സമഗ്രമായ തദ്ദേശീയ ആസൂത്രണത്തിനു വേണ്ട ഒരു ഡേറ്റാബാങ്ക് നിർമ്മിക്കുന്നതിന് ഞങ്ങൾ നല്കിയ ശുപാർശകൾ സർക്കാരിന്റെ അടിയന്തര ശ്രദ്ധ പതിയേണ്ടതാണ്.

ജില്ലാ ആസൂത്രണ സമിതി

നഗരവും, നാട്ടിൻപുറവും തമ്മിൽ വലിയ വേർതിരിവില്ലാത്ത കേരളത്തിൽ ജില്ലാതല ആസൂത്രണം മറ്റേതൊരു പ്രദേശത്തേക്കാളും പ്രസക്തവും, പ്രധാനവുമാണ്. ഓരോ ജില്ലയ്ക്കും വികസന പദ്ധതിയുണ്ടാക്കുവാൻ ഭരണ ഘടന ഏർപ്പെടുത്തിയ (അനുഛേദം 243 Z D) സംവിധാനമാണ് ജില്ലാ ആസൂത്രണ സമിതി (District Planning Committee - DPC). ഭരണഘടനപ്രകാരം ഡി.പി.സി.യുടെ ഉത്തരവാദിത്തങ്ങൾ 4 ആണ് : (1) നഗര, ഗ്രാമതല ആസൂത്രണങ്ങൾ ഫലപ്രദമായി കൂട്ടിയിണക്കുക (2) സ്ഥലപര ആസൂത്രണങ്ങൾ ഉൾക്കൊള്ളുക (3) ഭൗതിക, മാനവിക, ധനകാര്യ വിഭവങ്ങളെ അടിസ്ഥാനമാക്കിയ ആസൂത്രണം (4) ആസൂത്രണ പ്രക്രിയയിൽ വിദഗ്ധരെ പങ്കെടുപ്പിക്കുക. വാസ്തവത്തിൽ ഈ അർത്ഥത്തിൽ ഒരു ജില്ലാ ആസൂത്രണം ഇവിടെ നടന്നിട്ടില്ല. ഡി.പി.സി ഇന്ന് യാന്ത്രികമായി ചലിക്കുന്ന ഒരു ബലഹീന കമ്മിറ്റിയാണ്. അവയെ ഫലപ്രദമായി പ്രവർത്തനക്ഷമമാക്കുന്നതിന് എല്ലാ ഡി.പി.സിക്കും സാങ്കേതിക ശേഷിയുള്ള ഒരു പ്ലാനിംങ് യൂണിറ്റ് ഉണ്ടായിരിക്കും. കമ്മറ്റി നിരവധി നിർദ്ദേശങ്ങൾ നിരത്തുന്നുണ്ട്. സംസ്ഥാന പദ്ധതിയുടെ 60–70 ശതമാനം കയ്യാളുന്ന സംസ്ഥാനമേഖലകളെ ഒഴിച്ചു നിർത്തിയല്ല ജില്ലാതല ദീർഘകാല (Perspective plan) മധ്യകാല (medium-term) ആസൂത്രണം ഞങ്ങൾ നിർദ്ദേശിക്കുക. ഒരു സമഗ്രദീർഘവീക്ഷണം കൺമുമ്പിലില്ലെങ്കിൽ തദ്ദേശീയ സർക്കാരുകൾ വളരെ സങ്കുചിതവും, താല്ക്കാലികവുമായ പദ്ധതികൾ മാത്രമെ തയ്യാറാക്കുകയുള്ളൂ.

14 ജില്ലകൾക്കും പദ്ധതിയുണ്ടാവണം. ഓരോ ജില്ലയുടെയും വികസന സാധ്യതകൾ വിഭിന്നമാണ്. തന്മൂലം എല്ലാ ജില്ലയ്ക്കും ബാധകമായ ഒരു പൊതുസമീപനം സാധ്യമല്ല. ആയതിനാൽ ചില അടിസ്ഥാന സമീപനവും, രീതിമാർഗ്ഗങ്ങളും, നടപടിക്രമങ്ങളും, തന്ത്രങ്ങളും മാത്രമെ കമ്മറ്റി നിർദ്ദേശിക്കുന്നുള്ളൂ.

ഏതൊരു ജില്ലയുടേയും ഏറ്റവും അടിസ്ഥാന വിഭവം ഭൂമിയാണ്. അതെങ്ങനെ സമർത്ഥമായി പ്രയോജനപ്പെടുത്തണം, സാമൂഹിക സൗകര്യങ്ങൾ (ഉദാ: സ്ക്കൂളുകൾ, ആരോഗ്യ കേന്ദ്രങ്ങൾ), പ്രശ്നപരിഹാരങ്ങൾ, (ഉദാ: കുടിവെള്ളം, പ്രകൃതിക്ഷോഭങ്ങൾ), പുത്തൻ പദ്ധതികൾ എന്നിങ്ങനെ ഒട്ടേറെ കാര്യങ്ങൾക്കുള്ള ദീർഘകാല ദിശാരേഖകൾ ജില്ലാ പദ്ധതിയിലുണ്ടായിരിക്കും. എല്ലാക്കാലത്തേയ്ക്കും വേണ്ടിയുണ്ടാക്കുന്ന ഒരു നിർജ്ജീവ രേഖയല്ല, മറിച്ച് കൂടെക്കൂടെ സജീവമായി പരിഷ്ക്കരണ വിധേയമായിരിക്കും അത്. വാസ്തവത്തിൽ കേരളത്തിൽ അടിയന്തരമായി നടപ്പാക്കേണ്ട ജില്ല പദ്ധതികളുടെ ചർച്ചകൾക്ക് തുടക്കം കുറിക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം.

ജനപ്രതിനിധികളും, ഉദ്യോഗസ്ഥ സമൂഹവും കേന്ദ്രീകൃത പ്രവർത്തന ശൈലി വിട്ട്, മറ്റ് ശീലങ്ങളും സമ്പ്രദായങ്ങളും സ്വീകരിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ളൊരു പ്രാപ്തി വളർത്തൽ (Capacity building) ഇന്ന് ആവശ്യമാണ്. പ്രാപ്തി സമ്പാദനം വികസനത്തിന്റെ അവിഭാജ്യഘടകമാണ്. 20522 ജനപ്രതിനിധികൾ (ഇതിൽ 16133 പേർ ഗ്രാമപഞ്ചായത്തു തലത്തിലാണ്), 1.23 ലക്ഷം വരുന്ന ഉദ്യോഗസ്ഥർ, കൂടാതെ മറ്റ് പ്രവർത്തകർ എന്നിങ്ങനെ 2.59 പേർക്ക് പുത്തൻ മാതൃകയിൽ പരിശീലനം നല്കേണ്ടതുണ്ട്. ഇതിനുപുറമെ 10 ലക്ഷം പൗരന്മാരേയും ബോധവല്ക്കരിക്കേണ്ടതുണ്ട്. കില (Kerala Institute of Local Administration) ആയിരിക്കണം ഈ പ്രക്രിയയുടെ കേന്ദ്രബിന്ദുവായി പ്രവർത്തിക്കേണ്ടത്. മറ്റ് ഏജൻസികളേയും ഇതോട് ചേർത്ത് സമഗ്രമായ ഒരു പ്രാപ്തി നിർമ്മാണ പ്രക്രിയയ്ക്ക് തുടക്കം കുറിക്കണം. പ്രാദേശിക ആസൂത്രണം കൈകാര്യം ചെയ്യാനുള്ള പ്രാപ്തി ഇനിയും ഉദ്യോഗസ്ഥർക്ക് കൈവന്നിട്ടില്ല. കിലയെ ശക്തിപ്പെടുത്തുക വളരെ ആവശ്യമാണ്. ജില്ലാതല ആസൂത്രണം, സ്ഥാലിക ആസൂത്രണം, വിഭവ ഭൂപടം തയ്യാറാക്കൽ എന്നിങ്ങനെ നിരവധി കാര്യങ്ങൾക്ക് വികേന്ദ്രീകൃത ആസൂത്രണം കൈകാര്യം ചെയ്യുന്നവരെ സജ്ജമാക്കണം. പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അംഗത്തിനും, സത്യപ്രതിജ്ഞ ചെയ്യുന്ന ദിവസം തന്നെ ഒരു ടൂൾ കിറ്റ് നല്കണം. ജനാധിപത്യ മര്യാദകൾ, മീറ്റിംഗുകളുടെ നടത്തിപ്പ്, പങ്കാളിത്ത ആസൂത്രണം, പ്രാദേശിക ദർശന രൂപീകരണം, നീർത്തട പദ്ധതി മാനേജ്മെന്റ്, 73/74 ഭരണഘടന ഭേദഗതി തുടങ്ങിയ കാര്യങ്ങൾ അതിലുണ്ടായിരിക്കണം. ഇത് കിലയുടെ ചുമതലയായിരിക്കും. ഗവേഷണം കൂടാതെ വിജ്ഞാനവും, പ്രാപ്തിയും കൈവരിക്കാൻ സാദ്ധ്യമല്ല. കിലയുടെ ഗവേഷണം ഇന്നുള്ളതിൽ നിന്ന് വളരെ ശക്തിപ്പെടുത്തണം.

ഇത് കേവലം സംഗ്രഹമാണ്. റിപ്പോർട്ട് വിശദമായ ചർച്ചയ്ക്ക് വിധേയമാക്കണം. വികേന്ദ്രീകൃത വികസനത്തിൽ വിശ്വസിക്കുന്ന ആരും ഇന്ന് ഉരുത്തിരിയുന്ന തദ്ദേശീയ ആസൂത്രണം ഇതേപടി തുടരണമെന്ന് പറയുകയില്ല. ഒരു പുനരാഖ്യാനവും, ഊർജ്ജസ്വലമായ തിരുത്തലുകളും അടിയന്തരമായി ചെയ്യേണ്ടതുണ്ട്.■

ആരോഗ്യം

കുട്ടികളിലെ അപസ്മാരം

ഡോ. തോമസ് വർഗ്ഗീസ്
MBBS, DCH, DPH, PHD

കുട്ടികളിൽ വിരളമായി കാണുന്ന രോഗമാണ് അപസ്മാരം (Epilepsy). കുട്ടിക്കാലത്തു മാത്രം കാണുന്ന ചില അപസ്മാരങ്ങൾ കുട്ടി പ്രായമാകുമ്പോൾ മാറും. എന്നാൽ ചിലതരം അപസ്മാരങ്ങൾ കുട്ടി പ്രായമാകുമ്പോഴും തുടരുകതന്നെ ചെയ്യും. 6 വയസ്സിനു മുകളിൽ അപസ്മാര ലക്ഷണങ്ങൾ തുടർന്നാൽ വിദഗ്ധ ചികിത്സ നൽകേണ്ടിവരും.

തലച്ചോറിലുണ്ടാകുന്ന വൈദ്യുത സ്പന്ദനങ്ങളാണ് അപസ്മാരരോഗത്തിനു കാരണം. ശരീരത്തിൽ അസ്വാഭാവികമായുണ്ടാകുന്ന ഈ വൈദ്യുത സ്പന്ദനത്തിന് സന്നി എന്നു പറയുന്നു. ഒന്നിലേറെ തവണ സന്നിയുണ്ടാകുന്നതിനെയാണ് അപസ്മാരം എന്നു പറയുന്നത്. അവയവങ്ങൾ കോച്ചിപിടിക്കാനും വിറയ്ക്കാനും ഇടയുണ്ട്. ചിലരിൽ പേടി, ഭയപ്പെടുത്തുന്ന രൂപങ്ങൾ മനസ്സിലേക്കു വരുക, ശബ്ദം കേൾക്കുക എന്നിവയൊക്കെ ഉണ്ടാകുന്നു. കൈകാലുകളുടെ ആവർത്തിച്ചുള്ള സങ്കോചവും തളർച്ചയും പ്രധാന ലക്ഷണങ്ങളാണ്. വായിൽ നിന്നും നുരയും പതയും വരുക, അറിയാതെ മലമൂത്ര വിസർജ്ജനം ചെയ്യുക, ബോധക്ഷയം ഇവയൊക്കെ അപസ്മാര ലക്ഷണങ്ങളാണ്.

Electrolyte imbalance, hypoglycaemia, hypocalcaemia (കാൽസിയം ലവൽ കുറയുക) ഇവ കാരണവും അപസ്മാരം ഉണ്ടാകാം.

പനിയോടൊപ്പം അപസ്മാരം ഉണ്ടാകാം. അങ്ങനെ ഉണ്ടാകുമ്പോൾ ശരീരം വിറയ്ക്കുകയും, കണ്ണുകൾ മുകളിലേയ്ക്കു മറിഞ്ഞു പോവുകയും ചെയ്യുന്നു.

പനിയോടൊപ്പം വരുന്ന സന്നികൾ അത്ര ഗുരുതരമല്ലെങ്കിലും ചികിത്സ വേണ്ടി വരും.

രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവിൽ കുറവ്, ചില വിറ്റാമിനുകളുടെ കുറവ്, ചില മരുന്നുകൾ, തലയ്ക്കു ക്ഷതമേൽക്കുക, മെനിഞ്ചൈറ്റിസ്, സെസ്റ്റിസീമിയ, ബ്രെയിൻ ആബസസ്സ് (Brain absus) കൊണ്ടും അപസ്മാരമുണ്ടാകാം.

EEG പരിശോധന സന്നിയെ തിരിച്ചറിയാൻ സഹായിക്കും. സന്നിയുടെ കാരണവും സ്വഭാവവുമറിയാൻ ഈ പരിശോധന സഹായിക്കും. Lumbar Function (നട്ടെല്ലിന്റെ ഫ്ളൂയിഡ് പരിശോധനയും) സഹായിക്കും.





അഭാവസന്നി (Absence Seizures): കുട്ടികളിൽ കാണുന്ന ഒരു തരം സന്നിയാണ് അഭാവസന്നി. കുട്ടി ക്ലാസിലിരിക്കുമ്പോഴോ ടിവി കാണുമ്പോഴോ അല്പസമയം മിഴിച്ചിരുന്നു പോകുന്ന അവസ്ഥയാണിത്. കുട്ടിയുടെ പഠനം, ബുദ്ധിശക്തി, ഓർമ്മശക്തി, ഇവയൊക്കെ ബാധിക്കാൻ ഇടയുണ്ട്. ഇതിന് ചികിത്സ ആവശ്യമാണ്.

ചികിത്സ

Diazepan, Lorazepure, Phenytoin, Phenobarbitone എന്നിങ്ങനെ പല മരുന്നുകൾ ഡോക്ടറുടെ നിർദ്ദേശ പ്രകാരം മുടക്കം കൂടാതെ കഴിക്കണം. ഡോക്ടറുടെ നിർദ്ദേശപ്രകാരം അല്ലാതെ മരുന്നു നിറുത്തുവാനോ മാറ്റുവാനോ പാടില്ല.

അപസ്മാര രോഗമുള്ള കുട്ടിയോട് സ്കൂളിലാണെങ്കിലും വീട്ടിലാണെങ്കിലും അസുഖക്കാരൻ എന്ന രീതിയിൽ പെരുമാറരുത്.

പാതിവഴിയിൽ ചികിത്സ നിർത്തരുത്. അപസ്മാരരോഗികൾ ഉറക്കമിളയ്ക്കരുത്. അപസ്മാരമുള്ള കുട്ടികളെ വെള്ളം, തീ, യന്ത്രങ്ങൾ എന്നിവയിൽ നിന്നും മാറ്റി നിർത്തണം. പുഴയിലോ കുളത്തിലോ അപസ്മാരമുള്ള കുട്ടികൾ കുളിക്കാൻ പാടില്ല. ഒറ്റയ്ക്ക് യാത്ര ചെയ്യാനും പാടില്ല.

പനിയോടൊപ്പമുള്ള സന്നിക്ക് വിശദമായ പരിശോധന അവശ്യമാണ്.

ശരിയായ തോതിൽ ഡോക്ടറുടെ നിർദ്ദേശാനുസരണം മരുന്നുകൾ നല്കിയാൽ സന്നിരോഗം ചികിത്സിച്ചു ഭേദമാക്കാനാകും. ■

ലേഖകൻ
നഗരകാര്യവകുപ്പിലെ ആരോഗ്യ വിഭാഗം ജോയിന്റ് ഡയറക്ടറാണ്
email:drthomasvarghese2003@yahoo.co.in
Mobile: 9847430210

പഞ്ചായത്ത് രാജ്

തേൻകിനിയും ഗ്രാമങ്ങൾ

സ്ത്രീ കൂട്ടായ്മയുടെ വിജയഗാഥ

ജെസി നാരായണൻ

ആശ്ചര്യചൂഡാമണി നാടകത്തിന്റെ കർത്താവ് ശക്തിഭദ്രൻ എന്ന സംസ്കൃത കവിയുടെ നാടാണ് പത്തനംതിട്ട ജില്ലയിലെ കൊടുമൺ. ചിലന്തിയെ പ്രതിഷ്ഠിച്ച ക്ഷേത്രവും കൊടുമൺ ഗ്രാമത്തിന്റെ പ്രത്യേകതയാണ്. പ്രകൃതിയെയും ജീവജാലങ്ങളെയും സ്നേഹിക്കുന്ന ഇവിടുത്തെ മനുഷ്യർക്ക് പ്രകൃതി കണ്ടറിഞ്ഞ് നൽകിയ സമ്മാനമാണ് കാർഷികവൃത്തിക്കനുയോജ്യമായ ഭൂപ്രകൃതി. റബ്ബർ മരങ്ങൾ പച്ചക്കുട നിവർത്തിനിൽക്കുന്ന കുന്നുകളും പൊന്നണിഞ്ഞു നിൽക്കുന്ന വയലുകളും ഹരിതാഭമായ വാഴത്തോപ്പുകളും കൊടുമൺ പഞ്ചായത്തിനെ സ്വർഗ്ഗഭൂമിയാക്കി മാറ്റുന്നു.

ഈ സ്വർഗ്ഗഭൂമിയിൽ കുടുംബശ്രീ യൂണിറ്റുകൾ 'സമഗ്ര' പദ്ധതി പ്രകാരം ആരംഭിച്ച തേൻ ഉല്പാദനകേന്ദ്രങ്ങളിലെ വിളവെടുപ്പുൽസവത്തിന് തുടക്കം കുറിച്ചിരിക്കുകയാണ് ഇപ്പോൾ. മാർച്ച് മുതൽ മെയ് വരെയുള്ള തേൻകാലത്തിന് നാന്ദികുറിച്ചുകൊണ്ട് കൊടുമൺ പഞ്ചായത്തിൽ വിപുലമായ പരിപാടികളോടെയാണ് 'സമഗ്ര'യുടെ 'മധുരം' എന്ന് പേരിട്ടിരിക്കുന്ന തേൻ ഉല്പാദനത്തിന്റെ വിളവെടുപ്പ് ആരംഭിച്ചിട്ടുള്ളത്.

കേരളത്തിനാകെ മാതൃകയായി പത്തനംതിട്ട കുടുംബശ്രീ ജില്ലാമിഷന്റെയും ത്രിതലപഞ്ചായത്തുകളുടെയും സംയുക്തസംരംഭമായ സമഗ്ര-മധുരം-തേനുല്പാദന പ്രോജക്ടിന്റെ ഒന്നാം ഘട്ടം വിജയകരമായി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രമാണ് കൊടുമൺ പഞ്ചായത്തിലെ വിളവെടുപ്പ്. ഇതിന്റെ തുടർച്ചയായി ജില്ലയിലെ 27 പഞ്ചായത്തുകളിലായി സമഗ്ര-മധുരം പദ്ധതിയിൽ ഏർപ്പെട്ടിട്ടുള്ള 2500 കുടുംബശ്രീ സംരംഭകരും വിളവെടുപ്പിന്റെ ഉൽസവലഹരിയിലാണ്. ഇക്കഴിഞ്ഞ ഫെബ്രുവരി 28ന് വിളവെടുപ്പുൽസവത്തിന്റെയും കുടുംബശ്രീ സ്ഥിരം വിപണനകേ

ന്ദ്രത്തിന്റെയും ഉദ്ഘാടനച്ചടങ്ങിനെത്തിയ ആയിരക്കണക്കിന് ആളുകൾക്ക് തേൻ സർബത്ത് വിതരണംചെയ്തത് ശ്രദ്ധേയമായി.

എക്സ്പോർട്ടിങ്ങ് അടക്കം വിപുലമായ മാർക്കറ്റിങ് ശൃംഖല മുന്നിൽ കണ്ടുകൊണ്ട് ആരംഭിച്ച പദ്ധതിയിൽ കൊടുമൺ ഗ്രാമ പഞ്ചായത്തിൽ മാത്രം 12 ഗ്രൂപ്പുകൾ തേൻ ഉല്പാദനത്തിൽ ഏർപ്പെട്ടിട്ടുണ്ട്. പത്തു പേരടങ്ങുന്ന പന്ത്രണ്ട് ഗ്രൂപ്പുകളിലായി 120 പേർ ഈ ഒരു പഞ്ചായത്തിൽതന്നെ സംരംഭകരായി മാറിയിട്ടുണ്ട് എന്നത് പദ്ധതിയുടെ വിജയത്തിന് മറ്റൊരു ഉദാഹരണമാണ്. ഒരു പഞ്ചായത്തിന് ഒരു റിസോഴ്സ് പേഴ്സൺ എന്ന കണക്കിന് നിരന്തരമായ സേവന ഇടപെടലും പരിശീലന പരിപാടികളും നടത്തിക്കൊണ്ടാണ് പത്തനംതിട്ട കുടുംബശ്രീ ജില്ലാ മിഷൻ മാതൃകാപരമായ സമഗ്രപദ്ധതി യിലെ 'മധുര'ത്തിലേയ്ക്ക് സംരംഭകരെ ആകർഷിച്ചത്. വീട്ടുജോലി കഴിഞ്ഞ് വെറുതെയിരിക്കുന്ന സ്ത്രീകൾക്ക് സ്വന്തം വീട്ടുമുറ്റത്തു തന്നെ തേനീച്ചപ്പെട്ടികൾ വച്ച് തേൻസമാഹരണം നടത്താനാവുന്നു എന്നതാണ് ഇതിന്റെ വലിയൊരു മെച്ചം. അവരവരുടെ സമയവും സൗകര്യവുമനുസരിച്ച് സ്വതന്ത്രമായി ചെയ്യാൻ പറ്റിയ മികച്ച സംരംഭമാണ് മധുരം എന്ന് തിരിച്ചറിഞ്ഞതോടെ പലരും തേനുല്പാദന രംഗത്തേയ്ക്ക് കടന്നു വരാൻ വ്യഗ്രത പ്രകടിപ്പിക്കുന്നുണ്ടെന്ന് ഈ പദ്ധതിയിലെ ഒരു സംരംഭകകൂടിയായ കൊടുമൺ പഞ്ചായത്ത് പ്രസിഡന്റ് സിംല രാധാകൃഷ്ണൻ പറയുന്നു.

സിംല രാധാകൃഷ്ണൻ എന്ന പഞ്ചായത്ത് പ്രസിഡന്റിന്റെ തിരക്കേറിയ സമയത്തിനിടയിലാണ് കുടുംബശ്രീ സംസ്ഥാന മിഷൻ ടീമിനു മുന്നിൽ അവർ തന്റെ സംരംഭത്തെക്കുറിച്ച് വിശദീകരിക്കാൻ തയ്യാറായത്. വഴിപ്രശ്നങ്ങളും അതിരുതർക്കക്കേസും തുടങ്ങി നൂറുനൂറു നൂലാമാലകളിലേയ്ക്ക് ചെല്ലുന്നതാണ് പ്രസിഡന്റിന്റെ ഓരോ ദിവസവും. ഞായറാഴ്ചകൾ പോലും വിശ്രമിക്കാൻ കിട്ടാത്ത തിരക്കേറിയ ജീവിതത്തിനിടയിലാണ് കുറേ തേനീച്ചകൾ കൂടി കടന്നുവരുന്നത്. ഇത് ബോധപൂർവമായി ക്ഷണിച്ചുവരുത്തിയ തിരക്കുതന്നെയാണെന്ന് സിംല രാധാകൃഷ്ണൻ സമ്മതിക്കുന്നു. കാരണം അവർക്ക് കുടുംബശ്രീയോട് വലിയ കടപ്പാടാണുള്ളത്. താൻ ഒരു ഗ്രാമത്തിന്റെ ഭരണാധികാരിയായി മാറിയതിന്റെ എല്ലാ ക്രെഡിറ്റും അവർ കുടുംബശ്രീക്ക് കൊടുക്കുകയാണ്. ഒരു സ്ത്രീയെന്ന നിലയിൽ സ്വയംശാക്തീകരിക്കാനും സാമൂഹ്യപരമായും സാമ്പത്തികമായും മറ്റുള്ളവരെ ശാക്തീകരിപ്പിക്കാനും വഴി തുറന്നിട്ടത് കുടുംബശ്രീയാണ്. സിംല രാധാകൃഷ്ണൻ കുടുംബശ്രീ സി.ഡി.എസ്. ഭരണസമിതിയംഗമായതിനുശേഷമാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പിലൂടെ ജനപ്രതിനിധിയായി മാറിയത്. തന്റെ അധികാരപരിധിയിൽ നിന്നുകൊണ്ട് കുടുംബശ്രീയിലൂടെ പഞ്ചായത്തിലെ സ്ത്രീകൾക്ക് എന്തൊക്കെ നേട്ടമുണ്ടാക്കാമെന്ന് ചിന്തിക്കുകയും സാധ്യമായ പദ്ധതികളെല്ലാം തങ്ങളുടെ പഞ്ചായത്തിൽ നടപ്പാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു പ്രസിഡന്റാണ് ഇവർ. "നാട്ടിൻപുറത്തെ നമ്മുടെ സത്രീകൾക്ക് സംരംഭങ്ങളിലേയ്ക്കു കടന്നുവരാൻ വലിയ മടിയാണ്. എന്തൊക്കെയോ ആശങ്കകൾ അവരെ പിന്നോട്ടു വലിച്ചുകൊണ്ടിരിക്കുന്നു. ഇവർക്ക് വാക്കുകളല്ല ആവശ്യം. പ്രവർത്തിപഥത്തിൽ കാണിച്ചു കൊടുക്കുകയാണ് വേണ്ടത്. അതുകൊണ്ട് തിരക്കിന്റെ കാര്യം ചിന്തിക്കാൻ നിൽക്കാതെ ഞാനും ഒരു സംരംഭകയാവാൻ തീരുമാനിച്ചു." - സിംലയുടെ വാക്കുകൾ.

തേനിൽ ആവശ്യത്തിനു വെള്ളം ചേർത്ത് ഇഞ്ചിയും നാരങ്ങയും ഏലക്കായും മിക്സ് ചെയ്തുണ്ടാക്കുന്ന സർബത്ത് സ്വാദിഷ്ഠവും ഔഷധമേന്മയുമുള്ളതാണെന്ന് കേരളീയർ മനസ്സിലാക്കിവരുന്നതേയുള്ളൂ. വേനൽക്കാലത്ത് രാസവസ്തുക്കൾ ചേർത്ത കോളകൾക്ക് ബദലായി തേൻസർബത്ത് പ്രചരിപ്പിക്കാൻ സന്നദ്ധ സംഘടനകളും വ്യക്തികളും മുന്നോട്ടു വന്നാൽ പത്തനംതിട്ടയിലെ സമഗ്ര-മധുരം സംരംഭകർക്ക് പ്രാദേശികാടിസ്ഥാനത്തിൽ തന്നെ മാർക്കറ്റുണ്ടാവുമെന്നാണ് കണക്കുകൂട്ടൽ.

കൊടുമൺ സി.ഡി.എസ്. ചെയർപേഴ്സൺ വസന്തകുമാരിയും മുൻ സി.ഡി.എസ്. ഭരണസമിതിയംഗവും റിസോഴ്സ് പേഴ്സണുമായ ഗീതാ സുദർശനും മധുരത്തിന്റെ മികച്ച സംരംഭകർകൂടിയാണ്. ഇവർ തേനീച്ചകളെ സ്നേഹിക്കുകയും അവരുടെ ജീവിതചക്രത്തെക്കുറിച്ച് ഗഹനമായി പഠിക്കുകയും ചെയ്തവരാണ്. അപകടകാരികളെന്ന് കരുതിയ തേനീച്ചക്കൂട്ടങ്ങൾ ഇവർക്ക് ചങ്ങാതിമാരാണ്. തേനീച്ചക്കൂട് എങ്ങനെ പരിരക്ഷിക്കാം, വിളവെടുപ്പ് എങ്ങനെ നടത്താം, എന്നിവ കൂടാതെ ഈച്ചകളുടെ മനശാസ്ത്രവും ഇവർ മനസ്സിലാക്കിയിരിക്കുന്നു. തേനീച്ച കുത്തുമെന്ന ഭയമില്ലാതെ തേനീച്ചകളെ കൈകൊണ്ട് വാരിയെടുക്കുന്നതു കണ്ടാൽ ഒരു വിസ്മയവിദ്യ കാണുന്ന അമ്പരപ്പോടെ നാം സ്തബ്ധരാകുന്നു.

ജീവശാസ്ത്രപരവും തൊഴിൽപരവുമായ വൈദഗ്ദ്ധ്യം ഇവർക്ക് നേടിക്കൊടുത്തതിന്റെ പിന്നിൽ ഒരു റിസോഴ്സ് പേഴ്സന്റെ നിതാന്തപരിശ്രമമാണ്. റിട്ടയേർഡ് സ്കൂൾ പ്രിൻസിപ്പൽ എൻ.ആർ. പ്രസാദ് ആണ് ഇവരുടെ വഴികാട്ടി. വീടുവീടാന്തരം കയറിയിറങ്ങി പ്രസാദ് മാഷ് സ്ത്രീകൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. കുത്തേൽക്കാതിരിക്കാനും കുത്തേറ്റാൽ നീരുവയ്ക്കാതിരിക്കാനുമുള്ള നുറുങ്ങുവിദ്യകൾ അദ്ദേഹം പറഞ്ഞുകൊടുത്തിട്ടുണ്ട്. അതുകൊണ്ടാണ് തേനീച്ചകളുമായി ഇത്രയേറെ സഹവസിക്കാൻ മധുരം സംരംഭകർക്ക് സാധിക്കുന്നത്.

ഓരോ ഗ്രൂപ്പിലുമുള്ള അംഗങ്ങൾ സ്വന്തം വീട്ടുവളപ്പിൽത്തന്നെയാണ് തേനീച്ചകളെ വളർത്തുന്നതും ഉല്പാദനം നടത്തുന്നതും. മരങ്ങൾ തളിരിടുന്ന കാലമായതോടെ നാലു ദിവസം കൂടുമ്പോൾ വിളവെടുപ്പു നടക്കുന്നുണ്ട്. ഒരു പെട്ടിയിൽനിന്ന് ഒരു കിലോ മുതൽ മൂന്നു കിലോവരെ തേൻ ഓരോ വിളവെടുപ്പിലും കിട്ടുന്നു. ഓരോരുത്തർക്കും 10 മുതൽ 20 നിറപെട്ടികളുണ്ട്. ഓരോ ഗ്രൂപ്പിനും 2 ലക്ഷം രൂപ വായ്പ വീതം ലഭ്യമാക്കാനും 1 ലക്ഷം രൂപ വീതം സബ്സിഡിയായി അനുവദിക്കാനും കുടുംബശ്രീ ജില്ലാ മിഷനിലൂടെ സാധിച്ചിട്ടുണ്ട്. ഈച്ചകളുടെ എണ്ണം കൂടുന്നതിനനുസരിച്ച് പെട്ടികളുടെ തട്ടുകൾ കൂട്ടിക്കൂട്ടി കൊണ്ടുവരും. ഇങ്ങനെ 2500 സംരംഭകരിൽനിന്നായി ഒരു സീസണിൽ 5000 ടൺ തേൻ ഉല്പാദിപ്പിക്കാനാവുമെന്ന കണക്കുകൂട്ടൽ അക്ഷരംപ്രതി നിറവേറുന്ന കാഴ്ചയാണ് ഓരോ യൂണിറ്റിന്റെയും ഉല്പാദനത്തിൽനിന്ന് കാണാനാവുന്നത്.

ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ തുടങ്ങാൻ പദ്ധതിയിട്ട സംഭരണ-സംസ്കരണ പ്ലാന്റ് ഈ സീസണിൽ നടപ്പാക്കാനായിട്ടില്ലെന്ന വസ്തുത നിലനിൽക്കുകയാണ്. കിലോയ്ക്ക് 125 രൂപ നിരക്കിൽ ഉല്പാദകരിൽനിന്ന് തേൻ എടുക്കുമെന്ന ധാരണപ്രകാരമാണ് സമഗ്ര പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ശബരിമല സീസണിൽ തേൻസർബത്ത് വില്പന നടത്താനുള്ള ആലോചനയും നടന്നുവരുന്നു. ഉൽസവങ്ങളുടെ സീസൺ ആരംഭിക്കുന്നതോടെ തേൻ സർബത്തിന് വൻഡിമാന്റാണ് മുന്നിൽ കാണുന്നത്. തേനിൽ ആവശ്യത്തിനു വെള്ളം ചേർത്ത് ഇഞ്ചിയും നാരങ്ങയും ഏലക്കായും മിക്സ് ചെയ്തുണ്ടാക്കുന്ന സർബത്ത് സ്വാദിഷ്ഠവും ഔഷധമേന്മയുമുള്ളതാണെന്ന് കേരളീയർ മനസ്സിലാക്കിവരുന്നതേയുള്ളൂ. വേനൽക്കാലത്ത് രാസവസ്തുക്കൾ ചേർത്ത കോളകൾക്ക് ബദലായി തേൻസർബത്ത് പ്രചരിപ്പിക്കാൻ സന്നദ്ധ സംഘടനകളും വ്യക്തികളും മുന്നോട്ടു വന്നാൽ പത്തനംതിട്ടയിലെ സമഗ്ര-മധുരം സംരംഭകർക്ക് പ്രാദേശികാടിസ്ഥാനത്തിൽ തന്നെ മാർക്കറ്റുണ്ടാവുമെന്നാണ് കണക്കുകൂട്ടൽ. സംസ്കരണ പ്ലാന്റാണ് ഇപ്പോൾ ഏറ്റവും ആദ്യം ഉണ്ടാവേണ്ടതെന്ന് കൊടുമൺ സി.ഡി.എസ്. ചെയർപേഴ്സൺ വസന്തകുമാരി പറയുന്നു. ഇതിനുവേണ്ടിയുള്ള തീവ്രശ്രമത്തിലാണ് ഇപ്പോൾ കുടുംബശ്രീയും പഞ്ചായത്തും. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും നടപ്പാക്കുന്ന സംയുക്തസംരംഭത്തിന്റെ വിജയം സമഗ്ര പദ്ധതിയിലൂടെ പത്തനംതിട്ട ജില്ലയിലുള്ള 27 പഞ്ചായത്തുകൾ തെളിയിച്ചിരിക്കുകയാണ്. മാതൃകാപരമായ ഇത്തരം സംരംഭങ്ങൾ കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും വരേണ്ടതുണ്ട്. ആഗോളസാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ പ്രാദേശിക തൊഴിൽ സംരംഭങ്ങൾ വർദ്ധിച്ച പ്രാധാന്യത്തോടെ നോക്കിക്കാണേണ്ടതാണ്. ■

ലേഖിക കുടുംബശ്രീ മിഷനിൽ അസിസ്റ്റന്റ് എഡിറ്ററാണ്

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും നടപ്പാക്കുന്ന സംയുക്ത സംരംഭത്തിന്റെ വിജയം സമഗ്ര പദ്ധതിയിലൂടെ പത്തനംതിട്ട ജില്ലയിലുള്ള 27 പഞ്ചായത്തുകൾ തെളിയിച്ചിരിക്കുകയാണ്. മാതൃകാപരമായ ഇത്തരം സംരംഭങ്ങൾ കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും വരേണ്ടതുണ്ട്. ആഗോളസാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ പ്രാദേശിക തൊഴിൽ സംരംഭങ്ങൾ വർദ്ധിച്ച പ്രാധാന്യത്തോടെ നോക്കിക്കാണേണ്ടതാണ്.

വിഷു

ഒരു ദേശീയ കാർഷികോത്സവം

ഡോ. എം.എസ്. രാധാകൃഷ്ണപിള്ള

ദിനരാത്രങ്ങൾ തുല്യമായി വരുന്ന കാലത്തെയാണ് വിഷു എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. അങ്ങനെ രണ്ടു വിഷുവുണ്ട്. തുലാവിഷുവും മേടവിഷുവും. എന്നാൽ മേടവിഷുവിനാണ് പ്രാധാന്യം. കാർഷിക രാജ്യമായ ഇന്ത്യയിൽ അങ്ങോളമിങ്ങോളം പല പേരുകളിലായി കാർഷികോത്സവമായിത്തന്നെ വിഷു ആഘോഷിച്ചുവരുന്നു. അസം, ബീഹാർ എന്നിവിടങ്ങളിൽ ഇത് ബിഹു ആയും പഞ്ചാബിൽ ബൈസാഖി ആയും ബംഗാളിൽ നബ്‌വർഷമായും തമിഴ്നാട്ടിൽ പുത്താണ്ട് ആയും കേരളത്തിൽ വിഷുവായും ആചരിക്കപ്പെടുന്നു. പഴയകാലത്ത് മലയാളികൾ വർഷാരംഭം കുറിച്ചിരുന്നത് മേടം ഒന്നു മുതലായിരുന്നു. അതായത് വിഷു മുതൽ. സൂര്യൻ ഭൂമദ്ധ്യരേഖയിൽ നേർ കിഴക്ക് ഉദിക്കുന്ന വിഷു ദിവസത്തിന് ജ്യോതിശാസ്ത്ര പ്രകാരമുള്ള പ്രാധാന്യം ഉണ്ട്. മേടം ഒന്നു മുതൽ പത്തു വരെ പത്താമുദയം വരെയുള്ള സമയം ചിങ്ങം-കന്നി മാസങ്ങളിലെ വിളവെടുപ്പിനുള്ള കൃഷിയിറക്കുന്ന സമയം കൂടിയാകുന്നു.

കുംഭം-മീനമാസങ്ങളിലെ വിളവെടുപ്പിനുശേഷം കർഷകന്റെ പത്തായപ്പുരകൾ ധനധാന്യാദികളെക്കൊണ്ട് നിറയുന്നു. അവന്റെ മനസ്സ് സന്തോഷവും സംതൃപ്തിയും കൊണ്ട് നിറഞ്ഞു കഴിയുമ്പോൾ അതിലൊരംശം ദൈവത്തിന് സമർപ്പിക്കുന്നതിന്റെ പ്രതീകാത്മകതകൂടി ഈ ആഘോഷത്തിനു പിന്നിലുണ്ട് എന്ന് പറയാം. അതാണ് വിഷുക്കണിയും വിഷുക്കൈനീട്ടവും സൂചിപ്പിക്കുന്നത്. വിളവെടുപ്പ് കഴിഞ്ഞാണ് വിഷു സമാഗതമാകുന്നത് എന്നതുകൊണ്ട് പലയിനം പൂക്കളും ഫലവർഗ്ഗങ്ങളും വിഷുക്കണിയിൽ അഭിവാജ്യഘടകങ്ങളാകുന്നു. ഈ കാലത്ത് സുലഭമായ, സ്വർണ്ണവർണ്ണമുള്ള കൊന്നപ്പൂക്കൾ വിഷുക്കണിയിൽ ഒഴിച്ചുകൂടാനാവാത്ത ഒരിനമാണ്. വീട്ടിലെ ഏറ്റവും മുതിർന്ന അംഗം ഇളയവർക്കും ബന്ധുക്കൾക്കും ആശ്രിതന്മാർക്കും കൈനീട്ടം നൽകുന്നു. ഈ ചടങ്ങുകൾക്കൊന്നും മതപരമായ പരിവേഷമൊന്നുമില്ല എന്നു മാത്രമല്ല, മതേതര പ്രാധാന്യം ഉണ്ടുതാനും.

ബിഹു

കേരളത്തിൽ വേനൽക്കാലത്തിന്റെ സമാപനവും പത്താമുദയത്തോടെ കാലവർഷത്തിന്റെ തുടക്കവുമായി വിഷു എത്തുമ്പോൾ അസം ജനതയും ഋതുമാറ്റത്തെയും വർഷാരംഭത്തെയും കുറിക്കുന്ന, വിഷുവത്ത് എന്ന വാക്കിൽ നിന്നും രൂപംകൊണ്ട ബിഹു ഏപ്രിൽ 13 മുതൽ ആഘോഷിച്ചു തുടങ്ങുന്നു. പണ്ടുകാലത്ത് ബിഹു ആഘോഷം ഒരു മാസത്തോളം നീണ്ടുനിന്നിരുന്നു. ഇന്ന് ജീവിതശൈലിയിലുണ്ടായ മാറ്റം ബിഹുവിന്റെ കാലദൈർഘ്യം ഒരാഴ്ചയായി കുറച്ചിട്ടുണ്ട്. ബിഹു എന്ന പദം ബിഹു നൃത്തത്തേയും ബിഹു നാടൻ പാട്ടുകളെയും കൂടി സൂചിപ്പിക്കുന്നു. കാമഭാവങ്ങൾ ഉൾക്കൊള്ളുന്ന ബിഹുവിന്റെ നാടൻ ശീലുകൾ ഭൂമിയുടെ ശരീരത്തിൽ രാഗാത്മ ഭാവങ്ങൾ ഉണർത്തുകയും അത് ഒരു നല്ല വിളവെടുപ്പിലേക്ക് ലയിക്കുകയും ചെയ്യുമെന്നാണ് കർഷകരുടെ വിശ്വാസം. ആയുരാരോഗ്യ സൗഖ്യത്തിനുവേണ്ടി ഈ നാടൻ ഭക്തിഗാനങ്ങൾ ആലപിച്ചും അതിനുസരിച്ച് നൃത്തം ചെയ്തും കർഷകർ ഹിന്ദുക്കളുടെ കറുത്ത ദൈവത്തെ-കൃഷ്ണനെ- പ്രീതിപ്പെടുത്തുന്നു. അസം ജനത രംഗാലി ബിഹു, കോംഗലി ബിഹു, ഭോഗലി ബിഹു എന്നീ മൂന്ന് ബിഹുക്കൾ ആഘോഷിക്കുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഏപ്രിൽ മാസത്തിൽ ആഘോഷിക്കുന്ന രംഗാലി അഥവാ ബൊഹാഗ് ബിഹുവാണ്. ഇത് അവരെ സംബന്ധിച്ച് വസന്താഗമനത്തെ സൂചിപ്പിക്കുന്ന ആഘോഷംകൂടിയാണ്. ഈ നാളുകളിൽ കർഷകർ കൃഷിഭൂമി കൃഷിയിറക്കുവാനായി ഒരുക്കിയെടുക്കുവാൻ തുടങ്ങുകയും ചെയ്യുന്നു. സ്ത്രീകൾ ഈ അവസരത്തിൽ അരിയും നാളികേരവും ചേർത്ത് പീത എന്ന വിശിഷ്ടഭോജനം തയ്യാറാക്കുന്നു. ബിഹുവിന്റെ ആദ്യദിവസം ഗൊരു (കന്നുകാലി) ബിഹു ആയി ആചരിക്കുന്നു. ഈ ദിവസം കന്നുകാലികളെ കുളിപ്പിച്ചൊരുക്കി ആരാധിക്കുന്നു. ഇത് പോയവർഷത്തിന്റെ അവസാനദിവസമാണ്. ഇതിന്റെ തുടർച്ചയായി മനുഷ്യ ബിഹു. ജനങ്ങൾ നദിയിലോ കുളങ്ങളിലോ തേച്ച് കുളിച്ച് കുടുംബാംഗങ്ങളോടൊപ്പം മധുരപലഹാരങ്ങൾ കഴിക്കുന്നു. പിന്നീട് ബന്ധുമിത്രാദികളെ സന്ദർശിക്കുന്നു. മൂന്നാം ദിവസം കുലദൈവങ്ങൾക്കുള്ളതാണ്. അടുത്ത ദിവസം കൃഷി ഉപകരണങ്ങൾക്കുള്ളതാണ്. ആറാം ദിവസം വീട്ടിലെ വളർത്തു മൃഗങ്ങൾക്കു വേണ്ടിയുള്ളതും. ഏഴാം ദിവസം ബിഹുവിന് യാത്രമൊഴി നൽകുന്നു. ബിഹു-വിഷു ആചാരങ്ങൾ തമ്മിൽ വളരെയധികം സമാനതകൾ നമുക്കിവിടെ ദർശിക്കാൻ കഴിയും. രണ്ടിന്റേയും ആന്തരികപൊരുളും ഏതാണ്ടൊന്നു തന്നെയാണുതാനും.

വൈശാഖി (ബൈസാഖി)

ബൈസാഖി സിഖ്കാരുടെ വളരെ പ്രധാനപ്പെട്ട കാർഷികോത്സവമാണ്. പഞ്ചാബിൽ മാത്രമല്ല ലോകമെമ്പാടും സിഖ് സമൂഹത്തിൽ ഇത് ആഘോഷപൂർവ്വം കൊണ്ടാടുകയാണ്. റാബി വിളവെടുപ്പിനുശേഷം ഭാംഗഡ, ഗിഡ്ഡ നൃത്തങ്ങളുടെ അകമ്പടിയോടെ ആഘോഷിക്കപ്പെടുന്നു. സിഖ് കലണ്ടർ പ്രകാരം വൈശാഖമാസത്തിലെ (ഏപ്രിൽ-മേയ്) ഒന്നാം തീയതിയാണ് ബൈസാഖി വരുന്നത്. നാനക് ഷാഹി കലണ്ടർ അനുസരിച്ച് വൈശാഖി, സൂര്യൻ മീനം രാശിയിൽനിന്ന് മേടം രാശിയിലേക്ക് പ്രവേശിക്കുന്ന വൈശാഖമാസത്തിലെ ഒന്നാം തീയതിയാണ് വരുന്നത്. വൈശാഖി കണക്കാക്കുന്നത് സൗരവർഷപ്രകാരമാണ്; ചാന്ദ്രവർഷപ്രകാരം അല്ല. ഇത് സാധാരണയായി ഏപ്രിൽ 13നാണ് വരിക. എന്നാൽ 36 വർഷം കൂടുമ്പോൾ ഏപ്രിൽ 14നാണ് വൈശാഖി വരിക. പ്രധാന ചടങ്ങുകൾ എല്ലാം ഗുരുദ്വാരകളിലാണ് നടക്കുന്നത്. ജനങ്ങൾ വളരെ നേരത്തെ ഉണർന്ന് പുണ്യനദികളിൽ സ്നാനം ചെയ്ത് ഗുരുദ്വാരകളിൽ പോയി പ്രാർത്ഥന നടത്തുകയും ബന്ധുമിത്രാദികളെ സന്ദർശിക്കുകയും ചെയ്യുന്നു.

1699ൽ വൈശാഖി ദിവസം പത്താമത് സിഖ്ഗുരു ഗുരുഗോവിന്ദസിംഗ് പംഥ് ഖാൽസാ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് വൈശാഖിക്ക് മതപരമായ ഒരു പരിവേഷമുണ്ട്. എന്നാൽ വൈശാഖി ഒരു കൃഷി മഹോത്സവം കൂടി ആയതുകൊണ്ട് സിഖുകാർ മാത്രമല്ല ഹിന്ദുക്കളും ബൗദ്ധന്മാരും ഉൾപ്പെടെ എല്ലാ ജാതിമതസ്ഥരും ഇത് ആഘോഷപൂർവ്വം കൊണ്ടാടുന്നു.

കാർഷികരാജ്യമായ ഇന്ത്യയിൽ വിഷുവും ബിഹുവും ബൈശാഖിയും നബവർഷവും, തമിഴ് പുത്താണ്ടും എല്ലാം കാലത്തിലും സമൃദ്ധമായ വിളവെടുപ്പ് ലഭിക്കണമെന്ന പ്രാർത്ഥനയോടുകൂടി കൃതജ്ഞതാപുരസ്സരം പ്രകൃതി അഥവാ ദൈവത്തിന് അർപ്പിക്കുന്ന കർഷകന്റെ സമർപ്പണമാണെന്ന് പറയാം. ■

കേരളത്തിൽ വേനൽക്കാലത്തിന്റെ സമാപനവും പത്താമുദയത്തോടെ കാലവർഷത്തിന്റെ തുടക്കവുമായി വിഷു എത്തുമ്പോൾ അസം ജനതയും ഋതുമാറ്റത്തെയും വർഷാരംഭത്തെയും കുറിക്കുന്ന, വിഷുവത്ത് എന്ന വാക്കിൽ നിന്നും രൂപംകൊണ്ട ബിഹു ഏപ്രിൽ 13 മുതൽ ആഘോഷിച്ചു തുടങ്ങുന്നു.

ലേഖന പരമ്പര – 16

തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ



റോയ് ചാക്കോ ഇളമണ്ണൂർ

കന്യാകുമാരി ജില്ലയിലെ 33 ഗ്രാമങ്ങളിലെ രണ്ട് ലക്ഷത്തോളം ജനങ്ങളെയാണ് സുനാമി ദുരിതം ബാധിച്ചത്. 31000 വീടുകൾക്ക് നാശനഷ്ടമുണ്ടായി. 3326 കന്നുകാലികൾ കൊല്ലപ്പെട്ടു. 329 മനുഷ്യർക്ക് മുറിവേൽക്കപ്പെട്ടു. 46280 ജനങ്ങളെ ഒഴിപ്പിച്ചു. പതിനൊന്നായിരത്തോളം ബോട്ടുകൾക്കും വള്ളങ്ങൾക്കും കേടുപാടുകളുണ്ടായി. ദുരന്തങ്ങൾ ഇങ്ങനെ തുടരുന്നു.

തമിഴ്നാട്ടിലെ എന്റെ ഔദ്യോഗിക ജീവിതത്തിനിടയിൽ കണ്ട വലിയൊരു ദേശീയ പ്രകൃതി ദുരന്തമായിരുന്നു 2004 ഡിസംബർ 26 ന് ആഞ്ഞടിച്ച സുനാമിക്കു ശേഷമുള്ള കാഴ്ചകൾ. അന്നുമുതൽ ഒന്നര മാസക്കാലം കന്യാകുമാരി ജില്ലയിലെ സുനാമി ദുരന്തങ്ങളെപ്പറ്റിയും ദുരിതാശ്വാസ പ്രവർത്തനങ്ങളെക്കുറിച്ചും റിപ്പോർട്ടു ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് എന്നെ ചുമതലപ്പെടുത്തി. 15 വർഷങ്ങൾക്കു മുൻപ് ഒരു ദിനപത്രത്തിൽ റിപ്പോർട്ടറായി ജോലി ചെയ്തിട്ട് പിന്നീട് ഈ ചുമതല ആദ്യമായി ലഭിക്കുകയായിരുന്നു. എന്നാൽ ദിനപത്രങ്ങൾക്കോ ദൂരദർശനോ റേഡിയോയ്ക്കോ വേണ്ടിയൊന്നുമല്ലായിരുന്നു എന്റെ റിപ്പോർട്ടിംഗ്. എന്നിരുന്നാലും അപ്പോഴപ്പോഴുള്ള കാര്യങ്ങൾ അറിയിച്ചുകൊണ്ടിരിക്കണം എന്നതിനാൽ വളരെ ഉത്തരവാദിത്വത്തോടെ മുപ്പതുനാൾ തുടർച്ചയായി സുനാമി ബാധിതദുരന്തപ്രദേശങ്ങളിൽ കണ്ട കാഴ്ചകളും പുനരധിവാസപ്രവർത്തനങ്ങളെക്കുറിച്ചും ഞാനെഴുതി ഫാക്സ് ചെയ്തുകൊണ്ടിരുന്നു. ഡിസംബർ 27 മുതൽ അതായത് സുനാമിയുടെ പിറ്റേദിവസം മുതൽ ഒന്നരമാസത്തോളം ഞങ്ങൾ നാലുപേർ കന്യാകുമാരി ജില്ലയുടെ ആസ്ഥാനമായ നാഗർകോവിലിൽ ക്യാമ്പ് ചെയ്തു. ഫീൽഡ് പബ്ളിസിറ്റി അസിസ്റ്റന്റ്, ഡ്രൈവർ, പ്യൂൺ എന്നിവരാണ് ഒപ്പമുണ്ടായിരുന്നത്. ഞങ്ങൾ അവിടെ കണ്ട ദാരുണമായ, ഭയാനകമായ, ഞെട്ടിപ്പിക്കുന്ന കാഴ്ചകൾ ആരുടെ മനസിലും ഒരിക്കലും മായുമെന്ന് തോന്നുന്നില്ല.

കടലിൽ ഭൂകമ്പമുണ്ടാകുമ്പോൾ കടൽ അതീവശക്തിയോടെ കരയിലേയ്ക്ക് ആഞ്ഞടിക്കുന്ന ഒരു വൻ പ്രകൃതിക്ഷോഭമാണ് സുനാമി. ഇതു വായിക്കുന്നവർക്ക് അതിന്റെ തീവ്രത എന്തെന്ന് ശരിക്കും മനസ്സിലാക്കാൻ പറ്റുമോ എന്ന് എനിക്കറിയില്ല. ഈ ദേശീയ ദുരന്തവും പ്രകൃതിയിൽ അതാഞ്ഞടിച്ചപ്പോഴുണ്ടായ മരണങ്ങളും കെടുതികളും മനുഷ്യർ കണ്ടിരിക്കേണ്ടതു തന്നെയായിരുന്നു. ജീവിതത്തിൽ വലിയൊരു അനുഭവമാണ് അന്ന് ആ കാഴ്ച കാണാൻ സാധിക്കാത്തവർക്ക് നഷ്ടമായത്. കടൽ ശക്തിയോടെ കരയിലേയ്ക്കു കയറിയാൽ എന്താണ് സംഭവിക്കുന്നതെന്ന് നേരിൽ കണ്ട് മനസിലാക്കുവാൻ അന്ന് കന്യാകുമാരി ജില്ലയുടെ തീരപ്രദേശങ്ങളിൽ പോയവർക്ക് സാധിച്ചു. കേരളത്തിലും സുനാമി ദുരന്തമുണ്ടായെങ്കിലും തമിഴ്നാട്ടിലുണ്ടായതിന്റെയത്ര കെടുതികൾ ഇവിടെയുണ്ടായില്ല. ജീവിതത്തിലൊരിക്കലും ഇനിയും ഉണ്ടാകരുതേ എന്ന് എല്ലാ മനുഷ്യരും പ്രാർത്ഥിക്കുന്ന, നൂറ്റാണ്ടുകളിൽ ഒരിക്കൽ ഒരുപക്ഷേ സംഭവിക്കുന്ന സുനാമി കന്യാകുമാരി ജില്ലയിലെ ചില ഗ്രാമങ്ങളെ ഉന്മൂലനം ചെയ്തതിനെ തുടർന്നുള്ള കാഴ്ചകൾ ഹൃദയഭേദക മായിരുന്നു.

കടൽത്തീരത്തുനിന്നും ഒരു കിലോമീറ്ററോളം അകലെ കരയിൽ നിർമ്മിച്ചിരിക്കുന്ന കോൺക്രീറ്റ് കെട്ടിടങ്ങളെല്ലാം സുനാമിയുടെ ശക്തിയിൽ പല കഷ്ണങ്ങളായി ചിന്നിച്ചിതറിക്കിടക്കുന്ന കാഴ്ച ഞാനവിടെ കണ്ടു. കടൽത്തീരത്ത് വീടുനിന്നിടത്ത് കടലിൽ കിടന്ന ബോട്ട് വന്ന് തകർന്നുകിടക്കുന്നു. വീടിന്റെ അടിത്തറപോലും കാണാനില്ല. കടൽത്തീരത്തിന് സമീപമുള്ള മെയിൻ റോഡിൽ കോടികൾ ചെലവഴിച്ചു നിർമ്മിച്ച വലിയ പാലം അത് സ്ഥിതിചെയ്തിരുന്നിടത്തുനിന്നും ദൂരത്ത് പറന്നു പോയിക്കിടക്കുന്ന കാഴ്ച സുനാമിയുടെ ശക്തി എത്രയെന്ന് പ്രകടമാക്കുന്നു. വലിയ തെങ്ങുകളുടെ മുകൾവശം മുഴുവനും കടലിലെ ചെളി നിറഞ്ഞുനില്ക്കുന്ന അവസ്ഥ സുനാമി ത്തിരമാലകൾ എത്ര ഉയരത്തിലാണ് കരയിൽ ആഞ്ഞടിച്ചതെന്ന് വ്യക്തമാക്കുന്നു. കടൽത്തീരത്തുനിന്നും അരകിലോമീറ്റർ അകലത്തിൽ നിന്ന തെങ്ങുകളുടെ മുകളിലാണ് ചെളിയും കടലിലെ അവശിഷ്ടങ്ങളും കാണുന്നത്. കടൽത്തീരത്തെ തെങ്ങുകളെല്ലാം അടിവേരോടെ അപ്രത്യക്ഷമായിരിക്കുന്നു. അവിടെക്കണ്ട കാഴ്ചകളുടെ ദുരന്തവ്യാപ്തി എഴുതി പ്രതിഫലിപ്പിക്കുക പ്രയാസമാണ്.

2005 ജനുവരി 6-ാം തീയതി കന്യാ

കടൽത്തീരത്തിന് സമീപമുള്ള മെയിൻ റോഡിൽ കോടികൾ ചെലവഴിച്ചു നിർമ്മിച്ച വലിയ പാലം അത് സ്ഥിതിചെയ്തിരുന്നിടത്തു നിന്നും ദൂരത്ത് പറന്നുപോയി കിടക്കുന്ന കാഴ്ച സുനാമിയുടെ ശക്തി എത്രയെന്ന് പ്രകടമാക്കുന്നു.

കുമാരി ജില്ലയിലെ കളക്ടർ മാധ്യമപ്രവർത്തകർക്കു നൽകിയ കണക്കുപ്രകാരം ജില്ലയിൽ സുനാമി ദുരന്തത്തിൽ 821 പേർക്കാണ് ജീവഹാനി ഉണ്ടായത്. ഇതിൽ 344 കുട്ടികളും ഉൾപ്പെടുന്നു. 773 പേരുടെ മൃതശരീരങ്ങൾ തിരിച്ചറിയുകയും അടക്കം ചെയ്യുകയും ചെയ്തു. 48 പേരുടെ മൃതദേഹങ്ങൾ തിരിച്ചറിയാൻ വയ്യാത്തതുകൊണ്ട് മോർച്ചറിയിൽ സൂക്ഷിച്ചു. കന്യാകുമാരി ജില്ലയിലെ 33 ഗ്രാമങ്ങളിലെ രണ്ട് ലക്ഷത്തോളം ജനങ്ങളെയാണ് ഈ ദുരിതം ബാധിച്ചത്. 31000 വീടുകൾക്ക് നാശനഷ്ടമുണ്ടായി. 3326 കന്നുകാലികൾ കൊല്ലപ്പെട്ടു. 329 മനുഷ്യർക്ക് മുറിവേൽക്കപ്പെട്ടു. 46280 ജനങ്ങളെ ഒഴിപ്പിച്ചു. പതിനൊന്നായിരത്തോളം ബോട്ടുകൾക്കും വള്ളങ്ങൾക്കും കേടുപാടുകളുണ്ടായി. ദുരന്തങ്ങൾ ഇങ്ങനെ തുടരുന്നു. ■

(തുടരും)

ലേഖകൻ തമിഴ്നാട്ടിൽ ഫീൽഡ് പബ്ലിസിറ്റി ആഫീസറായിരുന്നു. ഇപ്പോൾ തിരുവനന്തപുരം ആകാശവാണിയിൽ ന്യൂസ് എഡിറ്ററാണ്

വാർത്തകളും വിശേഷങ്ങളും

കൂറുമാറ്റം: പഞ്ചായത്ത് പ്രസിഡന്റിനും വൈസ് പ്രസിഡന്റിനും അയോഗ്യത

കൂറുമാറ്റ നിയമം ലംഘിച്ചതിന് തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം ഗ്രാമപഞ്ചായത്ത് പ്രസിഡന്റും വൈസ് പ്രസിഡന്റും ഉൾപ്പെടെ മൂന്നംഗങ്ങളെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ പി. കമാൽകുട്ടി അയോഗ്യരാക്കി. മുൻ പഞ്ചായത്ത് പ്രസിഡന്റ് അസുമ്ധാമോഹൻ നൽകിയ ഹർജിയിലാണ് പ്രസിഡന്റ് ലത സുഗതൻ, വൈസ് പ്രസിഡന്റ് ജി. വിത്സൺ, അംഗം എസ്.ആർ. ശിവരാജ് എന്നിവരെ അയോഗ്യരാക്കിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന പൊതു തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കിട്ടിയ എൽ.ഡി.എഫ്, സി.പി.ഐ എമ്മിലെ അസുന്ധാ മോഹനെ പ്രസിഡന്റാക്കി. സി.പി.എം ടിക്കറ്റിൽ ജയിച്ച ലതാസുഗതൻ, ശിവരാജ്, വിത്സൺ എന്നിവർ, കഴിഞ്ഞ ആഗസ്റ്റിൽ നടന്ന അവിശ്വാസ പ്രമേയ വോട്ടെടുപ്പിൽ യു.ഡി.എഫിനൊപ്പം ചേർന്ന് പ്രസിഡന്റിനെതിരെ വോട്ടു ചെയ്തു. അവിശ്വാസ പ്രമേയം പാസായതിനെത്തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ ലതാസുഗതനും, വിത്സനും യു.ഡി.എഫ് പിന്തുണയോടെ പ്രസിഡന്റും വൈസ് പ്രസിഡന്റുമായി . സി.പി.എം സ്ഥാനാർത്ഥികളായി ജയിച്ചശേഷം എതിർപക്ഷത്തോടൊപ്പം ചേർന്ന് വോട്ടുചെയ്യുകയും അവരുടെ പിന്തുണയോടെ അധികാര സ്ഥാനങ്ങളിലെത്തുകയും ചെയ്ത നടപടി കൂറുമാറ്റമാണെന്ന് വിലയിരുത്തിയാണ് മൂന്നുപേരേയും കമ്മീഷണർ അയോഗ്യരാക്കിയത്.

കേന്ദ്രാവിഷ്കൃത പദ്ധതി : പുതിയ പ്രവൃത്തി പാടില്ല

തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനാൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ മുൻകൂർ അനുമതിയോടെ മാത്രമേ താഴെപ്പറയുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുകീഴിൽ കൂടുതൽ പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടുള്ളുവെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. ആക്സലറേറ്റഡ് ഇറിഗേഷൻ ബെനഫിറ്റ്സ് പ്രോഗ്രാം (AIBP), നാഷണൽ സോഷ്യൽ അസിസ്റ്റന്റ്സ് പ്രോഗ്രാം (NSAP), ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിനീവൽ മിഷൻ (JNNURM), നഗര ഗതാഗതത്തിന് ബസ് വാങ്ങുന്നതുൾപ്പെടെ, ആക്സലറേറ്റഡ് പവർ ആന്റ് ഡവലപ്മെന്റ് റിഫോം പ്രോഗ്രാം (APDRP), ഇന്ദിര ആവാസ് യോജന (IAY), സ്വർണ്ണ ജയന്തി ഗ്രാം സ്വരോജ്ഗർ യോജന (SGSY), സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗർ യോജന (SGRY), പ്രധാനമന്ത്രി ഗ്രാം സഠക് യോജന (PMGSY), ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് സ്കീം (TUFS), നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗാരന്റി ആക്ട് (NREGA), എച്ച്.യു.പി.എയുടെ ഭവന പദ്ധതി.

മൊബൈൽ ടവ്വർ നിർമ്മാണം : പെർമിറ്റിന് മാർഗ്ഗനിർദ്ദേശം

മൊബൈൽ ടവ്വറുകളുടെ നിർമ്മാണത്തിന് കെട്ടിട നിർമ്മാണചട്ടം അനുശാസിക്കുന്ന സമയപരിധിയായ 30 ദിവസത്തിനുള്ളിൽ അനുമതി നൽകണമെന്ന് നിർദ്ദേശിച്ച് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു. ഒരു മാസത്തിലധികം കാലതാമസം വന്നിട്ടുള്ള അപേക്ഷകളിന്മേൽ ഏഴു ദിവസത്തിനുള്ളിൽ അന്തിമനടപടി സ്വീകരിക്കണം. അപേക്ഷ നിരസിക്കുകയാണെങ്കിൽ അതിന്റെ കാരണം രേഖാമൂലം അപേക്ഷകനെ അറിയിക്കണം. നിർമ്മാണം നടക്കുന്ന സമയത്ത് പരാതിലഭിച്ചാൽ നിർമ്മാണത്തിൽ അപകടസാദ്ധ്യതയോ നിയമലംഘനമോ ഉണ്ടെങ്കിൽ സെക്രട്ടറി പരാതികളിന്മേൽ പെർമിറ്റ് നൽകേണ്ട കാലയളവിൽത്തന്നെ പരിഹാരം കാണണം. ചട്ടപ്രകാരം നിർമ്മാണം പൂർത്തിയായ ടവ്വറുകൾക്ക് 15 ദിവസത്തിനകം പരിശോധിച്ച് നമ്പർ നൽകണം.

രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന/സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി: രജിസ്ട്രേഷനും സ്മാർട്ട് കാർഡ് വിതരണവും പുനരാരംഭിക്കും

രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന/സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ രജിസ്ട്രേഷനും സ്മാർട്ട് കാർഡ് വിതരണവും പുനരാരംഭിക്കാൻ കേന്ദ്രതെരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചു. ലോക്സഭാ തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ച സാഹചര്യത്തിൽ ഈ പദ്ധതിയുടെ പ്രവർത്തനം നിർത്തി വയ്ക്കാൻ തീരുമാനിച്ചിരുന്നു. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ മുമ്പിൽ കേന്ദ്ര തൊഴിൽ വകുപ്പ് സമർപ്പിച്ച അഭ്യർത്ഥനയുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി കേരളത്തിൽ 14 ജില്ലകളിലും നടപ്പാക്കുകയാണ്. ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി ആർ.എസ്.ബി.വൈ. സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായി നടപ്പാക്കുന്ന ഏക സംസ്ഥാനം കേരളമാണ്.

ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച പരമ്പര
ആകാശവാണിയിൽ വയലും വീടും പരിപാടിയിൽ
എല്ലാ ബുധനാഴ്ചകളിലും വൈകുന്നേരം 6.50ന്

Edited and Published by Dr. V.M. Gopala Menon, IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033 and Printed at Gramalakshmi Mudralayam, Kanjikode, Palakkad

ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി

പഞ്ചായത്ത്‌രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

പരസ്യ നിരക്ക്

		തുക (രൂപയിൽ)
കവർ (അവസാനപുറം) കളർ	:	12000/-
കവർ (ഉൾവശം) കളർ	:	10000/-
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	:	8000/-
മറ്റു പേജുകൾ (കളർ)	:	8000/-
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	:	6000/-
അര പേജ് (കളർ)	:	5000/-
അര പേജ് (ബ്ലാക്ക് & വൈറ്റ്)	:	3000/-

വാർഷിക വരിസംഖ്യ : 120 രൂപ
ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033